# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ഫെബ്രുവരി 2016 വാല്യം 42 ലക്കം 11 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 16 വില 5.00 രൂപ


# കേരളത്തിലെ രാഷ്ട്രീയ യാത്രകളും കേരളത്തിലെ ജനങ്ങളുടെ രാഷ്ട്രീയ ആവശ്യകതകളും

**പണ്ട് രാജാക്കൻമാർ സ്ഥാനാരോഹണത്തിനുശേഷം അശ്വമേധങ്ങളും ജൈത്രയാത്രകളുമൊക്കെ നടത്തിയിരുന്നു. അഭിനവരാജാക്കൻമാർ സ്ഥാനാരോഹണത്തിന് മുന്നോടിയായാണ് യാത്രകൾ നടത്തുന്നത്. കേരളമെന്ന കൊച്ചു സംസ്ഥാനത്തെ നാലുകോടിയോളം വരുന്ന ജനങ്ങൾക്കുമേലുള്ള അധികാരസ്ഥാപനത്തിന്റെ വിളംബരമാണ് യാത്രകളിലൂടെ നിർവ്വഹിക്കപ്പെടുന്നത്. ചക്രവർത്തിമാർ, രാജാക്കൻമാർ, സാമന്തൻമാർ തുടങ്ങി പല ഗ്രേഡിലുള്ളവർ ഇതിനായി ഇറങ്ങിത്തിരിച്ചിട്ടുണ്ട്. യാഗാശ്വത്തെ പിടിച്ചുകെട്ടാൻ ജനങ്ങൾ ഇനിയും പ്രാപ്തരായിട്ടില്ലെങ്കിലും രാജവംശങ്ങൾ തമ്മിലുള്ള പൊരിഞ്ഞപോരും പരസ്പരം കെണിയിൽ പെടുത്താനുള്ള ശ്രമങ്ങളും തകൃതിയായി നടക്കുന്നുണ്ട്. പ്രജാക്ഷേമം വാഗ്ദാനം ചെയ്ത് കിരീടധാരണത്തിലേക്കുള്ള പാത സുഗമമാക്കുക എന്ന രീതിയാണ് എല്ലാവരും സ്വീകരിച്ചിരിക്കുന്നത്.**

**ജ**നദ്രോഹം, വർഗ്ഗീയത, അക്രമം, അഴിമതി, ലഹരി, ആത്മഹത്യ തുടങ്ങി അറിയപ്പെടുന്ന എല്ലാ തിന്മകളിൽനിന്നും മുക്തമായ ശോഭനമായ ജീവിതം എല്ലാവരും വാഗ്ദാനം ചെയ്യുന്നുണ്ട്. വികസനം, പുരോഗതി, സഹിഷ്ണുത, സർഗ്ഗാത്മകത, സമൃദ്ധി, യശസ്സ്, സൗഹൃദം, സമത്വം, സമന്വയം, സാമൂഹ്യനീതി തുടങ്ങി സർവ്വമാന നന്മകളുടെയും കേളീരംഗമായിരിക്കും ഭാവികേരളം എന്ന് യാത്രകളുടെ മുദ്രാവാക്യങ്ങളിലേയ്ക്ക് ഒന്ന് കണ്ണോടിച്ചാൽത്തന്നെ തോന്നിപ്പോകും. മുദ്രാവാക്യങ്ങളിലെ സമാനത ജനങ്ങളിൽ അല്പം ആശയക്കുഴപ്പമുണ്ടാക്കി എന്നതുനേരാണ്. എന്നാൽ യാത്രകളിലെ പ്രസംഗങ്ങളിൽനിന്ന് ഒരേകദേശ ചിത്രം ജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. സ്വീകരണസ്ഥലങ്ങളിൽ വലിയ ആൾക്ഷാമമൊന്നും അനുഭവപ്പെടുന്നില്ലെങ്കിലും അധികാരക്കസേര ലാക്കാക്കിയുള്ള ഈ യാത്രകൾക്ക് ജീവിതപ്രശ്നങ്ങളുമായി യാതൊരു ബന്ധവുമില്ല എന്നതിനാൽ ജനങ്ങളെ സംബന്ധിച്ചിടത്തോളം അത് അവരുടെ ജീവിതത്തിൽ ഗുണപരമായ ഒരു ഫലവും ഉളവാക്കുന്നില്ല. തീർത്തും വിഫലം.

എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനാണ് ആദ്യം അശ്വമേധത്തിനിറങ്ങിയത്. നായാടി മുതൽ നമ്പൂതിരി വരെയുള്ളവരെ ഒന്നിപ്പിച്ച് അതിന്റെ നേതൃസ്ഥാനത്തുനിന്ന് കസേര പിടിക്കാം എന്നതായിരുന്നു കണക്കുകൂട്ടൽ. ഹിന്ദുത്വ അജണ്ടയുമായി ഭൂരിപക്ഷ വിഭാഗങ്ങളുടെ പിന്തുണ ഉറപ്പാക്കി കേന്ദ്രത്തിൽ ബിജെപി അധികാരം പിടിച്ചെടുത്തതിൽ നിന്നാണ് ഇങ്ങനെയൊരു തന്ത്രം കേരളത്തിലാവിഷ്കരിച്ചാൽ ചുളുവിൽ മുഖ്യമന്ത്രിയാകാമല്ലോ എന്ന തോന്നൽ അദ്ദേഹത്തിനുണ്ടായത്. ഈ ഉദ്ദേശത്തോടെ പ്രബല വിഭാഗമായ നായർ സമുദായത്തെയാണ് ആദ്യമായി സമീപിച്ചത്. അത് ഫലം കാണാതെ വന്നപ്പോൾ അവശേഷിക്കുന്നവരുടെ ഐക്യം എന്നതായി ലക്ഷ്യം. അടുത്ത പ്രബലർ പുലയർ മഹാസഭയാണ്. അവരിൽനിന്നും ചെറിയൊരു

*(ശേഷം 2-ാം പേജിൽ)*

## പ്രെട്രോളിയം വിലക്കയറ്റത്തിനും റെയിൽവേ ചാർജ്ജ് വർദ്ധനവിനുമെതിരെ പ്രക്ഷോഭപരിപാടികൾ

**ലോ**കവിപണിയിലെ ക്രൂഡ് ഓയിലിന്റെ വിലയിടിവിന് ആനുപാതികമായി പെട്രോൾ, ഡീസൽ, പാചകവാതക വിലകൾ കുറയ്ക്കാത്തതിലും ഭീമമായ റെയിൽവേ ചാർജ്ജ് വർദ്ധനയിലും പ്രതിഷേധിച്ച് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ ആഭിമുഖ്യത്തിൽ ജനുവരി 10 മുതൽ 16 വരെ പ്രതിഷേധ വാരം ആചരിച്ചു. വിവിധ ജില്ലകളിൽ കേന്ദ്ര സർക്കാർ ഓഫീസുകളിലേയ്ക്ക് പ്രതിഷേധ മാർച്ചും ധർണ്ണയും മറ്റും സംഘടിപ്പിക്കപ്പെട്ടു.

അന്താരാഷ്ട്ര വിപണിയിൽ ക്രൂഡോയിൽ വില വൻതോതിൽ താഴോട്ടു പോകുമ്പോൾ, യാതൊരു മനഃക്ലേശവുമില്ലാതെ ജനങ്ങളെ കൊള്ളയടിച്ച് കേന്ദ്രസർക്കാരും പൊതു-സ്വകാര്യമേഖലകളിലെ എണ്ണക്കമ്പനികളും സാമ്പത്തിക നേട്ടമുണ്ടാക്കുകയാണ്. ക്രൂഡ് ഓയിലിന്റെ വില ബാരലിന് 147 ഡോളർ ആയിരുന്നത് ഇപ്പോൾ 26 ഡോളറായി കുറഞ്ഞിരിക്കുന്നു. അന്താരാഷ്ട്ര വിപണിയിൽ നേരിയ വിലവർദ്ധനവുണ്ടാകുമ്പോൾ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വൻതോതിൽ വർദ്ധിപ്പിക്കുന്ന സമ്പ്രദായമാണ് ഭരണാധികാരികൾ അനുവർത്തിച്ചിരുന്നത്. എണ്ണക്കമ്പനികൾ നേരിയ വിലക്കുറവ് വരുത്തുമ്പോൾ തീരുവകൾ വർദ്ധിപ്പിച്ച് സർക്കാർ അതുപോലും കൊള്ളയടിക്കുന്നു. അസംസ്കൃത എണ്ണയുടെ വില, റിഫൈനിംഗ് ചാർജ്, പെട്രോളിയം കമ്പനികളുടെ കൊള്ളലാഭം, വിതരണക്കാരുടെ കമ്മീഷൻ എന്നിവയെല്ലാം ചേർന്നുള്ള പെട്രോളിന്റെ ഇന്നത്തെ യഥാർത്ഥവില ലിറ്ററിന് 28 രൂപ മാത്രമാണ്. വിപണിവില 63 രൂപയും. 35 രൂപ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നികുതിയാണ്. ഉൽപ്പന്നത്തിന്റെ വിലയേക്കാൾ അധികമാണ് നികുതി. പാകിസ്ഥാൻ, ശ്രീലങ്കയടക്കമുള്ള രാജ്യങ്ങളിൽപ്പോലും പെട്രോൾ വില ഇന്ത്യയേക്കാൾ കുറവാണ്. വളരെ കുറഞ്ഞവിലയ്ക്ക് ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്ത് ചുരുങ്ങിയ ചെലവിൽ ഇന്ത്യയിൽ ശുദ്ധീകരിച്ച് വൻവിലയ്ക്ക് വില്പന നടത്തുന്ന റിലയൻസു പോലുള്ള കമ്പനികൾ ഇന്ന് ലാഭം കുന്നുകൂട്ടുകയാണ്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുറച്ചാൽ അതുവഴി ചരക്കു കടത്തുകൂലിയും യാത്രക്കൂലിയും നിത്യോപയോഗ സാധനവിലയും കുറച്ച് ജനങ്ങൾക്ക് ആശ്വാസം നല്കാമെന്നിരിക്കെയാണ് കേന്ദ്രസർക്കാർ ഈ കഴുത്തറുപ്പൻ നിലപാട് സ്വീകരിച്ചിരിക്കുന്നത്. ബിജെപി

*(ശേഷം 8-ാം പേജിൽ)*




പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുറയ്ക്കണമെന്നാവശ്യപ്പെട്ട് കോഴിക്കോട് നഗരത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) നടത്തിയ പ്രതിഷേധ പ്രകടനം



### ഡോക്ടർ എൻ.എ.കരീമിന് ആദരാഞ്ജലികൾ

**ജീ**വിതത്തിലുടനീളം പുരോഗമന ജനമുന്നേറ്റങ്ങളുടെ തലപ്പത്ത് നിലകൊണ്ട പ്രമുഖ ഇടതുപക്ഷ ചിന്തകനും വിദ്യാഭ്യാസ വിചക്ഷണനുമായ ഡോ. എൻ.എ. കരീം 2016 ഫെബ്രുവരി 4-ാം തീയ്യതി തിരുവനന്തപുരത്ത് അന്തരിച്ചു. 90 വയസ്സ് തികയാനിരിക്കെയാണ് ഡോ.കരീമിന്റെ നിര്യാണമെങ്കിലും ജനാധിപത്യ കേരളത്തിന് അതൊരു തീരാനഷ്ടമാണ്.

വിശ്രമരഹിതമായി പൊതുപ്രവർത്തന രംഗത്ത് അദ്ദേഹം നിലകൊണ്ടു. അനീതിക്കെതിരെ ന്യായത്തിന്റെ ഭാഗത്ത് തത്വദീക്ഷ പുലർത്തിക്കൊണ്ട് വിട്ടുവീഴ്ചയില്ലാതെ നിലകൊള്ളുന്ന പോരാളിയായിരുന്നു അദ്ദേഹം. കഷ്ടപ്പെടുന്നവരോടുള്ള ആഭിമുഖ്യമാണ് അദ്ദേഹത്തിന്റെ ന്യായാന്യായ ബോധത്തെ നിർണ്ണയിച്ചത്. അധികാര ശക്തികളുടെ ജനവിരുദ്ധപ്രവൃത്തികളോട് നിർഭയമായി അദ്ദേഹം പ്രതികരിച്ചു. പോരാട്ടത്തിൽ പ്രായാധിക്യവും പക്ഷാഘാതവും അദ്ദേഹത്തെ തളർത്തിയില്ല.

ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമ്പൂർണ്ണ വാണിജ്യവൽക്കരണത്തെ ലക്ഷ്യമാക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നീങ്ങുന്നതിനെതിരെ 2015 ഡിസംബർ 15-ാം തീയതി തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റ് നടയിൽ ആൾ ഇന്ത്യാ സേവ് എജ്യുക്കേഷൻ കമ്മിറ്റി സംഘടിപ്പിച്ച വിദ്യാഭ്യാസ സംഗമം ഉദ്ഘാടനം ചെയ്തത് ഡോ.എൻ.എ.കരീമാണ്. സേവ് എജ്യൂക്കേഷൻ കമ്മിറ്റിയുടെ അഖിലേന്ത്യാപ്രസിഡന്റും, സാമ്രാജ്യത്വ വിരുദ്ധ പോരാട്ടങ്ങളുടെ മുൻനിര പ്രസ്ഥാനമായ ആൾ ഇന്ത്യാ ആന്റി ഇംപീരിയലിസ്റ്റ് ഫോറത്തിന്റെ കേരള ചാപ്റ്ററിന്റെ പ്രസിഡന്റും, കക്ഷി-രാഷ്ട്രീയത്തിനും ജാതി-മത പരിഗണനകൾക്കും അതീതമായി അന്യായങ്ങൾക്കെതിരെ ജനകീയ പോരാട്ടങ്ങളുടെ വീറുറ്റവേദിയായി പ്രവർത്തിച്ച കേരള സംസ്ഥാന ജനകീയപ്രതിരോധ സമിതിയുടെ വൈസ്പ്രസിഡന്റുമായിരുന്നു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയെ അതീവ പ്രതീക്ഷയോടെ വീക്ഷിച്ച അദ്ദേഹം പാർട്ടിയുടെ എല്ലാ നിലപാടുകളോടും യോജിപ്പ് പ്രകടിപ്പിച്ചു. പാർട്ടിയുടെ മഹിളാ വിഭാഗമായ എഐഎംഎസ്എസ് 2013-ൽ തിരുവനന്തപുരത്തുവച്ച് സംഘടിപ്പിച്ച ദേശീയ സമ്മേളനത്തിന്റെ സ്വാഗതസംഘം ചെയർമാനായും അദ്ദേഹം പ്രവർത്തിച്ചു.

ഡോ.എൻ.എ.കരീമിന്റെ നിര്യാണത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേരള സംസ്ഥാന കമ്മിറ്റി അഗാധമായ അനുശോചനം രേഖപ്പെടുത്തുന്നു.

**ഡോ. എൻ.എ.കരീമിന് ലാൽസലാം.**

# ഗ്ലോബൽ എജ്യൂക്കേഷൻ മീറ്റിനെതിരെ പീപ്പിൾസ് എജ്യൂക്കേഷൻ മീറ്റ്

**വി**ദ്യാഭ്യാസത്തെ ആഗോള കമ്പോളത്തിലെ ചരക്കാക്കി വിറ്റഴിക്കാനായി, കോവളം ലീലാഹോട്ടലിൽ ജനുവരി 29, 30 തീയതികളിൽ കേരളസർക്കാർ സംഘടിപ്പിച്ച ദ്വിദിന ആഗോളവിദ്യാഭ്യാസ സംഗമം നിക്ഷേപകരുമായി ചില ധാരണാപത്രങ്ങൾ ഒപ്പുവെച്ചുകൊണ്ട് സമാപിച്ചു. ഗുണനിലവാരമുള്ള അന്തർദ്ദേശീയ ഉന്നതവിദ്യാഭ്യാസം ലഭ്യമാക്കാനെന്ന പേരിലാണ് ആഗോള മൂലധനശക്തികൾക്ക് കേരളത്തിന്റെ മണ്ണിൽ സർവ്വകലാശാലകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്ന ഗ്ലോബൽ എജ്യൂക്കേഷൻ മീറ്റ് ഉന്നതവിദ്യാഭ്യാസ കൗൺസിലും ഫെഡറേഷൻ ഓഫ് ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രിയും ചേർന്ന് സംയുക്തമായി സംഘടിപ്പിച്ചത്. അതിനായി, അക്കാദമിക്സിറ്റിയും ഇന്റർനാഷണൽ ഹയർ അക്കാദമിക് സോണുകളും (IHAZ) ആരംഭിക്കുന്നതിനുള്ള കോവളം പ്രഖ്യാപനവും നടന്നുകഴിഞ്ഞു. ഈ പ്രത്യേക അക്കാദമിക സോണുകൾ വ്യവസായ മേഖലയിലെ *സെസി*ന്റെ (SEZ) മാതൃകയിലുള്ള പ്രത്യേക എക്സ്പോർട്ട് പ്രോസസ്സിംഗ് സോണുകളായിട്ടാണ് (SEPZ) ആരംഭിക്കുക. അതായത്, ഉന്നതവിദ്യാഭ്യാസത്തെ ഒരു ആഗോളവ്യാവസായിക ഉൽപ്പന്നമെന്ന നിലയിൽ വ്യാപാരം നടത്താനുള്ള പ്രത്യേക മേഖലകളാണ് ആരംഭിക്കപ്പെടാൻ പോകുന്നത്. ഉന്നത വിദ്യാഭ്യാസം ചരക്കാണ്; ആ ചരക്ക് ഒരു സ്വതന്ത്ര വ്യാപാര മേഖലയിൽ ക്രയവിക്രയം ചെയ്യാൻ ഇന്ത്യയിലേയും വിദേശത്തേയും കുത്തകകൾക്ക് അനുമതിയും എല്ലാ ഭൗതികസംവിധാനങ്ങളും ഓഫർ ചെയ്തുകൊണ്ടുമാണ്, കേരള സർക്കാർ മൂലധനശക്തികളെ ക്ഷണിച്ചുവരുത്തിയത്. നമ്മുടെ ട്രേഡ്യൂണിയനുകൾക്കോ ട്രേഡ്യൂണിയൻ നിയമങ്ങൾക്കോ ഒരുവിധത്തിലും ഇടപെടാൻ കഴിയാത്ത സ്വതന്ത്ര ചൂഷകമേഖലകളാണ് സ്പെഷ്യൽ എക്സ്പോർട്ട് പ്രോസസ്സിംഗ് സോൺ. നികുതിയിളവുകൾ, രജിസ്ട്രേഷനുകൾക്ക് ഏകജാലക സംവിധാനം, ട്യൂഷൻ ഫീസ് നിശ്ചയിക്കാനുള്ള പൂർണ്ണമായ അധികാരം, കൂടാതെ ജലം, റോഡ്, ഇലക്ട്രിസിറ്റി തുടങ്ങിയവയെല്ലാം സൗജന്യമായി കേരളസർക്കാർ നിക്ഷേപകർക്ക് ഓഫർ ചെയ്തു. ഉന്നതവിദ്യാഭ്യാസ രംഗത്ത് പത്തുവർഷത്തെ സ്ഥാപന നടത്തിപ്പു പരിചയവും വ്യവസായ ബന്ധവും സാമ്പത്തിക ശേഷിയുമുണ്ടെങ്കിൽ ആർക്കും ഇന്റർനാഷണൽ ഹയർ അക്കാദമിക് സോൺ ആരംഭിക്കുവാനുള്ള യോഗ്യതയായി. അങ്ങനെ, കേരളത്തിന്റെ മണ്ണിൽ വിദേശ സർവ്വകലാശാലകൾ വരെ ആരംഭിക്കാനുള്ള അനുമതി പത്രം എഴുതി കൊടുക്കാനുള്ള ധാരണയാണ് കോവളം സംഗമത്തിലുണ്ടായിരിക്കുന്നത്.




**പീപ്പിൾസ് എജ്യുക്കേഷൻ മീറ്റ് ബി.ആർ.പി.ഭാസ്കർ ഉദ്ഘാടനം ചെയ്യുന്നു**

സർവ്വകലാശാല ക്യാമ്പസ് എന്ന സങ്കൽപ്പത്തെത്തന്നെ ആഗോള വിദ്യാഭ്യാസ വിപണിയുടെ പ്രണേതാക്കൾ തിരുത്തിയെഴുതുകയാണ്. ഇന്ന് നമ്മുടെ കലാലയങ്ങളിലെ ജനാധിപത്യ ക്യാമ്പസ്സിന്റെ സ്ഥാനത്ത് സ്മാർട്ട് ക്ലാസ്റൂം, ഫുഡ് കോർട്ട്, റിക്രിയേഷൻ ക്ലബ്ബ്, പാർലറുകൾ എന്നിവയൊക്കെ ചേരുന്ന വാണിജ്യകേന്ദ്രത്തെ സ്ഥാപിച്ചിട്ട് അതിനെയാണവർ ക്യാമ്പസ് എന്നുവിളിക്കുവാൻ ഉദ്ദേശിക്കുന്നത്. അവിടെ നൽകുവാൻ പോകുന്നത് വിദ്യാഭ്യാസമല്ല. ശേഷികൾ(Skills) മാത്രമാണ്. ആഗോളമാർക്കറ്റിനാവശ്യമായ തൊഴിൽ ശേഷികളുടെ പരിശീലനം നൽകുന്ന കേന്ദ്രങ്ങളാണ്അന്തർദ്ദേശീയ അക്കാദമിക് സോണുകളിൽ നിർമ്മിക്കപ്പെടാൻ പോകുന്നത്. കേരളം അത്തരം കേന്ദ്രങ്ങളുടെ ഒരു അന്തർദ്ദേശീയ ഹബ്ബായി മാറുമെന്നർത്ഥം. ശാസ്ത്രീയ- മതേതര-ജനാധിപത്യ വിദ്യാഭ്യാസ രംഗത്ത് നാം ഇതുവരെ നേടിയെടുത്തവയെല്ലാം ഒറ്റയടിക്ക് ഉന്മൂലനം ചെയ്യപ്പെടാൻ പോകുന്നു.

നമ്മുടെ സർവ്വകലാശാലകൾക്കും കോളേജുകൾക്കും പകരം, കേരളം കേന്ദ്രമാക്കി ഒരു ആഗോള വിദ്യാഭ്യാസ കമ്പോളം ഉയർന്നുവരും. ആ തുറന്ന വിദ്യാഭ്യാസ വിപണിയിൽ മനുഷ്യന് സ്ഥാനമുണ്ടാവില്ല. വിൽപ്പനക്കാരും, ഉപഭോക്താക്കളുമാണ് അവിടെയുണ്ടാവുക. ആഗോളീകരണ യുഗത്തിൽ, വിപണിക്കും സാർവ്വലൗകിക സ്വഭാവമുണ്ട്. ആഗോളവൽക്കരണത്തിൽ നിന്നും ഇനി മനുഷ്യന് മോചനമില്ലെന്നും കീഴടങ്ങുക മാത്രമാണ് പോംവഴിയെന്നും അവർ ആയിരം തവണ പറഞ്ഞുറപ്പിക്കുകയാണ്. ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകാൻ സർക്കാർ തയ്യാറല്ലെന്ന് മാത്രമല്ല അങ്ങനെയൊന്ന് ആവശ്യപ്പെടുന്നത് പോലും തെറ്റാണെന്ന് ജനങ്ങളെ പഠിപ്പിക്കുകയുമാണ് സാമ്രാജ്യത്വശക്തികൾ. ആഗോളീകരണത്തിന് മുമ്പ് വിദ്യാഭ്യാസത്തെ കൊണ്ടുപോയി ഹോട്ടലിൽ വിൽപ്പനക്ക് വെയ്ക്കുന്നതിനെക്കുറിച്ച് ചിന്തിക്കുന്നതു പോലും ഭരണാധികാരികൾ ഭയപ്പെടുമായിരുന്നു. ഇന്നവർക്ക് ആ ഭയം ഇല്ലാതെയായിരിക്കുന്നു. എതിർപ്പിന്റെ ശബ്ദം ഉയർത്തേണ്ട ഇടതു-പ്രതിപക്ഷ പാർട്ടികൾ മൂലധന ദാസന്മാരായി മാറിയതോടെയാണത് സംഭവിച്ചിരിക്കുന്നത്.

### സമരദിശ മാറ്റാൻ സമരാഭാസം

എസ്എഫ്ഐയും കൂട്ടരും കോവളത്തെ ആഗോള സംഗമവേദിക്കുമുമ്പിൽ നടത്തിയ സമരാഭാസം ഫലത്തിൽ, ഗ്ലോബൽമീറ്റിനെ സഹായിക്കുന്ന നടപടിയായി മാറിയത് ഉദാഹരണം. ജനാധിപത്യ മാർഗ്ഗത്തിലുള്ള പ്രക്ഷോഭ സമരങ്ങളിലൂടെ, ആഗോളമൂലധനത്തിന്റെ അക്രമാസക്തമായ കടന്നുകയറ്റത്തെ ചെറുക്കുന്നതിന് പകരം ഗ്ലോബൽ മീറ്റിന്റെ മുഖ്യസംഘാടകനായ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ചെയർമാൻ ശ്രീ. ടി. പി. ശ്രീനിവാസനെ ശാരീരികമായി ആക്രമിക്കുകയും കരണത്തടിക്കുകയുമാണ് എസ്എഫ്ഐ പ്രവർത്തകർ ചെയ്തത്. നിന്ദ്യമായ ആക്രമണമായിരുന്നു അത്. പോലീസ് നിശബ്ദം നോക്കിനിന്നു. അതോടെ, ആഗോളവിദ്യാഭ്യാസ ചൂഷക മേളക്കെതിരായി ഉയർന്നുവരേണ്ട ജനവികാരത്തെ ടി.പി. ശ്രീനിവാസനെതിരായി നടന്ന അക്രമണത്തിനെതിരായ പ്രതിഷേധമാക്കി വഴിതിരിച്ചുവിടുകയാണവർ ചെയ്തത്.

### പീപ്പിൾസ് എജ്യൂക്കേഷൻ മീറ്റ്

ഗ്ലോബൽ എജ്യൂക്കേഷൻ മീറ്റ് എന്ന വിദ്യാഭ്യാസ വിരുദ്ധ സംഗമത്തിനെതിരെ സേവ് എജ്യൂക്കേഷൻ കമ്മിറ്റിയുടെ കേരള ചാപ്റ്റർ ഏകദേശം ഒരുമാസക്കാലം സംസ്ഥാനമെമ്പാടും നടത്തിയ ക്യാമ്പയിനൊടുവിൽ ജനുവരി 29 ന് രാവിലെ 10.30 ന് സെക്രട്ടേറിയറ്റിന് മുന്നിൽ പീപ്പിൾസ് എജ്യൂക്കേഷൻ മീറ്റ് സംഘടിപ്പിച്ചു. സാംസ്കാരിക-രാഷ്ട്രീയ രംഗങ്ങളിൽ നിന്നുള്ള നിരവധി വ്യക്തിത്വങ്ങൾ അണിനിരന്ന ജനകീയ വിദ്യാഭ്യാസ സംഗമം പ്രമുഖ മാധ്യമപ്രവർത്തകൻ ബി.ആർ.പി. ഭാസ്കർ ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ എജ്യൂക്കേഷൻ മീറ്റ് ജനാധിപത്യ വിദ്യാഭ്യാസത്തിനെതിരായ വെല്ലുവിളിയാണെന്ന് ബി.ആർ.പി. ഭാസ്കർ പറഞ്ഞു. കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസരംഗത്തെ അന്തർദ്ദേശീയ വ്യാപാരത്തിന് വിട്ടുകൊടുക്കുവാനായി എല്ലാ നിയമങ്ങളും മാറ്റിക്കൊടുക്കുകയാണ് ഈ മേളയിലൂടെ സർക്കാർ ചെയ്യാനുദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. വിദ്യാഭ്യാസത്തെ ആഗോളചരക്കായി കാണുന്ന പുത്തൻ സമീപനങ്ങൾ വിനാശകരമാണെന്നും അതിനെതിരായ ശക്തമായ പ്രതിഷേധസമരങ്ങൾ വളർത്തിയെടുക്കാനും ബി.ആർ.പി.ഭാസ്കർ ആഹ്വാനം ചെയ്തു.

കേരളത്തിലെ സർവ്വകലാശാലകളും കോളേജുകളും പുതിയ ആഗോള കമ്പോള മാത്സര്യക്രമത്തിൽ തകർന്നടിയുമെന്ന് സംഗമത്തിൽ ജനാധിപത്യവിദ്യാഭ്യാസ അവകാശ പ്രഖ്യാപന രേഖ അവതരിപ്പിച്ച സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ പറഞ്ഞു. സേവ് എജ്യൂക്കേഷൻ കമ്മിറ്റി അഖിലേന്ത്യാ വൈസ് പ്രസിഡന്റ് ഡോ.വി.വേണുഗോപാൽ അദ്ധ്യക്ഷത വഹിച്ചു. സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന ഭാരവാഹികളായ അഡ്വ. ബി.കെ. രാജഗോപാൽ, പ്രൊഫ.പി.എൻ.തങ്കച്ചൻ, ഡോ.ജ്യോതിരാജ്, എസ്‌യുസിഐ (സി) സംസ്ഥാനസെക്രട്ടേറിയറ്റംഗം ജി.എസ്. പത്മകുമാർ, ആർ.എം.പി.നേതാവ് കെ.എസ്. ഹരിഹരൻ, എംസിപിഐ(യു) നേതാവ് സി.ശ്രീനിവാസദാസ്, എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ഇ.എൻ.ശാന്തിരാജ്, സെക്രട്ടറി ബിനു ബേബി, എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി ഷൈല.കെ.ജോൺ, ഡിആർഎസ്ഒ സംസ്ഥാന കൺവീനർ അലീന.എസ് എന്നിവർ പ്രസംഗിച്ചു. പി.എസ്.ഗോപകുമാർ സ്വാഗതവും ഡോ.കെ.പ്രസന്നകുമാർ കൃതജ്ഞതയും പറഞ്ഞു.

ആഗോള വിദ്യാഭ്യാസ സംഗമത്തെ ജനാധിപത്യ മാർഗ്ഗത്തിൽ എതിർക്കുന്നതിനു പകരം അതിന്റെ സംഘാടകനായ ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ടി.പി. ശ്രീനിവാസനെ എസ്എഫ് ഐ പ്രവർത്തകർ ആക്രമിക്കുകയും മർദ്ദിക്കുകയും ചെയ്തത് അങ്ങേയറ്റം അപലപനീയമാണെന്ന് പീപ്പിൾസ് മീറ്റ് അംഗീകരിച്ച പ്രമേയത്തിൽ പറഞ്ഞു. ആഗോള വിദ്യാഭ്യാസ സംഗമത്തിന് നീതീകരണം നിർമ്മിച്ചുകൊടുക്കുകയാണ് എസ്എഫ്ഐ ചെയ്യുന്നതെന്നും പ്രമേയം പറയുന്നു. ■

## പീപ്പിൾസ് എജ്യൂക്കേഷൻ മീറ്റ് അംഗീകരിച്ച ജനാധിപത്യ വിദ്യാഭ്യാസ അവകാശ പ്രഖ്യാപന രേഖ

**ഭാ**രത മണ്ണിൽ ജനിച്ചു വീഴുന്ന എല്ലാ കുഞ്ഞുങ്ങൾക്കും ജാതി-മത-വർഗ്ഗ-വർണ്ണ-വംശ ഭേദമന്യേ ഒരുപോലെ അവകാശപ്പെട്ടതാണ് ജനാധിപത്യ വിദ്യാഭ്യാസം. ബ്രിട്ടീഷ് അധിനിവേശത്തിനെതിരെയും ജന്മിത്വ വ്യവസ്ഥിതിക്കെതിരെയും നടത്തിയ സ്വാതന്ത്ര്യ-നവോത്ഥാന പ്രക്ഷോഭങ്ങളിലൂടെ നാം പൊരുതി നേടിയെടുത്തതാണ് ശാസ്ത്രീയ-മതേതര-ജനാധിപത്യ-സാർവ്വത്രിക വിദ്യാഭ്യാസം. എന്നാൽ, ആ വിദ്യാഭ്യാസ വ്യവസ്ഥയുടെ അടിത്തറയ്ക്ക് തന്നെ വെല്ലുവിളി ഉയർത്തിക്കൊണ്ട് കേരള സർക്കാർ നമ്മുടെ ഉന്നത വിദ്യാഭ്യാസത്തെ വില്പനയ്ക്ക് വച്ചിരിക്കുന്നു. ഇന്ത്യയുടെ ചരിത്രത്തിൽ തന്നെ ആദ്യമായി വാണിജ്യ രംഗത്തെ സെസ് (സ്പെഷ്യൽ എക്കണോമിക് സോൺ) മാതൃകയിൽ പ്രത്യേക വിദ്യാഭ്യാസ മേഖലകൾ ആരംഭിക്കാനുള്ള പദ്ധതിയുടെ ഭാഗമായി ഇന്നേദിവസം, ജനുവരി -29 ന് കോവളം ലീലഹോട്ടലിൽ കേരള സർക്കാർ സംഘടിപ്പിക്കുന്ന ഗ്ലോബൽ എജ്യൂക്കേഷൻ മീറ്റിനെതിരെ നാം പീപ്പിൾസ് എജ്യൂക്കേഷൻ മീറ്റ് സെക്രട്ടേറിയറ്റ് നടയിൽ സംഘടിപ്പിക്കുന്നു.

വിദ്യാഭ്യാസത്തെ ആഗോളചരക്കാക്കാൻ ലക്ഷ്യമിടുന്ന സ്പെഷ്യൽ എക്സ്പോർട്ട് പ്രോസസ്സിംഗ് സോൺ (SEPZ) മാതൃകയിൽ അന്തർദ്ദേശീയ ഉന്നത വിദ്യാഭ്യാസ മേഖലകൾ ആരംഭിയ്ക്കാനാണ് വിദേശികൾ ഉൾപ്പെടെയുള്ള ആഗോള നിക്ഷേപകർ വന്നെത്തിയിരിക്കുന്നത്. വിദ്യാഭ്യാസത്തെ ലാഭേച്ഛയുടെ ഉപകരണമെന്ന നിലയിൽ, ഒരു വാണിജ്യ വസ്തുവായിട്ടാണ് അവർ വീക്ഷിക്കുന്നത്. ദേശീയ മതിലുകൾ ഭേദിക്കുന്ന ഗ്ലോബലൈസേഷന്റെയും ലോകവ്യാപാര സംഘടനയുടെയും യുഗത്തിൽ വിദ്യാഭ്യാസവും ഒരു ആഗോള വിപണന വസ്തുവായി മാറിക്കൊണ്ടിരിക്കുന്നുവെന്ന വസ്തുത ഞെട്ടലോടെ നാം തിരിച്ചറിയുന്നു.

കേരളത്തെ വിദ്യാഭ്യാസ കച്ചവടത്തിന്റെ ആഗോള ഹബ്ബാക്കിമാറ്റുമെന്ന പരസ്യ പ്രഖ്യാപനത്തോടെയാണ് കേരള സർക്കാരും കേരള ഹയർ എജ്യൂക്കേഷൻ കൗൺസിലും ഫെഡറേഷൻ ഒഫ് ചേംബർ ഓഫ് കോമേഴ്സും സംയുക്തമായി ഇത്തരമൊരു അന്തർദ്ദേശീയ ചൂഷക സംഗമത്തിന് വേദിയൊരുക്കുന്നത്. വിദ്യാഭ്യസ രംഗത്ത് കേരളം കൈവരിച്ച അത്യുന്നതമായ നേട്ടങ്ങളെ മുഴുവൻ തമസ്ക്കരിക്കുകയും അതിനു വേണ്ടി നടന്ന യാതനാ പൂർണ്ണമായ നവോത്ഥാന സമര ചരിത്രത്തെ വിസ്മരിക്കുകയും ചെയ്തുകൊണ്ടാണ് ദേശ-വിദേശ കുത്തകകൾക്ക് വിദ്യാഭ്യാസമെന്ന മഹത്തായ കർമ്മ മണ്ഡലത്തെ അടിയറ വയ്ക്കാൻ കേരള സർക്കാർ നിക്ഷേപകരുമായി കരാറിൽ ഒപ്പുവയ്ക്കാനൊരുങ്ങുന്നത്.

നാടുവാഴിത്ത വ്യവസ്ഥിതിയുടെ നാളുകളിൽ വിദ്യയുടെ വെളിച്ചം നിഷേധിക്കപ്പെട്ട ജനത അജ്ഞതയിൽ നിന്നും അന്ധകാരത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റത്, വിദ്യാഭ്യാസത്തിനു വേണ്ടി നടന്ന ഉജ്ജ്വലമായ പോരാട്ടങ്ങളെ തുടർന്നാണെന്ന ചരിത്ര വസ്തുത വിസ്മരിച്ചുകൊണ്ട് കേരളത്തിന് മുന്നേറാനാവില്ല. പ്രാഥമിക വിദ്യാഭ്യാസം സൗജന്യവും നിർബ

*(ശേഷം 5-ാം പേജിൽ)*

# ജനദ്രോഹരാഷ്ട്രീയത്തിനെതിരെ ജനകീയപ്രക്ഷോഭത്തിന്റെ രാഷ്ട്രീയം വളരണം

*(2-ാം പേജിൽ നിന്ന്)*

അതാണ് പ്രധാനം. ഈവക ഒച്ചപ്പാടുകളും ബഹളങ്ങളും നടക്കുമ്പോൾ ഭരണം മറുവശത്ത് തകൃതിയായിത്തന്നെ നടക്കുന്നുണ്ട്. കാർഷികാവശ്യത്തിനുള്ള വൈദ്യുതിയുടെ വില വർദ്ധിപ്പിച്ചതാണ് ഏറ്റവും ഒടുവിൽ വന്നിരിക്കുന്ന വാർത്ത. അത് പത്രങ്ങൾക്ക് പ്രധാനപ്പെട്ടൊരു വാർത്തയേ ആയിരുന്നില്ല.

ബിടുബി ബിസിനസ്സ് മീറ്റും ആഗോള വിദ്യാഭ്യാസ നിക്ഷേപകസംഗമവും യഥാവിധി അരങ്ങേറുന്നു. വിദ്യാഭ്യാസ ആരോഗ്യരംഗത്ത് ആഗോള കുത്തകകൾതന്നെ പിഴിഞ്ഞൂറ്റിന് തയ്യാറായി എത്തിയിരിക്കുന്നു. വിഴിഞ്ഞത്ത് അദാനി കൊടി നാട്ടിക്കഴിഞ്ഞു. അങ്ങനെ നാടിനെയും ജനങ്ങളെയും മൊത്തത്തിൽ ആഗോളകുത്തകകൾക്ക് തീറെഴുതുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിൽ കാലവിളംബമേ ഉണ്ടായിട്ടില്ല.

കുത്തകകൾക്ക് കടിഞ്ഞാണില്ലാതെ മേയാനുള്ള ഇടമായി പ്രകൃതിവിഭവങ്ങൾ മാറിയപ്പോൾ മണ്ണും വായുവും ജലവും കാടും കടലും കരിമണലുമെല്ലാം കച്ചവടച്ചരക്കുകളായി. നാമമാത്രമായി നിലനിൽക്കുന്ന പരിസ്ഥിതി സംരക്ഷണ നിയമങ്ങൾപോലും കുത്തകകൾക്കനുകൂലമായി പൊളിച്ചെഴുതപ്പെടുകയാണ്. 2015 ഫെബ്രുവരിയിൽ സർക്കാർ കേരള മൈനർ മിനറൽ കൺസർവേഷൻ റൂളിന് അംഗീകാരം നൽകിയിരിക്കുകയാണ്. ഇതുമൂലം 1967 ലെ ഖനനനിയമം ഉൾപ്പെടെ ലംഘിക്കപ്പെടും. പരിസ്ഥിതി ലോല പ്രദേശങ്ങളിൽപ്പോലും പാരിസ്ഥിതികമായുണ്ടാകുന്ന പ്രത്യാഘാതങ്ങൾ വകവയ്ക്കാതെ നിയമവിരുദ്ധമായി നൽകിക്കൊണ്ടിരിക്കുന്ന ഖനനങ്ങൾ നിയമവിധേയമാകും.

പെട്രോളിന് വിലയെക്കാളേറെ നികുതി കൊടുക്കുന്ന കാലത്താണ് നാം ഇപ്പോൾ ജീവിക്കുന്നത്. അന്തർദ്ദേശീയ മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വിലയിടിഞ്ഞ് ബാരലിന് 26 ഡോളറിലെത്തിയിട്ടും പെട്രോളിന്റെ മേൽ സംസ്ഥാന സർക്കാരിന്റെ നികുതിയെങ്കിലും കുറയ്ക്കുന്നതിനെക്കുറിച്ച് ആലോചനയില്ല. സംസ്ഥാന സർക്കാരാകട്ടെ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പെട്രോളിന്റെ വിൽപ്പന നികുതി 4 തവണ വർദ്ധിപ്പിച്ചു. ഭീമമായ ബസ് ചാർജ്ജ് കുറയ്ക്കുന്നതിനെക്കുറിച്ചും ആലോചനയില്ല.

### റബ്ബറിന്റെ വിലത്തകർച്ച

റബ്ബറിന്റെ വിലത്തകർച്ച കേരളത്തിന്റെ സാമ്പത്തികരംഗത്തൊന്നാകെ കടുത്ത പ്രത്യാഘാതങ്ങൾക്ക് ഇടവരുത്തിയിരിക്കുകയാണ്. ചെറുകിട കർഷകരെയും ടാപ്പിംഗ് തൊഴിലാളികളെയും പ്രത്യക്ഷത്തിലും സമൂഹത്തെയൊന്നാകെ പരോക്ഷമായും ബാധിക്കുംവിധത്തിലേയ്ക്ക് പ്രതിസന്ധി മാറിയിരിക്കുന്നു. അതിരൂക്ഷമായ തൊഴിലില്ലായ്മയിലൂടെയാണ് സാധാരണക്കാരൻ കടന്നുപോകുന്നത്. നിർമ്മാണരംഗത്തെ സ്തംഭനവും വിലക്കയറ്റവും തകർച്ചയ്ക്ക് ആക്കം വർദ്ധിപ്പിക്കുന്നു.

സ്വാഭാവിക റബ്ബറിന്റെയും സിന്തറ്റിക് റബ്ബറിന്റെയും ഇറക്കുമതി തടഞ്ഞുകൊണ്ട് മറികടക്കാവുന്ന പ്രതിസന്ധിയാണിത്. എന്നാൽ കേന്ദ്രസർക്കാർ അതിന് തുനിയുന്നില്ല. കേന്ദ്രസർക്കാരിന്റെമേൽ സമ്മർദ്ദം ചെലുത്തുവാനോ, കർഷകർക്കും തൊഴിലാളികൾക്കും ആശ്വാസമെത്തിക്കുവാനോ മതിയായ നടപടികൾ സംസ്ഥാന സർക്കാരും സ്വീകരിക്കുന്നില്ല. രാഷ്ട്രീയ താൽപര്യങ്ങളെ മുൻനിർത്തിയുള്ള കസർത്തുകൾക്ക് പഞ്ഞമേതുമില്ലതാനും. ചെറുകിട കർഷകർക്കും ടാപ്പിംഗ് തൊഴിലാളികൾക്കും ആശ്വാസമായി സൗജന്യ റേഷനും നഷ്ടപരിഹാരവും നൽകണം എന്ന ആവശ്യത്തോട് സർക്കാർ നിസ്സംഗതയാണ് പുലർത്തുന്നത്.

### തകരുന്ന പൊതുവിദ്യാഭ്യാസരംഗം

പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് കേരളം ഏഴാം സ്ഥാനത്തുനിന്നും പതിനേഴാം സ്ഥാനത്തേയ്ക്ക് തള്ളപ്പെട്ടു എന്ന റിപ്പോർട്ടാണ് കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്തെക്കുറിച്ച് ഇപ്പോൾ പുറത്തുവന്നിരിക്കുന്ന വാർത്ത. ഡിപിഐയുടെ ഉത്തരവ് ഈ റിപ്പോർട്ടിന്റെ ചുവടുപിടിച്ചാണ്. രണ്ടാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികളെല്ലാം രണ്ടു മാസത്തിനുള്ളിൽ എഴുത്തും വായനയും പഠിച്ചിരിക്കണം എന്നതാണ് ഉത്തരവിന്റെ സാരം. കേരളത്തിലെ വിദ്യാഭ്യാസരംഗം നേരിടുന്ന പ്രതിസന്ധിയുടെ ആഴം ഇതിൽനിന്നു തന്നെ വ്യക്തമാണ്. ആയിരക്കണക്കിന് പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടൽ ഭീഷണിയിലാണ്.

ലോകബാങ്ക് പദ്ധതി ഡിപിഇപി, എസ്എസ്എയും റൂസയും ആർഎംഎസ്എയുമൊക്കെയായി വളർന്നപ്പോൾ പ്രാഥമിക തലംമുതൽ ഉന്നതവിദ്യാഭ്യാസരംഗംവരെ തകർന്നു. കൃത്യവും വ്യക്തവുമായ അജണ്ടയോടെ ആഗോളവൽക്കരണശക്തികൾ ആവിഷ്ക്കരിച്ച ഈ പദ്ധതികൾ അത്യുൽസാഹത്തോടെയാണ് കഴിഞ്ഞ ഇരുപതുവർഷമായി എൽഡിഎഫ്, യുഡിഎഫ് വ്യത്യാസമില്ലാതെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

അതിഭീമമായ ഫീസും കോഴയുമൊക്കെയായി വിദ്യാഭ്യാസരംഗം അതിസമ്പന്നർക്കു മാത്രമായി പരിമിതപ്പെടുത്തപ്പെട്ടു. കോവളത്ത് കെട്ടുകാഴ്ചകളോടെ അരങ്ങേറിയ ഗ്ലോബൽ മീറ്റ് ആഗോള കുത്തകകളുടെ വിഹാരരംഗമാക്കി കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ മാറ്റുവാൻ ഉന്നംവച്ചുള്ളതാണ്. വിദ്യാഭ്യാസ രംഗത്തിന്റെ തകർച്ചയിൽ മനഃപ്രയാസമേതുമില്ല എന്നു മാത്രമല്ല, തട്ടും തടവുമില്ലാതെ തുടർച്ചയായി ആക്രമണ പദ്ധതികൾ അരങ്ങേറുകയുമാണ്.

വായ്പക്കെണിയാണ് കേരളത്തിലെ വിദ്യാർത്ഥികളും രക്ഷിതാക്കളും ഇപ്പോൾ നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം. ബാങ്കുകളുടെ കൊള്ളപ്പലിശ വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും കടക്കെണിയിലകപ്പെടുത്തിയിരിക്കുന്നു. വിദ്യാഭ്യാസം കച്ചവടവത്ക്കരിക്കപ്പെട്ടതിന്റെ പരിണത ഫലമാണിത്. പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് തൊഴിൽ ലഭിക്കുന്നില്ല എന്നതുകൊണ്ട് തിരിച്ചടവ് സാദ്ധ്യമല്ലാതെ വരുന്നു. എത്ര അടച്ചാലും മുതലും പലിശയും പിന്നെയും ബാക്കി. ഇപ്പോൾ വായ്പ തിരിച്ചുപിടിക്കാൻ റിലയൻസ് പോലുള്ള കമ്പനികളെ ചുമതലപ്പെടുത്തിയിരിക്കുന്നു എന്നതും പുതിയ പ്രതിസന്ധിക്ക് കളമൊരുക്കിയിരിക്കുന്നു. ഗുരുതരമായ ഈ സാഹചര്യത്തിന്റെ ഉത്തരവാദിത്തത്തിൽനിന്നും ഉമ്മൻ ചാണ്ടി സർക്കാരിന് ഒഴിഞ്ഞുമാറുക സാദ്ധ്യമല്ല. വിദ്യാഭ്യാസ വായ്പ സർക്കാർ ഏറ്റെടുക്കണം എന്ന രക്ഷിതാക്കളുടെയും പൊതു സമൂഹത്തിന്റെയും ആവശ്യത്തോട് സർക്കാർ മുഖം തിരിഞ്ഞ് നിൽക്കുകയാണ്.

### ആരോഗ്യമേഖലയുടെ തകർച്ച

പൊതുജനാരോഗ്യപരിപാലനരംഗത്ത് ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയായിരുന്നു കേരളം. എന്നാൽ പൊതുജനാരോഗ്യ സംവിധാനത്തെ തകർത്ത് തൽസ്ഥാനത്ത് കുത്തകകൾ കയറിപ്പറ്റുന്നു എന്ന് ഉറപ്പാക്കുന്ന നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മെഡിക്കൽ കോളജുൾപ്പെടെ സംസ്ഥാനത്തെ സർക്കാർ ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാരോ, മറ്റ് സ്റ്റാഫോ ഇല്ല. 1972 ലെ സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴും നിലനിൽക്കുന്നത്. അതിനനുസരിച്ചുള്ള നിയമനം പോലും നടക്കുന്നില്ല. നടക്കുന്ന നിയമനങ്ങളാകട്ടെ കരാർ അടിസ്ഥാനത്തിലുമാണ്. അവശ്യ ജീവൻരക്ഷാ ഔഷധങ്ങളോ ഇതര ചികിത്സാ സംവിധാനങ്ങളോ ആശുപത്രികളിൽ ഉറപ്പാക്കാൻ സർക്കാർ ശ്രമിക്കുന്നില്ല. ചികിത്സാ രംഗമൊന്നാകെ കുത്തകകൾക്ക് തീറെഴുതുന്ന ദേശീയ ആരോഗ്യ നയത്തിന്റെയും നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെയും ചുവടുപിടിച്ചുള്ള നയനടപടികളാണ് ആരോഗ്യരംഗത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. നീണ്ടുനിൽക്കുന്നതും ചെലവേറിയതുമായ ചികിത്സ ആവശ്യമായി വരുന്ന രോഗികൾ പലപ്പോഴും സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുമ്പോൾ ഭീമമായ ചികിത്സാ ചെലവ് കണ്ടെത്താൻ ബന്ധുക്കൾക്ക് നാട്ടുകാരുടെ ദയാദാക്ഷിണ്യത്തിനായി കൈനീട്ടേണ്ടിവരുന്നു. സ്വകാര്യ ആശുപത്രികളിലെ പുത്തൻ സംവിധാനങ്ങൾ ഉദ്ഘാടനം ചെയ്തുകൊണ്ട് പരമാവധി പ്രശസ്തി പ്രസ്തുത സ്ഥാപനങ്ങൾക്ക് ഉണ്ടാക്കിക്കൊടുക്കുമ്പോൾ, കേരളത്തിലെ സാധാരണക്കാരായ രോഗികളെക്കുറിച്ചോ അവരുടെ അവസാന ആശ്രയമായ സർക്കാർ ആശുപത്രികളെക്കുറിച്ചോ ഭരണാധികാരികൾ ചിന്തിക്കുന്നില്ല. കഴുത്തറപ്പൻ സ്വകാര്യ ആശുപത്രികളുടെ ബ്രാൻഡ് അംബാസിഡർമാരെപ്പോലെയാണ് മുഖ്യമന്ത്രിയടക്കമുള്ള മന്ത്രിമാരും നേതാക്കൻമാരും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

### ഭീമമായ ചാർജ്ജ് വർദ്ധനവ്

കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ വൈദ്യുതി ചാർജ്ജും വെള്ളക്കരവും വീട്ടുകരവും എന്നുവേണ്ട ചാർജ്ജുകളും നികുതികളുമെല്ലാം പലകുറി വർദ്ധിപ്പിച്ചു. ബാർ അടച്ചുപൂട്ടിയതുവഴി സംസ്ഥാന സർക്കാരിനുണ്ടായേക്കാൻ സാദ്ധ്യതയുള്ള വരുമാന നഷ്ടം നികത്താൻ എന്ന പേരിൽ ഒറ്റയടിക്ക് 4000 കോടി രൂപയുടെ നികുതി വർദ്ധനവുകൾ കൊണ്ടുവന്നു.

കുടിവെള്ളത്തിന് അതിഭീമമായ ചാർജ്ജ് വർദ്ധനവാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ജലവിതരണത്തിൽനിന്നും സർക്കാർ പിന്മാറുന്ന നടപടികളും ഒപ്പം മുന്നേറുന്നു. വാട്ടർ അതോറിറ്റിക്കുമേൽ ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നു. സർക്കാർ ഉത്തരവാദിത്തത്തിൽ കുപ്പിവെള്ളക്കച്ചവടം ആരംഭിക്കുന്നു. പ്രൈവറ്റ്-പബ്ലിക് പങ്കാളിത്ത അടിസ്ഥാനത്തിൽ പദ്ധതികൾ വരുന്നു. കുടിവെള്ളവിതരണം സ്വകാര്യവത്ക്കരിക്കുക, ശുദ്ധജലത്തിന് തീവിലയാകുക എന്നതാണ് പരിണതഫലം.

ഭൂമിയുടെ ന്യായവിലയും രജിസ്ട്രേഷൻ ഫീസുകളും വൻതോതിൽ ഉയർത്തി. ഭാഗഉടമ്പടിയുടെ പോലും ഫീസു വർദ്ധിപ്പിച്ചു. സർക്കാർ ഭൂമികൾ ഒന്നാകെ മുതലാളിമാർക്ക് ചുളുവിലയ്ക്ക് തീറെഴുതുന്ന നടപടികളും പുരോഗമിക്കുകയാണ്. കെട്ടിടനികുതിയുടെ മേലും ഭീമമായ വർദ്ധനവാണ് അടിച്ചേൽപ്പിച്ചിരിക്കുന്നത്. വൈദ്യുതി ചാർജ്ജ് ഭീകരമായി വർദ്ധിപ്പിച്ചു. വൈദ്യുതി മേഖലയും സ്വകാര്യവത്ക്കരണത്തിന്റെ പിടിയിലാണ്. ബോർഡിനെ മുറിച്ച് കമ്പനിയാക്കുന്നത് സ്വകാര്യവത്ക്കരണം ലക്ഷ്യമിട്ടാണ്.

കേരളത്തിലെ ജനങ്ങളുടെ പൊതുസ്വത്തായ കെഎസ്ആർടിസി തകർച്ചയുടെ വക്കിലാണ്. അധികാരികളുടെ അനാസ്ഥയും പിടിപ്പുകേടും അഴിമതിയുമാണ് കെഎസ്ആർടിസിയെ ഈ പതനത്തിൽ എത്തിച്ചത്. കെഎസ്ആർടിസിയെ പൂട്ടിക്കെട്ടി പൊതുഗതാഗതം എന്ന സംവിധാനം തന്നെ ഇല്ലാതാക്കി ഗതാഗതരംഗത്ത് സ്വകാര്യകുത്തകകളെ പ്രതിഷ്ഠിക്കുവാനുള്ള ആസൂത്രിത നീക്കമാണ് കെഎസ്ആർടിസിയുടെ പ്രതിസന്ധിയായി പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ റോഡ് സേഫ്ടി ബിൽ ഇത് ലക്ഷ്യം വച്ചുള്ളതാണ്. കേരളത്തിലെ നിരത്തുകൾക്ക് അംബാനി വിലപറഞ്ഞു കഴിഞ്ഞു എന്ന വാർത്ത പിന്നാമ്പുറത്തുനിന്നും കേട്ടു തുടങ്ങിയിട്ട് കുറച്ചുനാളായി.

### പൊറുതിമുട്ടിക്കുന്ന വിലക്കയറ്റം

അവശ്യനിത്യോപയോഗ സാധനങ്ങളുടെ വിലയിൽ കുത്തനെയുണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവ് സാധാരണക്കാരന്റെ ദൈനംദിന ജീവിതത്തിന്റെ താളം ഒന്നാകെ തെറ്റിക്കുകയാണ്. കൃഷിയിൽ പിടിച്ചുനിൽക്കാനാകാതെ കർഷകൻ ആത്മഹത്യ ചെയ്യുമ്പോൾ സാധാരണക്കാരന് താങ്ങാനാകാത്ത വിധം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുകയാണ്. കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണവും വിതരണവും കുത്തകകളെ ഏൽപ്പിക്കാതെ, കർഷകന് ന്യായമായ വില നൽകി ഉൽപ്പന്നങ്ങൾ സംഭരിച്ച് മിതമായ വിലയ്ക്ക് ജനങ്ങൾക്ക് എത്തിച്ചുകൊടുക്കാൻ സർക്കാർ തുനിയുന്നില്ല. കേരളത്തിലും ചില്ലറ വ്യാപാരരംഗത്ത് കുത്തകകൾ പിടിമുറുക്കുകയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷനടക്കം അഴിമതിയുടെ പിടിയിലുമാണ്.

ഇവയെല്ലാംതന്നെ ആഗോളവൽക്കരണ നയങ്ങളെ പിൻപറ്റി സ്വീകരിക്കപ്പെടുന്ന നയങ്ങളാണ്. എല്ലാ വിഭാഗം ജനങ്ങളും ഭീകരമായ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. ദൈനംദിന ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ അവർ ഏറെ പ്രയാസപ്പെടുകയാണ്. തോട്ടം തൊഴിലാളികളുടെയും മത്സ്യസംസ്കരണ തൊഴിലാളികളുടെയും ദൈന്യമായ ജീവിത സാഹചര്യം കേരളത്തെ പിടിച്ചുകുലുക്കിയ രണ്ട് സമരങ്ങളിലൂടെ വെളിവാക്കപ്പെട്ടു. മിനിമം കൂലി പോലും നൽകാതെയാണ് പലമേഖലകളിലും തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിക്കുന്നത്. തൊഴിലുറപ്പെന്ന പേരിൽ സർക്കാർ മേൽനോട്ടത്തിൽ നടക്കുന്ന പണിയാണ് മിനിമംകൂലി നിഷേധിക്കുന്നതിന്റെ സർക്കാർ മാതൃക. ഗതികേടുകൊണ്ട് ഈ പണികൾക്ക് പോകുവാൻ നിർബന്ധിതരാണ് സാധാരണക്കാരൻ.

സാധാരണക്കാരന്റെ ഈ വക പ്രശ്നങ്ങളൊന്നും സർക്കാരുകൾക്ക് വിഷയങ്ങളേയല്ല. ഭരണം എന്നതിന്റെ നിർവ്വചനത്തിൻ കീഴിൽ സാധാരണക്കാരൻ വരുന്നില്ല. മത്സ്യത്തൊഴിലാളികൾ സമരം നടത്തുമ്പോൾ ഭരണക്കാർ മുതലാളിമാരോടൊപ്പം, തോട്ടം തൊഴിലാളികൾ ഗതികെട്ട് പണിമുടക്കുമ്പോളും ഭരണനേതൃത്വം തോട്ടം മുതലാളിമാരോടൊപ്പം. ആനുകൂല്യങ്ങൾ വാരിക്കോരി മുതലാളിമാർക്ക് നൽകുവാൻ ഏറെയൊന്നും ചർച്ചയുടെ ആവശ്യമില്ല. മുതലാളിമാരോടൊപ്പം നിൽക്കുന്നതാണ് കീശ നിറയാൻ നല്ലത്. ബാറും സോളാറും മാത്രമല്ല, ദേശീയ ഗയിംസ്, പാറ്റൂർ ഭൂമി ഇടപാട്, ബോൾഗാട്ടി ഭൂമി ഇടപാട്, പാമോയിൽ കുംഭകോണം തുടങ്ങി പുറത്തുവന്നിട്ടുള്ള അഴിമതിക്കഥകൾതന്നെ ധാരാളമാണ്. പുറത്തുവരാത്തവ തീർച്ചയായും ധാരാളം കാണുമല്ലോ. അഴിമതി ചെറിയ പ്രശ്നമല്ല, ഗൗരവമുള്ള പ്രശ്നം തന്നെ. പക്ഷേ ഈ അഴിമിതിയും അനുബന്ധ സംഭവവികാസങ്ങളും ചേർന്ന് ജനങ്ങളുടെ യഥാർത്ഥ ജീവിത പ്രശ്നങ്ങളിൽനിന്നും ജനശ്രദ്ധ വഴിതിരിച്ചുവിടുകയാണ്. വിശേഷിച്ചും അഴിമതിക്കെതിരെ നടക്കുന്ന സമരാഭാസങ്ങൾ അഴിമതിക്കും ജനജീവിതത്തിലെ നീറുന്ന പ്രശ്നങ്ങൾക്കുമെതിരെ ശരിയായ ഒരു പ്രക്ഷോഭം വളർന്നുവരുന്നതിന് വിഘാതം സൃഷ്ടിക്കുകയാണ്.

ജനങ്ങൾ സംഘടിച്ചേ മതിയാകൂ. ജാതി, മതം, ഭാഷ, പ്രദേശം, സങ്കുചിതമായ കക്ഷിരാഷ്ട്രീയ താൽപര്യങ്ങൾ തുടങ്ങി എല്ലാ അതിർവരമ്പുകളും ഭേദിച്ച്, പണിയെടുക്കുന്നവൻ, സാധാരണക്കാരൻ ഒരുമിക്കേണ്ടുന്ന അടിയന്തര സന്ദർഭമാണിത്. സാമൂഹ്യ ജീവിത്തിന്റെ സമസ്ത മേഖലകളിലും പിടിമുറുക്കുന്ന മൂലധനശക്തികൾക്കും മൂലധന ശക്തികൾക്കുവേണ്ടി മാത്രം പ്രവർത്തിക്കുന്ന സർക്കാരുകൾക്കുമെതിരെ സന്ധിയില്ലാത്ത പോരാട്ടമാണ് വളർന്നുവരേണ്ടത്. അത് സമരാഭാസങ്ങളോ ചടങ്ങ് സമരങ്ങളോ ആകുക സാദ്ധ്യമല്ല. ഉന്നതമായ സംസ്കാരത്തിലും ഉയർന്ന സദാചാര ധാർമ്മിക നീതിബോധത്തിലും അധിഷ്ഠിതമായ വിട്ടുവീഴ്ചയില്ലാത്ത പ്രക്ഷോഭണം; അതൊന്നിനുമാത്രമേ ജനജീവിതത്തിലെ പ്രശ്നങ്ങൾക്ക് അടിസ്ഥാനപരിഹാരം കാണാൻ സാധിക്കൂ.

തെരഞ്ഞടുപ്പുകൾ ഇന്ന് ജനങ്ങളുടെ വിഷയമല്ലാതായിക്കൊണ്ടിരിക്കുന്നു എന്നത് ഗൗരവത്തോടെ കാണേണ്ട കാര്യമാണ്. അധികാരദുര മൂത്ത കുറെ നേതാക്കൻമാരുടെയും പ്രസ്ഥാനങ്ങളുടെയും ആഗ്രഹ പൂർത്തീകരണത്തിനുള്ള ഒരു ഏർപ്പാടായി അത് അധഃപതിച്ചിരിക്കുന്നു. അധികാരത്തിലെത്തുന്നവർ ആരായാലും ഒരേ നയങ്ങൾതന്നെ നടപ്പിലാക്കി മുതലാളിവർഗ്ഗ സേവ തുടരുന്നു. ഇവിടെ തെരഞ്ഞെടുപ്പുകളെയും രാഷ്ട്രീയ പോരാട്ടത്തിന്റെ വേദിയാക്കിത്തീർക്കുക എന്ന ശ്രമകരമായ ദൗത്യമാണ് ജനങ്ങൾക്ക് നിർവ്വഹിക്കാനുള്ളത്. ജനാഭിലാഷത്തെ പ്രതിനിധീക

*(ശേഷം 6-ാം പേജിൽ)*

# എയ്ഡഡ് സ്കൂളുകളിലെ പ്രീപ്രൈമറി അദ്ധ്യാപകരും ആയമാരും കണ്ണൂർ കളക്ട്രേറ്റ് മാർച്ചും ധർണ്ണയും നടത്തി



കളക്ട്രേറ്റ് മാർച്ചും ധർണ്ണയും ഷൈല.കെ.ജോൺ ഉദ്ഘാടനം ചെയ്യുന്നു

**ക**ണ്ണൂർ ജില്ലാ പ്രീപ്രൈമറി ടീച്ചേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ജനുവരി 16ന് കണ്ണൂർ കലക്ട്രേറ്റ് മാർച്ചും ധർണ്ണയും നടന്നു. എയ്ഡഡ് സ്കൂളുകളിലെ പ്രീപ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും സർക്കാർ സർവ്വീസിന് തുല്യമായ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുക, പ്രീപ്രൈമറിയെ എയ്ഡഡ് സ്കൂളുകളുടെ ഭാഗമായി അംഗീകരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് കലക്ട്രേറ്റ് മാർച്ചും ധർണ്ണയും നടത്തിയത്. സ്ത്രീ സുരക്ഷാസമിതി സംസ്ഥാന വൈസ് പ്രസിഡണ്ട് ഷൈല. കെ.ജോൺ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രീപ്രൈമറി ടീച്ചേഴ്സ് അസോസിയേഷൻ ജില്ലാ സെക്രട്ടറി വി.വിജയഷോമ അദ്ധ്യക്ഷത വഹിച്ചു.

കെയുഎസ്ടിഒ ജില്ലാ സെക്രട്ടറി അനൂപ് ഏരിമറ്റം, പ്രീപ്രൈമറി ടീച്ചേഴ്സ് അസോസിയേഷൻ കോഴിക്കോട് ജില്ലാ സെക്രട്ടറി പി.വനജ, പ്രീപ്രൈമറി ടീച്ചേഴ്സ് അസോസിയേഷൻ ജില്ലാ നേതാക്കളായ ബി. വൃന്ദ, പി.ഖമറുന്നീസ, എൻ.അജിത, ഷീന എന്നിവർ പ്രസംഗിച്ചു. ■

# വി.കെ.ജോയ് അനുസ്മരണവും മതേതര – ജനാധിപത്യ – മാനവിക സംഗമവും




ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു. അഡ്വ. മാത്യു വേളങ്ങാടൻ, കെ.പി.മനോഹരൻ, പി.വി.സുരേഷ് ബാബു, ടി.ബി.വിശ്വനാഥൻ, കെ.എ.വിനോദ് തുടങ്ങിയവർ വേദിയിൽ

**ജ**നകീയ പ്രതിരോധ സമിതി ചേർത്തല താലൂക്ക് പ്രസിഡന്റും സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിലെ നിറസാന്നിദ്ധ്യവുമായിരുന്ന വി.കെ ജോയിയുടെ അനുസ്മരണം വിപുലമായ പരിപാടികളോടെ നടന്നു. ജനുവരി 6ന് രാവിലെ 10.30ന് ചേർത്തല എസ്.എൻ പാരലൽ കോളേജിൽ മുതിർന്ന ഫോട്ടോഗ്രാഫർ വി.കെ.ഷേണായ് അനുസ്മരണ പരിപാടി ഉദ്ഘാടനം ചെയ്തു. ജനകീയ പ്രതിരോധ സമിതി താലൂക്ക് പ്രസിഡന്റ് കെ.ആർ സോമശേഖരപ്പണിക്കർ അദ്ധ്യക്ഷനായിരുന്നു. എം.കൃഷ്ണകുമാർ മുഖ്യപ്രഭാഷണം നടത്തി. കെ.സി.രമേശൻ, കെ.എസ്.ശശിധരൻ, മാരാരിക്കുളം വിജയൻ, കെ.പ്രതാപൻ എന്നിവർ പ്രസംഗിച്ചു.

വൈകിട്ട് 4ന് നടന്ന മതേതര-ജനാധിപത്യ-മാനവിക സംഗമം, ജനകീയ പ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. താലൂക്ക് സെക്രട്ടറി കെ.പി. മനോഹരൻ അദ്ധ്യക്ഷനായിരുന്നു. ജില്ലാ പ്രസിഡന്റ് അഡ്വ. മാത്യൂ വേളങ്ങാടൻ മുഖ്യപ്രഭാഷണം നടത്തിയ സമ്മേളനത്തിൽ, ആർ.പാർത്ഥസാരഥി വർമ്മ വിഷയാവതരണം നടത്തി. ടി.ബി.വിശ്വനാഥൻ, എസ്.സീതിലാൽ, എ. സെബാസ്റ്റ്യൻ, കെ.എ.വിനോദ്, പി.വി.സുരേഷ് ബാബു എന്നിവർ പ്രസംഗിച്ചു. 6 മണിക്ക് നടന്ന കാവ്യസന്ധ്യ കെ.ആർ.സോമശേഖരപ്പണിക്കർ നയിച്ചു. ■

**ജനാധിപത്യ വിദ്യാഭ്യാസ അവകാശ പ്രഖ്യാപന രേഖ...........**

*(3-ാം പേജിൽ നിന്ന്)*

സ്ഥിതവും സാർവ്വത്രികവുമായിരിക്കണമെന്ന ഭരണഘടനയുടെ അനുശാസനങ്ങളെ കാറ്റിൽപ്പറത്തുന്ന ഭരണാധികാരികൾ, ഉന്നത വിദ്യാഭ്യാസ രംഗത്ത് കൊള്ളലാഭം കൊയ്യാൻ ആഗോളകോർപ്പറേറ്റുകൾക്ക് കേരളത്തിന്റെ മണ്ണ് വിട്ടുകൊടുക്കുന്നു. ഭൂമി രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി, റോഡ്, ജലം, ഇലക്ട്രിസിറ്റി തുടങ്ങിയവയെല്ലാം അക്കാദമിക് സിറ്റി അതോറിട്ടിയെന്ന ഏകജാലകത്തിലൂടെ നിക്ഷേപകർക്ക് ഓഫർ ചെയ്തു കഴിഞ്ഞു. എന്നാൽ, ഇന്ത്യയിലെ സാമാന്യ ജനങ്ങൾക്ക് ബാധകമായ ഒരു നിയമവും SEPZ എന്ന പ്രത്യേക ചൂഷണ മേഖലയ്ക്ക് ബാധകമല്ല.

സർവ്വകലാശാല എന്ന സങ്കൽപ്പത്തെ വാണിജ്യ മേഖലയ്ക്ക് അനുയോജ്യമായ വിധത്തിൽ ഉടച്ചു വാർത്ത് സ്മാർട്ട് ക്ലാസ് റൂമുകളും ഡിജിറ്റൽ ലോകവും റിക്രിയേഷൻ ക്ലബ്ബുകളും മറ്റുമൊക്കെ പണിത് കുറ്റൻ ലാഭം ഉറപ്പാക്കികൊടുക്കാൻ അധികാരികൾ നടത്തിവന്ന നീക്കങ്ങളുടെ പരിണത ഫലമാണ് ഗ്ലോബൽ എജ്യൂക്കേഷൻ മീറ്റ് എന്ന വിദ്യാഭ്യാസ വിരുദ്ധ സംഗമം.

SEPZ അഥവാ സ്പെഷ്യൽ എക്സ്പോർട്ട് പ്രോസസ്സിംഗ് സോൺ പൗരാവകാശ ധ്വംസനങ്ങൾ നടക്കുന്ന കേന്ദ്രങ്ങളാണ്. അത്തരം മേഖലകൾ നമ്മുടെ സർവ്വകലാശാലകളുടെ ഭാവി ഇരുളടഞ്ഞതാക്കി തീർക്കുമെന്ന കാര്യം നിസ്തർക്കമാണ്. അതിനുള്ള മൂർത്തമായ പദ്ധതികളാണ് *Kovalam Declaration on making Kerala a hub for International Education* എന്ന രേഖയിൽ ക്രോഡീകരിപ്പെട്ടിരിക്കുന്നത്. ജനാധിപത്യ വിദ്യാഭ്യാസം അവസാനിപ്പിച്ച് ആഗോള കോർപ്പറേറ്റ് വിദ്യാഭ്യാസം ആരംഭിക്കുന്നുവെന്നാണ് ആ പ്രഖ്യാപനത്തിന്റെ അർത്ഥം. കമ്പോളത്തിന്റെ ചങ്ങലക്കെട്ടുകളിൽ മനുഷ്യനെ ബന്ധനസ്ഥനാക്കുക എന്നതാണ് കോവളം പ്രഖ്യാപനത്തിന്റെ ലക്ഷ്യം.

അതിനെതിരെ ജനാധിപത്യ-മതേതര വിദ്യാഭ്യസത്തിന്റെ ബാനർ നാം-സേവ് എജ്യൂക്കേഷൻ പ്രസ്ഥാനം- ഉയർത്തിപ്പിടിക്കുന്നു. വിദ്യാഭ്യാസം ലോകവ്യാപാരത്തിന്റെ ഭാഗമല്ലെന്ന് നാം പ്രഖ്യാപിക്കുന്നു. വിദ്യാഭ്യാസം നമ്മുടെ ജന്മാവകാശമാണെന്ന് സ്വാതന്ത്ര്യസമര നായകൻ ബാലഗംഗാധര തിലകൻ ബ്രിട്ടീഷ് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ ഒരിക്കൽ പ്രഖ്യാപിച്ചു. അതൊരു സ്വാതന്ത്ര്യ പ്രഖ്യാപനമായിരുന്നു. ആ സ്വാതന്ത്ര്യത്തിന്റെ എഴുപതാം വാർഷികത്തിലേക്കു പ്രവേശിക്കുമ്പോൾ നമ്മുടെ എല്ലാ വിദ്യാഭ്യാസ അവകാശങ്ങളും കവർന്നെടുക്കാൻ ലോക വ്യവസായികൾ കടന്നുവരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകാനുള്ള എല്ലാവിധ ഉത്തരവാദിത്വങ്ങളും ഒഴിയുകയും ചെയ്യുന്നു.

വിദ്യാഭ്യാസം ഒരു ആഗോളചരക്കാകാൻ നാം അനുവദിക്കില്ല. ലാഭതൃഷ്ണയില്ലാത്ത മാനവ സമൂഹത്തിന്റെ അറിവും നെറിവും പുതുതലമുറകൾക്ക് പകർന്നു നൽകുന്ന ഒരു മഹത്തായ പ്രക്രിയയാണ് വിദ്യാഭ്യാസം. സ്വകാര്യ മൂലധന താൽപര്യങ്ങൾ വിദ്യാഭ്യാസ മേഖലയിൽ ഒരു തലത്തിലും പ്രോത്സാഹിപ്പിക്കാൻ പാടുള്ളതല്ല. അതുകൊണ്ടുതന്നെ മാനവികതയെ സംരക്ഷിക്കാനാഗ്രഹിക്കുന്നവർക്ക്, ആഗോളവൽകൃതമായ കമ്പോളത്തിന്റെ ബന്ധനങ്ങളിൽ നിന്ന് മനുഷ്യനെയും അവന്റെ ചിന്തയെയും വിദ്യാഭ്യാസത്തെയും മോചിപ്പിക്കാനുള്ള ഉത്തരവാദിത്തമുണ്ട്.

പ്രാഥമികതലം മുതൽ ഉന്നത വിദ്യാഭ്യാസം വരെയുള്ള, ജനങ്ങളുടെ വിദ്യാഭ്യാസ ചുമതല-വിശേഷിച്ചും അതിന്റെ സാമ്പത്തിക ചുമതല-സർക്കാരിന്റേതാണ്.അതിൽ നിന്നൊഴിയാൻ ജനാധിപത്യ സർക്കാരുകൾക്ക് അവകാശമില്ല. ലാലാ ലജ്പതറായി ഒരിയ്ക്കൽ പറഞ്ഞു സർക്കാർ വരുമാനം ഒന്നാമതായി മുടക്കേണ്ടത് വിദ്യാഭ്യാസത്തിനാണ്. സ്വകാര്യ ഏജൻസികൾ വഴി ദേശീയ വിദ്യാഭ്യാസം നൽകാനുള്ള ഏതു ശ്രമവും വ്യർത്ഥമാണ്.

ആയതിനാൽ, വിദ്യാഭ്യാസത്തിന്റെ വിമോചനധർമ്മം കണ്ടെത്തിയ ആധുനിക മനുഷ്യന്റെ ജീവിതവും നിലനിൽപ്പും സംരക്ഷിക്കപ്പെടണം. നാം പടുത്തുയർത്തിയ പൊതു-ജനാധിപത്യവിദ്യാഭ്യാസം അതിന്റെ പൂർണ്ണാർത്ഥത്തിൽ സംരക്ഷിക്കപ്പെട്ടേ മതിയാകൂ. സാമ്പത്തികാധികാര ശക്തികൾ വിദ്യാഭ്യാസത്തെ നിയന്ത്രിക്കുന്ന ഇന്നത്തെ രാഷ്ട്രീയ-സാമൂഹിക ചുറ്റുപാടിനെതിരായ പ്രക്ഷോഭത്തിലൂടെ നമുക്ക് വിദ്യാഭ്യാസത്തെ വീണ്ടെടുക്കാം, സംരക്ഷിക്കാം. ■

# വിനാശകരമായ ഗ്ലോബൽ എജ്യൂക്കേഷൻ മീറ്റിനെതിരെ എഐഡിഎസ്ഒ




**ഗ്ലോബൽ എജ്യൂക്കേഷൻ മീറ്റിനെതിരെ സെക്രട്ടേറിയറ്റിന് മുന്നിൽ നടന്ന പ്രകടനം എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ഇ.എൻ.ശാന്തിരാജ്, സെക്രട്ടറി ബിനുബേബി എന്നിവർ നയിക്കുന്നു**

**കോ**വളം ലീലാ ഹോട്ടലിൽ കേരള സർക്കാർ സംഘടിപ്പിക്കുന്ന ആഗോള വിദ്യാഭ്യാസ സംഗമത്തിനെതിരെ എഐഡിഎസ്ഒ സെക്രട്ടേറിയറ്റ് നടയിൽ പ്രതിഷേധ പ്രകടനം നടത്തി. സംസ്ഥാന സെക്രട്ടറി ബിനുബേബി പ്രതിഷേധ സമ്മേളനം ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസത്തെ ആഗോളച്ചരക്കാക്കാനും തടസ്സങ്ങളില്ലാതെ വിദ്യാഭ്യാസ വ്യാപാരം നടത്താനുമാണ് സ്പെഷ്യൽ എക്സ്പോർട്ട് പ്രോസസിംഗ് സോൺ മാതൃകയിൽ പ്രത്യേക വിദ്യാഭ്യാസ മേഖല ആരംഭിക്കുന്നതിനായി ആഗോള സംഗമം സംഘടിപ്പിക്കുന്നത് എന്ന് അദ്ദേഹം പറഞ്ഞു. ഉന്നതവിദ്യാഭ്യാസ കൗൺസിൽ ചെയർമാൻ ടി.പി. ശ്രീനിവാസനെ കയ്യേറ്റം ചെയ്ത എസ്.എഫ്.ഐ പ്രവർത്തകരുടെ നടപടി അപലപനീയമാണ്. ജനാധിപത്യ സമരങ്ങളെ തകർക്കാനും വിദ്യാഭ്യാസ വിരുദ്ധനയങ്ങൾ നടപ്പിലാക്കുന്നതിന് അധികാരികൾക്ക് കരുത്തുപകരാനുമേ ഇത്തരം പ്രവൃത്തികൾ സഹായിക്കൂ. കയ്യേറ്റം നടന്നപ്പോൾ അടുത്തുണ്ടായിരുന്ന പോലീസിന്റെ നിഷ്ക്രിയത്വം സംശയാസ്പദമാണ്. സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തെ കവർന്നെടുത്തുകൊണ്ട് വിദ്യാഭ്യാസ ക്രമത്തെ കമ്പോളത്തിന് ആവശ്യമായ രീതിയിൽ പുനഃസംഘടിപ്പിക്കുവാൻ കേരളത്തിന്റെ മണ്ണിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ സ്ഥാപിച്ചത് എൽ.ഡി.എഫ് സർക്കാരിന്റെ കാലത്താണ്. വിദ്യാഭ്യാസത്തെ വിൽപ്പനയ്ക്ക് വയ്ക്കാനുള്ള കോവളം ചൂഷക സംഗമത്തിനെതിരെ വിദ്യാഭ്യാസ സ്നേഹികൾ അണിനിരക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ഇ.എൻ. ശാന്തിരാജ്, സംസ്ഥാന വൈസ് പ്രസിഡന്റ് കെ. ബിമൽജി, എസ്. ശ്രീകുമാർ, കെ.പി. സാൽവിൻ, പി.കെ പ്രഭാഷ് എന്നിവർ പ്രകടനത്തിന് നേതൃത്വം നൽകി. ■

# രോഹിത് വെമുലയുടെ ആത്മഹത്യ:

## ആരോപണവിധേയരായ കേന്ദ്രതൊഴിൽ മന്ത്രി ബന്ദാരു ദത്താത്രേയയും കേന്ദ്രമാനവവിഭവശേഷി വികസന വകുപ്പു മന്ത്രി സ്മൃതി ഇറാനിയും സർവ്വകലാശാല വൈസ് ചാൻസിലർ പ്രൊഫ.അപ്പറാവുവും രാജിവയ്ക്കുക.




രോഹിത് വെമുലയുടെ മരണത്തിനുത്തരവാദികൾ രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) കോട്ടയം നഗരത്തിൽ നടത്തിയ പ്രകടനം

**ബി**ജെപി നേതൃത്വം അനുവർത്തിച്ചുപോരുന്ന വിവേചനത്തിന്റെയും വിഭാഗീയതയുടെയും രാഷ്ട്രീയത്തിന്റെ ഒടുവിലത്തെ ഇരയാണ് രോഹിത് വെമുല. നായാടി മുതൽ നമ്പൂതിരി വരെയുള്ള 108 ജാതി വിഭാഗങ്ങളെയും ഒന്നിച്ചൊരു കുടക്കീഴിൽ അണിനിരത്തുന്നുവെന്ന് വീമ്പുപറയുമ്പോഴും ഹിന്ദുത്വ അജണ്ട മുറുകെപ്പിടിക്കുന്ന ബിജെപിയുടെയും സംഘപരിവാരശക്തികളുടെയും വാഴ്ചയിൽ അതിന്റെ അഭേദ്യഭാഗമായ ചാതുർവർണ്യ വ്യവസ്ഥയുടെയും ജാതിവിവേചനത്തിന്റെയും പിടിയിൽനിന്നും ജനങ്ങൾക്ക് മോചനമില്ല എന്നതിന്റെയും ഒടുവിലത്തെ ഉദാഹരണമാണ് രോഹിത് സംഭവം. ഹരിയാനയിൽനിന്നും യുപിയിൽനിന്നും കർണ്ണാടകത്തിൽനിന്നുമെല്ലാം നാം കേൾക്കുന്നത് ബിജെപിയുടെ ഫാസിസ്റ്റ് രാഷ്ട്രീയത്തിനുമുന്നിൽ ജീവൻതന്നെ വിലയായി കൊടുക്കേണ്ടി വരുന്ന സംഭവങ്ങളാണ്. വിശേഷിച്ചും ദളിത്, പിന്നാക്ക വിഭാഗങ്ങൾക്ക്.

രോഹിത് സംഭവം മൂന്ന് കാര്യങ്ങൾ പ്രധാനമായും നമ്മുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നു. ഒന്ന്, ബിജെപി, സംഘപരിവാർ സംഘടനകളുടെ രാഷ്ട്രീയം എത്രമേൽ അപകടകരമായിക്കൊണ്ടിരിക്കുന്നു എന്നത്. മറ്റൊന്ന് ഭാരതത്തിൽ വിദ്യാഭ്യാസ രംഗവും ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളടക്കമുള്ള വിദ്യാലയങ്ങളും എത്തിനിൽക്കുന്ന ഞെട്ടിക്കുന്ന ധാർമ്മികാധ:പതനത്തിന്റെ സ്ഥിതിവിശേഷം. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളടക്കം പ്രൊഫഷണൽ വിദ്യാലയങ്ങൾ സാധാരണക്കാരന് അപ്രാപ്യമാകുന്നു എന്നതാണ് ഇനിയുമൊരു വസ്തുത.

ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റി എന്ന ഇന്ത്യയിലെതന്നെ എണ്ണപ്പെട്ട ഉന്നതവിദ്യാഭ്യാസസ്ഥാപനത്തിലെ ഗവേഷക വിദ്യാർത്ഥിയായിരുന്നു രോഹിത് വെമുല. പ്ലാന്റ് സയൻസിൽ സിഎസ്ഐആർ ഫെലോഷിപ്പും സയൻസ് ആൻഡ് ടെക്നോളജിയിൽ യുജിസി- ജെആർഫും ലഭിച്ച സമർത്ഥനായ വിദ്യാർത്ഥി. സംവരണത്തിന്റെ ആനുകൂല്യമുണ്ടായിട്ടും അതിന് നിൽക്കാതെ മെറിറ്റ് ലിസ്റ്റിൽ അഡ്മിഷൻ നേടിയ മിടുക്കൻ. അംബേദ്കർ സ്റ്റുഡന്റ്സ് അസ്സോസിയേഷൻ എന്ന സംഘടനയുടെ സജീവ പ്രവർത്തകനും സംഘാടകനുമായിരുന്ന രോഹിത് ഒരു ദരിദ്ര കുടുംബത്തിന്റെ അത്താണിയായിരുന്നു. എബിവിപി പ്രവർത്തകരുമായി ക്യാമ്പസ്സിനകത്തുണ്ടായ പ്രശ്നങ്ങളെത്തുടർന്ന് രോഹിതും മറ്റ് നാല് വിദ്യാർത്ഥികളും സസ്പെൻഡ് ചെയ്യപ്പെട്ടിരുന്നു. സസ്പെൻഷനിലായ രോഹിതിന്റെ ഫെല്ലോഷിപ്പ് തടഞ്ഞു വയ്ക്കുകയും ക്യാമ്പസ്സിനുള്ളിൽ ഹോസ്റ്റൽ, ലൈബ്രറി, കാന്റീൻ തുടങ്ങിയ ഇടങ്ങളിലെല്ലാം പ്രവേശനം നിഷേധിക്കപ്പെടുകയും ചെയ്തു. നിരാധാരനായ രോഹിത് ക്യാമ്പസ്സിനുള്ളിൽ കുടിലുകെട്ടി കഴിയേണ്ട സാഹചര്യവുമുണ്ടായി.

മുസഫർപൂരിൽ നടന്ന വർഗ്ഗീയ കലാപത്തെക്കുറിച്ച് തയ്യാറാക്കപ്പെട്ട 'മുസഫർ നഗർ ബാകി ഹേ' എന്ന ഡോക്യുമെന്ററിയുടെ പ്രദർശനത്തെത്തുടർന്ന് ക്യാമ്പസ്സിനകത്ത് എബിവിപി പ്രവർത്തകരുമായി നടന്നുവെന്നു പറയപ്പെടുന്ന ഏറ്റുമുട്ടലാണ് സംഭവങ്ങളുടെ തുടക്കം. മുസഫർപൂർ കലാപം ബിജെപിയുടെ ആസൂത്രിത ഗൂഢാലോചനയാണ് എന്നു വ്യക്തമാക്കുന്നതായിരുന്നു ഡോക്യുമെന്ററി. രോഹിതിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ സുശീൽകുമാർ എന്ന എബിവിപി പ്രവർത്തകനെ മർദ്ദിച്ചതായാണ് പരാതി. പരാതിയിൻമേൽ സർവ്വകലാശാല അധികൃതർ നടത്തിയ അന്വേഷണത്തിൽ രോഹിത് കുറ്റക്കാരനല്ല എന്ന് വ്യക്തമാക്കപ്പെട്ടിരുന്നു. പരാതി തന്നെ വ്യാജമായിരുന്നു എന്ന് ഇപ്പോൾ വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. പരാതിക്കാരനായ സുശീൽകുമാർ മർദ്ദനമേറ്റല്ല ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടത്, മറിച്ച് അപ്പന്റിസൈറ്റിസ് ഓപ്പറേഷനുവേണ്ടിയായിരുന്നു എന്ന് ഡോക്ടർ തന്നെ സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ ബിജെപി നേതാവും കേന്ദ്രതൊഴിൽ മന്ത്രിയുമായ ബന്ദാരു ദത്താത്രേയയുടെ പ്രത്യേക നിർദ്ദേശപ്രകാരം കേന്ദ്ര മാനവവിഭവ വികസന ശേഷി വകുപ്പു മന്ത്രി സ്മൃതി ഇറാനി രോഹിതിനും കൂട്ടുകാർക്കുമെതിരെ നടപടിയെടുക്കാൻ സർവ്വകലാശാല അധികാരികളുടെമേൽ സമ്മർദ്ദം ചെലുത്തുകയുണ്ടായി. കേന്ദ്രത്തിന്റെ സമ്മർദ്ദങ്ങൾക്ക് വിധേയമായി സർവ്വകലാശാല ഒരു ഉപസമതി രൂപീകരിച്ചു. രോഹിതിനൊപ്പം മറ്റ് നാലുപേരെക്കൂടെ ഉപസമിതി സസ്പെൻഡ് ചെയ്തു. (നാലുപേരും ദളിത് വിഭാഗത്തിൽപെടുന്നവർതന്നെ) പഴയ വിസിയെ മാറ്റി പുതിയ വിസിയെ നിയമിച്ചാണ് രോഹിതിനെയും കൂട്ടരെയും സസ്പെൻഡ് ചെയ്തത്. പുതിയതായി നിയമിതനായ വിസി അപ്പാറാവുവാകട്ടെ പതിമൂന്നു വർഷം മുമ്പ് ചീഫ് വാർഡൻ ആയിരുന്നപ്പോൾ പതിമൂന്ന് ദളിത് വിദ്യാർത്ഥികളെ പുറത്താക്കുവാൻ മുൻകൈ എടുത്തിട്ടുള്ള ആളുമാണ്. ഇതിലൂടെയെല്ലാം ക്യാമ്പസ്സിനകത്ത് സാമൂഹ്യ ബഹിഷ്ക്കരണത്തിന് ഇരയാവുകയായിരുന്നു രോഹിതും കൂട്ടരും. ഇതെല്ലാം സൃഷ്ടിച്ച സമ്മർദ്ദം താങ്ങാനാകാതെ ഒടുവിൽ ഹോസ്റ്റലിൽ സുഹൃത്തിന്റെ മുറിയിൽ താൻ പ്രതിനിധീകരിച്ചിരുന്ന പ്രസ്ഥാനത്തിന്റെ കൊടിയിൽ രോഹിത് ജീവനൊടുക്കി.

ക്യാമ്പസ്സിനകത്ത് നിസ്സാരമായി തീരുമായിരുന്ന ഒരു പ്രശ്നത്തെ ബിജെപി നേതൃത്വം വൈരാഗ്യബുദ്ധിയോടെ നേരിട്ടപ്പോൾ സമർത്ഥനായ ഒരു ചെറുപ്പക്കാരന് സ്വന്തം ജീവനാണ് ബലിയായി നൽകേണ്ടി വന്നത്. രോഹിതിനെതിരെ രാഷ്ട്രീയമായ പകപോക്കലാണ് ഉണ്ടായത്. വധശിക്ഷക്കെതിരെ ക്യാമ്പസ്സിൽ പ്രചാരണം നടത്തി എന്നതും രോഹിതിനെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റമാണ്. വധശിക്ഷ യാക്കൂബ് മേമന്റേതാകുമ്പോൾ ബിജെപിയെ സംബന്ധിച്ചിടത്തോളം വിഷയം രാഷ്ട്രീയമാകും. ബിജെപിയുടെ രാഷ്ട്രീയത്തിനെതിരെ നിലകൊള്ളുന്നവരെ വകവരുത്തുക എന്ന നയം കൂടുതൽ വ്യക്തമാക്കപ്പെടുകയാണ്.

'എന്റെ ജനനമാണ് എന്റെ കുറ്റം' എന്ന് ആത്മഹത്യ കുറിപ്പിൽ ചൂണ്ടിക്കാട്ടി ചെറുപ്പംമുതൽ താൻ അനുഭവിച്ചുവന്ന വിവേചനം രോഹിത് എടുത്തു പറയുന്നു. ദളിത് വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകുമ്പോൾ പത്തുമില്ലിഗ്രാം സോഡിയം ആസിഡ് കൊടുക്കുക അല്ലെങ്കിൽ അവരുടെ ഹോസ്റ്റൽ മുറികളിൽ കയറുകൾ എത്തിച്ചുകൊടുക്കുക എന്ന് ആത്മഹത്യാ കുറിപ്പിൽ രോഹിത് പറയുമ്പോൾ ദളിത് പിന്നാക്ക വിഭാഗത്തിൽ പെടുന്ന കുട്ടികൾ കൃമ്പസ്സിനുള്ളിൽ അഭിമുഖീകരിക്കുന്ന മാനസികവും ശാരീരികവുമായ പീഡനത്തിൽനിന്നുയരുന്ന ആത്മരോദനവും രോഷവുമായിരുന്നു അത് എന്ന് മനസ്സിലാക്കാനാകും. ഹൈദരാബാദ് സർവ്വകലാശാലയിൽ കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ ആത്മഹത്യ ചെയ്യുന്ന ഒമ്പതാമത്തെ ദളിത് വിദ്യാർത്ഥിയാണ് രോഹിത് എന്നു കണക്കുകൾ പറയുമ്പോൾ, രാജ്യത്താകമാനം, ആൾ ഇന്ത്യ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലടക്കം, കഴിഞ്ഞ നാലുവർഷത്തിനിടയിൽ 18 ആത്മഹത്യകൾ ഇപ്രകാരം നടന്നിട്ടുണ്ട് എന്നു കണക്കുകൾ സാക്ഷ്യപ്പെടുത്തുമ്പോൾ സമൂഹത്തിന്റെ ജനാധിപത്യവൽക്കരണം എത്ര വലിയ ഉത്തരവാദിത്തമാണ് എന്നതാണ് വ്യക്തമാക്കപ്പെടുന്നത്. പ്രതിഭകളെയും ഭാവി സമൂഹത്തിന് വഴികാട്ടികളാകേണ്ടവരെയും കരുതലോടെ വാർത്തെടുക്കേണ്ടുന്ന ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇന്ന് സ്ഥാപിത താൽപര്യക്കാരുടെ പിടിയിലമർന്ന് ഗവേഷകരുടെ കുരുതിനിലമായി മാറിക്കൊണ്ടിരിക്കുന്നു.

സംഭവത്തിൽ ഖേദം രേഖപ്പെടുത്താൻ പോലും മുതിരാതെ രോഹിത് ദളിത് വിദ്യാർത്ഥിയല്ലെന്നും ആത്മഹത്യക്കുറിപ്പിൽ ആരെയും കുറ്റപ്പെടുത്തുന്നില്ല എന്നും രോഹിതിനെതിരെ നടപടിയെടുത്ത സമിതിയുടെ തലവൻതന്നെ ദളിത് വിഭാഗത്തിൽ പെടുന്ന ആളാണ് എന്നുമൊക്കെയുള്ള വാദഗതികൾ അങ്ങേയറ്റം അപലപനീയമാണ്. കേന്ദ്രമന്ത്രിയുടെ പ്രസ്താവനയിൽ പ്രതിഷേധിച്ച് പതിനഞ്ച് അദ്ധ്യാപകർ രാജി സമർപ്പിച്ചിരിക്കുന്നു.

ദളിതന് വിദ്യ അന്യമായിരുന്ന ഫ്യൂഡൽ കാലഘട്ടത്തെ നിരാകരിച്ച് സമൂഹം മുന്നേറിയത് ജനാധിപത്യ ആശയങ്ങളുടെ കരുത്തിലാണ്, വിദ്യയുടെയും യുക്തിയുടെയും വെളിച്ചത്തിലാണ്. ജാതിയുടെ കള്ളികളിൽനിന്നും ഇടുങ്ങിയ ചിന്താഗതികളിൽനിന്നും മോചിപ്പിച്ച്, മനുഷ്യനെ സൃഷ്ടിക്കുക എന്ന ഉദാത്തമായ ലക്ഷ്യമായിരുന്നു വിദ്യാഭ്യാസം നിർവ്വഹിച്ചുപോന്നിരുന്നത്. വിപണിയുടെ താൽപര്യസംരക്ഷണം മാത്രമായി വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പുനർനിർവ്വചിക്കപ്പെട്ടപ്പോൾ അവിടെ മനുഷ്യനില്ലാതെയായി. വിദ്യാഭ്യാസം വാണിജ്യവത്ക്കരിക്കപ്പെട്ടു, വിദ്യാലയങ്ങൾ വാണിജ്യ കേന്ദ്രങ്ങളായി. സ്വയംഭരണ കോളജുകൾ, സ്വകാര്യ സർവ്വകലാശാലകൾ എല്ലാം മുതലാളിമാരുടെ ഇച്ഛയ്ക്കനുസരിച്ച് യഥേഷ്ടം ഉണ്ടായി. അദ്ധ്യാപകരും അധികാരികളും അതിനൊത്ത് വാർത്തെടുക്കപ്പെട്ടു. മൂല്യങ്ങളും മൂല്യബോധവും അപ്രത്യക്ഷമായി. സർവ്വകലാശാലകളുടെ സ്വാതന്ത്ര്യവും പരമാധികാരവും മുതലെടുപ്പ് രാഷ്ട്രീയത്തിന്റെ അതിപ്രസരത്തിൽ കൈമോശം വന്നു.

വിദ്യാഭ്യാസമേഖലയെ സമ്പൂർണ്ണമായും കാവിപുതപ്പിക്കാനുള്ള ബിജെപി-സംഘപരിവാർ നീക്കം കൂടിയാകുമ്പോൾ തകർച്ച പൂർണ്ണമാവുകയാണ്. ശാസ്ത്രത്തിനും സാമാന്യയുക്തിക്കും നിരക്കാത്ത കെട്ടുകഥകളും അന്ധവിശ്വാസങ്ങളും പാഠപുസ്തകങ്ങളിൽ കുത്തിനിറച്ചും ശാസ്ത്ര-ചരിത്ര ഗവേഷണ സ്ഥാപനങ്ങളുടെയും ഐഐഎം-ഐഐടികളുടെയും തലപ്പത്ത് സംഘപരിവാര ശക്തികളുടെ കുഴലൂത്തുകാരെ പ്രതിഷ്ഠിച്ചും പുരാതനകാലം മുതലേ, പുരാണേതിഹാസങ്ങളുടെയും ഭഗവത് ഗീതയുടെയും കാലംമുതലേ ഇക്കാണായതെല്ലാം ഉണ്ടായിരുന്നു എന്നും പറയുന്നവർ മാനവികതയുടെയും മനുഷ്യത്വത്തിന്റെയും വൈരികളാണ്. നവോത്ഥാനവും മാനവവാദവും കൊളുത്തിയ ദീപശിഖ കെടുത്തിക്കളയാൻ നോക്കുന്നവരാണ്. സംസ്കൃതിയുടെ മുന്നോട്ടുള്ള പ്രയാണത്തെ പിന്നോട്ടടിക്കാൻ വെമ്പൽ കൊള്ളുന്നവരാണ്. ഒരു തലമുറയെത്തന്നെ വന്ധ്യംകരിക്കുവാനുള്ള ആസൂത്രിത പദ്ധതികൾക്കെതിരെ ജനാധിപത്യ-മതേതര മൂല്യബോധം സമൂഹത്തിൽ സ്ഥാപിച്ചെടുക്കാനുള്ള പ്രയത്നത്തിൽ ആമഗ്നരാവുക എന്നതാണ് മനുഷ്യസ്നേഹികളുടെ അടിയന്തര കർത്തവ്യം.

തമിഴ്നാട്ടിൽ മൂന്ന് മെഡിക്കൽ വിദ്യാർത്ഥികൾ അമിത ഫീസ് താങ്ങാനാകാതെ ആത്മഹത്യ ചെയ്ത വാർത്തകൾ വന്നതും രോഹിത് സംഭവത്തിനുശേഷമാണ്. വിദ്യാഭ്യാസരംഗത്തെ വാണിജ്യവത്ക്കരണത്തിന്റെ ഇരകളാണ് ആ മൂന്നു കുട്ടികൾ. കുട്ടികളുടെ മരണത്തിന് സർക്കാരാണ് ഉത്തരവാദികൾ. വിദ്യാഭ്യാസസ്ഥാപനങ്ങൾ കുത്തിക്കവർച്ചയുടെ ഇടങ്ങളാക്കി മാറ്റിയത് സർക്കാരുകളാണ്. പാവപ്പെട്ടവരുടെ കൊലനിലങ്ങളായി മാറുകയാണ് വിദ്യാലയങ്ങൾ. സാഹചര്യപരമായ കാരണങ്ങളാൽ പാവപ്പെട്ടവരിൽ ഗണ്യമായി വരിക പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികളാണ് എന്നുമാത്രം. വിഷയത്തിന്റെ യാഥാർത്ഥ്യം ഇതാണ്. സാധാരണ സർക്കാർ സ്കൂളുകളിൽ പഠിച്ച്, ശേഷിയുടെ പിൻബലത്തിൽ പ്രൊഫഷണൽ സ്ഥാപനങ്ങളിൽ എത്തിപ്പെടുന്ന കുട്ടികൾ പലപ്പോഴും ലോണെടുത്ത് ഫീസ് അടയ്ക്കുവാൻ നിർബന്ധിതരാകുംവിധം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരായിരിക്കും. ദാരിദ്യം ഒരു കുറ്റമാണ് എന്ന ബോധം ഉൾവലിയാൻ കുട്ടികളെ പ്രേരിപ്പിക്കുന്നു. പലപ്പോഴും അദ്ധ്യാപകരുടെയും അധികാരികളുടെയും അവധാനതയില്ലാത്ത നിലപാടുകൾ അറ്റകൈ പ്രയോഗത്തിലേയക്ക് കുട്ടികളെ നയിക്കുന്നു. വിദ്യാഭ്യാസരംഗത്തെ കച്ചവടവത്ക്കരണവും കാവിവത്ക്കരണവും അവസാനിപ്പിക്കുവാനുള്ള പ്രക്ഷോഭം പടുത്തുയർത്തുക എന്നതാണ് ഈ സാഹചര്യത്തെ പ്രതിരോധിക്കുവാനുള്ള മാർഗ്ഗം എന്നതു മനസ്സിലാക്കിക്കൊണ്ട് വിദ്യാർത്ഥികളും രക്ഷിതാക്കളും വിദ്യാഭ്യാസസ്നേഹികളും അദ്ധ്യാപകരും സങ്കുചിത കക്ഷിരാഷ്ട്രീയ പരിഗണനകൾക്കും ജാതി-മത-പ്രാദേശിക-വിഭാഗീയ ചിന്താഗതികൾക്കും അതീതമായി രംഗത്തുവരേണ്ട അടിയന്തര സന്ദർഭമാണിത്. എങ്കിൽ മാത്രമേ രോഹിതിന്റെ ആത്മബലിക്ക് അർത്ഥമുണ്ടാകൂ. ■

### രാഷ്ട്രീയ ജാഥകൾ.......... *(4-ാം പേജിൽ നിന്ന് തുടർച്ച..)*

രിക്കുന്നവരെ തെരഞ്ഞെടുത്തയയ്ക്കാൻ നമുക്ക് കഴിയണം. പണച്ചാക്കുകളുടെയും മാദ്ധ്യമഭീമൻമാരുടെയും ഭരണകൂട സംവിധാനത്തിന്റെയുമൊക്കെ പിൻബലത്തോടെ നിൽക്കുന്ന ശക്തികളെ പരാജയപ്പെടുത്തുക എളുപ്പമല്ലെങ്കിലും അസാദ്ധ്യമല്ല. ഈ ദുഷ്ടശക്തിക്കെതിരായ ജനകീയ ചെറുത്തുനില്പ് നാനാപ്രകാരത്തിൽ വളർത്തിയെടുക്കാൻ നാം ശ്രമിക്കേണ്ടതുണ്ട്. നാടിന്റെ നന്മ കാംക്ഷിക്കുന്നവരുടെയാകെ പിന്തുണ അതിലേയ്ക്ക് സമാഹരിക്കാനുള്ള വൈഭവം നമ്മൾ ആർജ്ജിച്ചെടുക്കണം. ഘോഷയാത്രകളും കെട്ടുകാഴ്ചകളും പണക്കൊഴുപ്പും കയ്യൂക്കും മൂല്യച്യുതിയുമൊക്കെ കളംനിറഞ്ഞാടുന്ന ഇന്നത്തെ സാമൂഹ്യാന്തരീക്ഷത്തിന് ക്രമേണയെങ്കിലും മാറ്റമുണ്ടാക്കാൻ അതിലൂടെ കഴിയും. മനുഷ്യരാശിയുടെ പുരോഗതിയിലേയ്ക്കുള്ള പ്രയാണത്തെ തടയാൻ ഒരു ശക്തിക്കുമാകില്ല. അദ്ധ്വാനിച്ച് ജീവിക്കുന്ന ജനകോടികളുടെ ഐക്യവും കൂട്ടായ പ്രയത്നവും ഉറപ്പാക്കുകയേ വേണ്ടൂ. ആ ദിശയിലുള്ള ഉറച്ച ചുവടുവയ്പുകൾക്കായി നമുക്ക് യത്നിക്കാം. ■

**സൈദ്ധാന്തിക പാഠങ്ങൾ**

# കമ്മ്യൂണിസത്തിന്റെ തത്വങ്ങൾ

**(ഫ്രെഡറിക് എംഗൽസ് എഴുതിയത്, കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയ്ക്ക് അനുബന്ധമായി പ്രസിദ്ധീകരിച്ചിരിക്കുന്നു. 25 ചോദ്യോത്തരങ്ങളിൽ 8 എണ്ണം ഇവിടെ ചേർക്കുന്നു)**

**ചോദ്യം 1: കമ്മ്യൂണിസം എന്നാൽ എന്താണ്?**

ഉത്തരം: തൊഴിലാളി വർഗ്ഗ വിമോചനത്തിനുള്ള ഉപാധികളുടെ സിദ്ധാന്തമാണ് കമ്മ്യൂണിസം

**ചോദ്യം 2: തൊഴിലാളി വർഗ്ഗം എന്നാൽ എന്താണ്?**

ഉത്തരം: സമൂഹത്തിലെ ഏത് വർഗ്ഗമാണോ ഏതെങ്കിലും മൂലധനത്തിൽ നിന്നും കിട്ടുന്ന ലാഭം കൊണ്ടല്ലാതെ പൂർണ്ണമായും സ്വന്തം അദ്ധ്വാനം വിൽക്കുന്നതു വഴി മാത്രം ഉപജീവനമാർഗ്ഗം സമ്പാദിക്കുന്നത്. അതാണ് തൊഴിലാളി വർഗ്ഗം. അതിന്റെ സുഖവും ദുഖവും, ജീവിതവും മരണവും, അതിന്റെ നിലനിൽപ്പ് ആകെ തന്നെ ആശ്രയിച്ചിരിക്കുന്നത് അദ്ധ്വാനത്തിനുള്ള ആവശ്യകതയെയാണ്. അതായത് ബിസിനസിന്റെ നല്ല കാലവും ചീത്തക്കാലവും മാറി മാറി വരുന്നതിനെയും അനിയന്ത്രിതമായ മത്സരത്തിൽ നിന്ന് ഉളവാകുന്ന ഏറ്റക്കുറച്ചിലുകളെയുമാണ്. പ്രോലട്ടേറിയറ്റ്, അഥവാ പ്രോലെറ്റേറിയന്മാരുടെ വർഗ്ഗം, ഒറ്റവാക്കിൽ പറഞ്ഞാൽ പത്തൊമ്പതാം നൂറ്റാണ്ടിലെ പണിയാള വർഗ്ഗമാണ്.

**ചോദ്യം 3: പ്രോലെറ്റേറിയന്മാർ എക്കാലത്തും ഉണ്ടായിരുന്നില്ലെന്നല്ലേ ഇതിനർത്ഥം?**

ഉത്തരം: അതേ. പാവങ്ങളും പണിയെടുക്കുന്ന വർഗ്ഗങ്ങളും എക്കാലത്തും നിലനിന്നിട്ടുണ്ട്. പണിയെടുക്കുന്ന വർഗ്ഗങ്ങൾ സാധാരണ ഗതിയിൽ പാവങ്ങളുമായിരുന്നു. എന്നാൽ മത്സരം എക്കാലത്തും സ്വതന്ത്രവും അനിയന്ത്രിതവുമായിരുന്നില്ലെന്നത് പോലെ തന്നെ മുകളിൽ പറഞ്ഞ സാഹചര്യങ്ങളിൽ ജീവിക്കുന്ന തരത്തിലുള്ള പാവങ്ങൾ. തൊഴിലാളികൾ, അതായത് പ്രോലെറ്റേറിയന്മാർ, എക്കാലത്തും ഉണ്ടായിരുന്നില്ല.

**ചോദ്യം 4: പ്രോലെറ്റേറിയറ്റ്(തൊഴിലാളിവർഗ്ഗം) എങ്ങനെ ആവിർഭവിച്ചു?**

ഉത്തരം: കഴിഞ്ഞ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഇംഗ്ലണ്ടിൽ നടന്നതും അതിന് ശേഷം ലോകത്തിലെ എല്ലാ പരിഷ്കൃത രാജ്യങ്ങളിലും ആവർത്തിച്ചതുമായ വ്യവസായിക വിപ്ലവത്തിന്റെ ഫലമായിട്ടാണ് തൊഴിലാളി വർഗ്ഗം ഉയർന്നുവന്നത്. ആവിയന്ത്രത്തിന്റെയും പലതരം നൂൽനൂൽപ്പ് യന്ത്രങ്ങളുടെയും യന്ത്രത്തറിയുടെയും മറ്റനേകം യന്ത്രോപകരണങ്ങളുടെയും കണ്ടുപിടുത്തമാണ് ഈ വ്യവസായിക വിപ്ലവത്തെ നിലവിൽ കൊണ്ടുവന്നത്. വളരെ വിലപിടിച്ചതും അതുകൊണ്ടുതന്നെ വലിയ മുതലാളിമാർക്കുമാത്രം വാങ്ങാൻ കഴിയുന്നതുമായ ആ യന്ത്രങ്ങൾ അതേ വരെ നിലനിന്ന ഉൽപ്പാദന രീതിയെയാകെ മാറ്റിമറിച്ചു. അതേ വരെയുണ്ടായിരുന്ന തൊഴിലാളികളെ അവ പുറംതള്ളി. കാരണം, തൊഴിലാളികൾക്ക് തങ്ങളുടെ മോശപ്പെട്ട ചർക്കകളും കൈത്തറികളും കൊണ്ട് നിർമ്മിക്കാൻ കഴിഞ്ഞതിനേക്കാൾ വിലകുറഞ്ഞതും മെച്ചപ്പെട്ടതുമായ ചരക്കുകളെ യന്ത്രങ്ങൾ ഉൽപ്പാദിപ്പിച്ചു. അങ്ങനെ ഈ യന്ത്രങ്ങൾ വ്യവസായത്തെ അപ്പാടെതന്നെ വലിയ മുതലാളിമാരുടെ കൈകളിൽ ഏൽപ്പിച്ചുകൊടുക്കുകയും തൊഴിലാളികളുടെ തുച്ഛമായ സ്വത്തിന് (പണിയായുധങ്ങളും കൈത്തറികളും മറ്റും) വിലയില്ലാതെയാക്കുകയും ചെയ്തു. താമസിയാതെ സർവ്വതും മുതലാളിമാരുടെ വകയായി. തൊഴിലാളികൾക്ക് യാതൊന്നും ശേഷിച്ചില്ല. ഇങ്ങനെയാണ് തുണി ഉൽപ്പാദന രംഗത്ത് ഫാക്ടറി സമ്പ്രദായം ഏർപ്പെടുത്തിയത്. യന്ത്രോപകരണങ്ങളും ഫാക്ടറി സമ്പ്രദായവും ഏർപ്പെടുത്തുന്നതിന് ഒരിക്കൽ ഉത്തേജനം കിട്ടിയതോടെ ഫാക്ടറി സമ്പ്രദായം അതിവേഗം മറ്റെല്ലാ വ്യവസായ ശാഖകളെയും കടന്നാക്രമിച്ചു– വിശേഷിച്ച് തുണി, പുസ്തക മുദ്രണം, കളിമൺപാത്രങ്ങളുടെയും ലോഹപദാർത്ഥങ്ങളുടെയും നിർമ്മാണം എന്നീ വ്യവസായങ്ങളെ. അദ്ധ്വാനം നിരവധി തൊഴിലാളികൾക്കിടയിലായി കൂടുതൽ കൂടുതൽ വിഭജിക്കപ്പെട്ടു. മുൻപ് മുഴുവൻ ഉൽപ്പന്നവും നിർമ്മിച്ചിരുന്ന തൊഴിലാളി ഇപ്പോൾ അതിന്റെ ഒരു ഭാഗം മാത്രമേ നിർമ്മിച്ചുള്ളൂ. ഈ പ്രവൃത്തി വിഭജനത്തിന്റെ ഫലമായി ഉൽപ്പന്നങ്ങൾ കൂടുതൽ വേഗത്തിലും അങ്ങനെ വിലകുറച്ചും നിർമ്മിക്കുവാൻ കഴിഞ്ഞു. അത് ഓരോ തൊഴിലാളിയുടെയും അദ്ധ്വാനത്തെ വളരെയേറെ ലളിതവും നിരന്തരം ആവർത്തിക്കുന്നതുമായ യാന്ത്രിക പ്രവൃത്തിയായി ചുരുക്കി. ഒരു യന്ത്രത്തിന് അത്ര തന്നെയെന്നു മാത്രമല്ല, അതിലേറെ എത്രയോ നന്നായി ചെയ്യാവുന്ന പ്രവൃത്തിയാണിത്. അങ്ങനെ നൂൽനൂൽപ്പ്–നെയ്ത്ത് വ്യവസായത്തെപ്പോലെതന്നെ ഈ വ്യവസായശാലകളെല്ലാം ഒന്നൊന്നായി ആവിശക്തിയുടെയും യന്ത്രോപകരണങ്ങളുടെയും ഫാക്ടറി സമ്പ്രദായങ്ങളുടെയും ആധിപത്യത്തിൻ കീഴിലായി. എന്നാൽ അതുവഴി അവയെല്ലാം വൻകിട മുതലാളിമാരുടെ കൈകളിൽ വന്നുവീഴുകയാണുണ്ടായത്. ഇവിടെയും തൊഴിലാളികൾക്ക് സ്വാതന്ത്ര്യത്തിന്റെ അവസാനലാഞ്ചനയും നഷ്ടപ്പെട്ടു. ക്രമേണ, ശരിക്കുള്ള നിർമ്മാണ തൊഴിലിന് പുറമേ, കൈത്തൊഴിലുകളും ഫാക്ടറി സമ്പ്രദായത്തിന്റെ മേധാവിത്വത്തിന് അടിപ്പെട്ടു. കാരണം വളരെയേറെ ചെലവു ചുരുക്കിയും തൊഴിലാളികൾക്കിടയിൽ അദ്ധ്വാനം വിഭജിച്ചുകൊടുത്തും വലിയ വർക്ക്ഷോപ്പുകൾ പണിതുകൊണ്ട് ഇവിടെയും വലിയ മുതലാളിമാർ ചെറിയ കൈവേലക്കാരെ കൂടുതൽ കൂടുതൽ തള്ളിമാറ്റി. പരിഷ്കൃത രാജ്യങ്ങളിൽ അദ്ധ്വാനത്തിന്റെ ഏതാണ്ട് എല്ലാ ശാഖകളും ഫാക്ടറി സമ്പ്രദായത്തിൻ കീഴിൽ നടത്തിവരാനും ആ ശാഖകളിൽ ഒട്ടുമിക്കതിലും വൻകിട വ്യവസായം കൈത്തൊഴിലാളിയെയും നിർമ്മാണത്തെയും തള്ളിപ്പുറത്താക്കാനും ഇടയായത് ഇങ്ങനെയാണ്. ഇതിന്റെ ഫലമായി മുൻപത്തെ ഇടത്തരം വർഗ്ഗങ്ങൾ വിശേഷിച്ച് ചെറുകിട കൈവേലക്കാരായ മേസ്തിരിമാർ അധികമധികം നാശത്തിലേയ്ക്ക് തള്ളിവിടപ്പെട്ടിരിക്കുന്നു. തൊഴിലാളികളുടെ മുമ്പത്തെ സ്ഥിതി പാടേ മാറിയിരിക്കുന്നു. മറ്റെല്ലാ വർഗ്ഗങ്ങളെയും ക്രമേണ വിഴുങ്ങിക്കൊണ്ട് രണ്ട് പുതിയ വർഗ്ഗങ്ങൾ നിലവിൽ വന്നിരിക്കുന്നു. അതായത്: 1. വലിയ മുതലാളിമാരുടെ വർഗ്ഗം. എല്ലാ പരിഷ്കൃത രാജ്യങ്ങളിലും എല്ലാ ഉപജീവനോപാധികളും ആ ഉപജീവനോപാധികൾ ഉൽപ്പാദിപ്പിക്കാനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളും ഉപകരണങ്ങളും(യന്ത്രോപകരണങ്ങൾ ഫാക്ടറികൾ മുതലായവ) ഏതാണ്ട് പൂർണ്ണമായും അവരുടെ വകയാണ്. ഈ വർഗ്ഗമാണ് ബൂർഷ്വാ വർഗ്ഗം അഥവാ ബൂർഷ്വാസി. 2. യാതൊന്നും സ്വന്തമായിട്ടില്ലാത്തവരും അതുകൊണ്ട് അവശ്യം വേണ്ട ഉപജീവനോപാധികൾ ലഭിക്കുന്നതിന് പകരമായി തങ്ങളുടെ അദ്ധ്വാനം ബൂർഷ്വാകൾക്ക് വിൽക്കാൻ നിർബ്ബന്ധിതരായിട്ടുള്ളവരുമായ ആളുകളുടെ വർഗ്ഗം. ഈ വർഗ്ഗത്തെ തൊഴിലാളി വർഗ്ഗം അഥവാ പ്രോലെറ്റേറിയറ്റ് എന്ന് വിളിക്കുന്നു,

**ചോദ്യം 5: തൊഴിലാളികൾ ബൂർഷ്വാകൾക്ക് ഇങ്ങനെ അദ്ധ്വാനം വിൽക്കുന്നത് ഏത് സാഹചര്യത്തിലാണ്?**

ഉത്തരം: മറ്റേതൊരു ചരക്കിനെപ്പോലെ അദ്ധ്വാനവും ഒരു ചരക്കാണ്. മറ്റേതൊരു ചരക്കിന്റെയും വിലയെ നിർണ്ണയിക്കുന്ന നിയമങ്ങൾ തന്നെ അതിന്റെ വിലയെയും നിർണ്ണയിക്കുന്നു. വൻകിട വ്യവസായത്തിന്റെ ആധിപത്യത്തിൻ കീഴിലായാലും സ്വതന്ത്രമത്സരത്തിന്റെ ആധിപത്യത്തിൻ കീഴിലായാലും (രണ്ടും ഒന്നുതന്നെയാണെന്ന് നാം വഴിയേ കാണുന്നതാണ്.) ഒരു ചരക്കിന്റെ വില, ശരാശരി എടുത്താൽ എപ്പോഴും ആ ചരക്കിന്റെ ഉദ്പ്പാദന ചെലവിന് തുല്യമായിരിക്കും. അതുകൊണ്ട് അദ്ധ്വാനത്തിന്റെ വിലയും അദ്ധ്വാനത്തിന്റെ ഉദ്പ്പാദന ചെലവിന് തുല്യമായിരിക്കും. തൊഴിലാളിയെ അദ്ധ്വാനത്തിന് പ്രാപ്തനാക്കാനും തൊഴിലാളി വർഗ്ഗം നാശമടയാതിരിക്കാനും ആവശ്യമായ ഉപജീവനോപാധികളുടെ തുകയാണ് കൃത്യമായും അദ്ധ്വാനത്തിന്റെ ഉദ്പ്പാദന ചെലവിൽ അടങ്ങിയിരിക്കുന്നത്. എന്നുവച്ചാൽ, ഈ ഉദ്ദേശ്യത്തിന് വേണ്ടി വരുന്നതിലും കൂടുതലായി യാതൊന്നും തൊഴിലാളിക്ക് തന്റെ അദ്ധ്വാനത്തിന് പ്രതിഫലമായി ലഭിക്കുകയില്ലെന്നർത്ഥം. ജീവൻ നിലനിർത്താൻ ഏറ്റവും ചുരുങ്ങിയത്, ഏറ്റവും കുറഞ്ഞത്, എത്ര വേണോ അതായിരിക്കും അദ്ധ്വാനത്തിന്റെ വില അഥവാ കൂലി. ബിസിനസ് ചിലപ്പോൾ മോശവും ചിലപ്പോൾ മെച്ചവും ആയിരിക്കാമെന്നതുകൊണ്ട്, ഫാക്ടറി ഉടമയ്ക്ക് തന്റെ ചരക്കിന് ഒരു സമയത്ത് കൂടുതലും വേറൊരു സ്ഥലത്ത് കുറച്ചും കിട്ടുന്നു എന്നത് പോലെ തന്നെ, തൊഴിലാളിക്ക് ചിലപ്പോൾ കൂടുതലും ചിലപ്പോൾ കുറച്ചുമായിരിക്കും കിട്ടുന്നത്. എങ്കിലും നല്ല കാലമായാലും ചീത്തക്കാലമായാലും ഫാക്ടറി ഉടമയ്ക്ക് തന്റെ ചരക്കിന് ശരാശരി കിട്ടുന്നത് അതിന്റെ ഉദ്പ്പാദന ചെലവിനേക്കാൾ കൂടുതലോ കുറവോ ആയിരിക്കില്ല എന്നതുപോലെ തന്നെ, തൊഴിലാളിക്ക് ശരാശരി കിട്ടുന്നത് കുറഞ്ഞ(മിനിമം) കൂലിയേക്കാൾ കൂടുതലോ കുറവോ ആയിരിക്കുകയില്ല. അദ്ധ്വാനത്തിന്റെ എല്ലാ ശാഖകളെയും വൻകിട വ്യവസായം എത്രകണ്ട് കൂടുതൽ ഏറ്റെടുക്കുന്നോ അത്ര കണ്ട് കൂടുതൽ കർശനമായി കൂലിയെ സംബന്ധിച്ച ഈ സാമ്പത്തിക നിയമം നടപ്പാക്കപ്പെടുന്നതാണ്.

**ചോദ്യം 6: വ്യാവസായിക വിപ്ലവത്തിന് മുമ്പ്, എന്തെല്ലാം പണിയാള വർഗ്ഗങ്ങളാണ് നിലവിലുണ്ടായിരുന്നത്?**

ഉത്തരം: സമൂഹത്തിന്റെ വ്യത്യസ്ത കാലഘട്ടങ്ങളനുസരിച്ച് പണിയാള വർഗ്ഗങ്ങൾ വ്യത്യസ്ത സാഹചര്യങ്ങളിൽ ജീവിക്കുകയും സ്വത്തുടമ വർഗ്ഗങ്ങളും ഭരണാധികാരി വർഗ്ഗങ്ങളുമായി വ്യത്യസ്ത ബന്ധങ്ങൾ വച്ചുപുലർത്തുകയും ചെയ്തുവന്നു. പ്രാചീന കാലത്ത് പണിയാളർ തങ്ങളുടെ ഉടമകളുടെ അടിമകൾ ആയിരുന്നു. പല പിന്നോക്ക രാജ്യങ്ങളിലും യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ തെക്കുഭാഗത്തുപോലും അവർ ഇന്നും അങ്ങനെയാണ്. മദ്ധ്യയുഗങ്ങളിൽ അവർ ഭൂ ഉടമകളായ പ്രഭു വർഗ്ഗത്തിന്റെ അടിയാളന്മാരായിരുന്നു. ഹംഗറിയിലും പോളണ്ടിലും റഷ്യയിലും അവർ ഇന്നും അങ്ങനെയാണ്. മദ്ധ്യയുഗങ്ങളിലും വ്യാവസായിക വിപ്ലവം നടക്കുന്നതുവരെയും പട്ടണങ്ങളിൽ പെറ്റിബൂർഷ്വാ യജമാനന്മാരുടെ കീഴിൽ പണിയെടുക്കുന്ന കൈവേലക്കാരുമുണ്ടായിരുന്നു. നിർമ്മാണ തൊഴിൽ വളർന്നു വന്നതോടെ നിർമ്മാണ തൊഴിലാളികൾ ക്രമേണ രംഗത്തു വന്നു. ഏറെക്കുറെ വലിയ മുതലാളിമാരാണ് ഇപ്പോൾ അവരെ പണിക്ക് വച്ചിരിക്കുന്നത്.

**ചോദ്യം 7: തൊഴിലാളി അടിമയിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നത് ഏതുവിധത്തിലാണ്?**

ഉത്തരം: അടിമ എക്കാലത്തേയ്ക്കുമായി വിൽക്കപ്പെടുന്നു. തൊഴിലാളിക്ക് ദിവസംതോറും മണിക്കൂർ തോറും സ്വയം വിൽക്കേണ്ടിവരുന്നു. ഒരു നിശ്ചിത യജമാനന്റെ സ്വത്തായ ഓരോ പ്രത്യേകം പ്രത്യേകം അടിമയ്ക്കും യജമാനന്റെ താൽപ്പര്യത്തിന് വേണ്ടി മാത്രമാണെങ്കിലും എത്രതന്നെ മോശപ്പെട്ടതാണെങ്കിലും ഉപജീവനത്തിന് ഉറപ്പുണ്ട്. ഓരോ പ്രത്യേകം പ്രത്യേകം തൊഴിലാളിയും ബൂർഷ്വാ വർഗ്ഗത്തിന്റെ ഒന്നടങ്കം സ്വത്താണെന്ന് പറയാം. ആർക്കെങ്കിലും ആവശ്യമുള്ളപ്പോൾ മാത്രമേ അവന്റെ അദ്ധ്വാനത്തെ വാങ്ങുന്നുള്ളൂ. ആ നിലയ്ക്ക് അവന്റെ ഉപജീവനത്തിന് ഉറപ്പില്ല. തൊഴിലാളി വർഗ്ഗത്തിന് മൊത്തത്തിൽ മാത്രമേ ഈ ഉപജീവനത്തിന് ഉറപ്പുള്ളൂ. അടിമ നിൽക്കുന്നത് മത്സരത്തിന് വെളിയിലാണ്. തൊഴിലാളി നിൽക്കുന്നത് അതിന്റെ അകത്താണ്. അതിന്റെ എല്ലാ ചാഞ്ചാട്ടങ്ങളും അവന് അനുഭവപ്പെടുന്നു. അടിമയെ കാണുന്നത് ഒരു സാധനമായിട്ടാണ്. സിവിൽ സമൂഹത്തിലെ അംഗമായിട്ടല്ല. തൊഴിലാളിയെ വീക്ഷിക്കുന്നത് ഒരു വ്യക്തിയെന്ന നിലയ്ക്കാണ്. സിവിൽ സമൂഹത്തിലെ അംഗമെന്ന നിലയ്ക്കാണ്. അങ്ങനെ അടിമ തൊഴിലാളിയെക്കാൾ ഭേദപ്പെട്ട ജീവിതം നയിച്ചെന്നുവരാം. എങ്കിലും തൊഴിലാളി സമൂഹത്തിന്റെ കൂടുതൽ ഉയർന്ന ഒരു വികാസ ഘട്ടത്തിൽപ്പെട്ടവനാണ്. അടിമയെക്കാൾ ഉയർന്ന പടിയിലാണ് അവൻ നിൽക്കുന്നത്. എല്ലാ സ്വകാര്യ സ്വത്തുടമാബന്ധങ്ങളിലും വച്ച് അടിമത്തബന്ധത്തെ മാത്രം തകർത്തുകൊണ്ട് അടിമ മോചനം നേടുകയും അങ്ങനെ ഒരു തൊഴിലാളി ആയിത്തീരുകയും ചെയ്യുന്നു. പൊതുവിൽ സ്വകാര്യസ്വത്തിനെത്തന്നെ ഇല്ലാതാക്കിക്കൊണ്ട് മാത്രമേ തൊഴിലാളിക്ക് മോചനം നേടാൻ കഴിയൂ.

**ചോദ്യം 8: തൊഴിലാളി അടിയാളനിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നത് ഏതുവിധത്തിലാണ്?**

ഉത്തരം: ഒരു ഉൽപ്പാദനോപകരണം, ഒരു തുണ്ടുഭൂമി, അടിയാളന്റെ കൈവശത്തിലും ഉപയോഗത്തിലുമുണ്ട്. അതിന് പകരമായി അവൻ ഉൽപ്പന്നത്തിന്റെ ഒരംശം ഏൽപ്പിക്കുകയോ പണിയെടുക്കുകയോ ചെയ്യുന്നു. തൊഴിലാളിയാകട്ടെ, മറ്റൊരാളിന്റെ വകയായ ഉൽപ്പാദനോപകരണങ്ങൾ വച്ച് പണിയെടുക്കുകയും ഉൽപ്പന്നത്തിന്റെ ഒരംശം പകരമായി അവന് കിട്ടുകയും ചെയ്യുന്നു. അടിയാളൻ കൊടുക്കുന്നു. തൊഴിലാളിക്ക് കൊടുക്കപ്പെടുന്നു. അടിയാളന് ഉപജീവനത്തിന് ഉറപ്പുണ്ട്, തൊഴിലാളിക്ക് അതില്ല. അടിയാളൻ മത്സരത്തിന് പുറത്തും തൊഴിലാളി അതിനകത്തും നിൽക്കുന്നു. പട്ടണത്തിലേയ്ക്ക് ഓടിപ്പോയി അവിടെ ഒരു കൈവേലക്കാരനായി തീരുകയോ, തന്റെ ഭൂ ഉടമയ്ക്ക് അദ്ധ്വാനവും ഉൽപ്പന്നങ്ങളും കൊടുക്കുന്നതിന് പകരം പണം കൊടുത്ത് അതുവഴി ഒരു വെറും പാട്ടക്കാരനാകുകയോ, അതുമല്ലെങ്കിൽ തന്റെ ഫ്യൂഡൽ ഭൂപ്രഭുവിനെ അടിച്ചോടിച്ചിട്ട് താൻ തന്നെ സ്വത്തുടമയാകുകയോ ചെയ്തിട്ടാണ് –ചുരുക്കിപ്പറഞ്ഞാൽ, സ്വത്തുടമാ വർഗ്ഗത്തിന്റെ അണികളിലും മത്സരത്തിലും ഒരു വഴിക്കല്ലെങ്കിൽ മറ്റൊരു വഴിക്ക് പ്രവേശിച്ചുകൊണ്ടാണ്– അടിയാളൻ മോചനം നേടുന്നത്. മത്സരവും സ്വകാര്യ സ്വത്തും എല്ലാ വർഗ്ഗ വൈജാത്യങ്ങളും അവസാനിപ്പിച്ചുകൊണ്ടാണ് തൊഴിലാളി മോചനം നേടുന്നത്. ■

# ക്രൂഡ് ഓയിൽ വിലയിടിവിനനുസരിച്ച് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുറയ്ക്കുക

(1-ാം പേജിൽ നിന്ന്)

ഗവൺമെന്റ് വന്നതിനുശേഷം റെയിൽവേയിലൂടെ നടത്തുന്ന കൊള്ളയും സമാനമാണ്. തത്ക്കാൽ ചാർജ്ജ്, ക്യാൻസലേഷൻ ചാർജ്ജ്, പാസഞ്ചർ ചാർജ്ജ്, പ്ലാറ്റ് ഫോം ടിക്കറ്റ് ചാർജ്ജ് തുടങ്ങിയവയെല്ലാം ഭീമമായി വർദ്ധിപ്പിച്ചിരിക്കുന്നു. 'സുവിധ' എന്ന പേരിൽ ആരംഭിച്ച റിസർവ്വേഷൻ സംവിധാനം പകൽകൊള്ളയുടെ ഏറ്റവും പുതിയ മാതൃകയാണ്. ഈ തീവെട്ടിക്കൊള്ളക്കെതിരെ ജനങ്ങളുടെ യോജിച്ച ചെറുത്തുനില്പ് വളർന്നുവരുന്നത് ഒഴിവാക്കാനായി വർഗ്ഗീയ സ്പർദ്ധ വളർത്തി ജനങ്ങളെ തമ്മിലടിപ്പിക്കാൻ ശ്രമിക്കുകയാണ് ഭരണാധികാരികൾ. ജനദ്രോഹകരമായ ഈ നടപടികളെ ചെറുക്കുന്നില്ലെങ്കിൽ മനുഷ്യോചിതമായ നിലനില്പ് തന്നെ അസാദ്ധ്യമായിത്തീരും




**തിരുവനന്തപുരം ജിപിഒയുടെ മുന്നിൽ നടന്ന ധർണ്ണ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാർ ഉദ്ഘാടനം ചെയ്യുന്നു.**

## തിരുവനന്തപുരം

തിരുവനന്തപുരത്ത് ജനറൽ പോസ്റ്റ് ഓഫീസിനു മുന്നിൽ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന ധർണ്ണ പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി. എസ്. പത്മകുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മിറ്റിയംഗം ആർ.ബിജു അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കമ്മിറ്റിയംഗങ്ങളായ എം.ഷാജർഖാൻ, ജി.ആർ സുഭാഷ്, പി.എസ്.ഗോപകുമാർ എന്നിവർ പ്രസംഗിച്ചു.




**കൊല്ലം ബിഎസ്എൻഎൽ ഓഫീസിലേക്കു നടന്ന മാർച്ച് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്യുന്നു.**

## കൊല്ലം

ജനുവരി 11 ന് കൊല്ലം ബിഎസ്എൻഎൽ ഓഫീസിലേയ്ക്ക് നടന്ന മാർച്ച് എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്തു. ജില്ലാകമ്മിറ്റിയംഗം സഖാവ് ബി. വിനോദ് അദ്ധ്യക്ഷത വഹിച്ചു. സഖാവ് ബി. രാമചന്ദ്രൻ പ്രസംഗിച്ചു.

## അഞ്ചൽ

ജനുവരി 13ന് അഞ്ചൽ പോസ്റ്റോഫീസിലേയ്ക്ക് നടന്ന മാർച്ച് എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റിയംഗം സഖാവ് ജി. ധ്രുവകുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മിറ്റിയംഗം സഖാവ് കെ. ശശാങ്കൻ അദ്ധ്യക്ഷത വഹിച്ചു. സഖാവ് പി.പി.പ്രശാന്ത്കുമാർ പ്രസംഗിച്ചു.

## കുണ്ടറ

15ന് കുണ്ടറ പോസ്റ്റോഫീസിലേയ്ക്ക് നടന്ന മാർച്ച് എഐയുടിയുസി ജില്ലാ പ്രസിഡന്റ് സഖാവ് എസ്. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റിയംഗം സഖാവ് വി. ആന്റണി അദ്ധ്യക്ഷത വഹിച്ചു. സഖാവ് എസ്. രാഘവൻ പ്രസംഗിച്ചു.

കൊല്ലം ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ നടന്ന പ്രകടനങ്ങൾക്ക് സി.മുരളി, എൻ.വിജയകൃഷ്ണൻ. ജി.സതീശൻ. എസ്.ശ്രീജയ, എസ്.ഷൈലജ, കെ.മഹേഷ്, ടിങ്കിൾ പ്രഭാകരൻ, വി.ലീല തുടങ്ങിയവർ നേതൃത്വം നൽകി.

## പത്തനംതിട്ട

പത്തനംതിട്ട ജില്ലാ ഹെഡ് പോസ്റ്റോഫീസിലേയ്ക്ക് നടന്ന പ്രതിഷേധ മാർച്ച് പാർട്ടി ജില്ലാസെക്രട്ടറി എസ്.രാജീവൻ ഉദ്ഘാടനം ചെയ്തു. ജില്ലാകമ്മിറ്റിയംഗം കെ. ജി. അനിൽകുമാർ അധ്യക്ഷനായിരുന്നു. എസ്. രാധാമണി, ബിനുബേബി, സനില ജോർജ്ജ് തുടങ്ങിയവർ മാർച്ചിന് നേതൃത്വം നൽകി.

## ആലപ്പുഴ

ആലപ്പുഴയിൽ സെൻട്രൽ ടെലഗ്രാഫ് ഓഫീസിലേയ്ക്കാണ് മാർച്ച് നടന്നത്. എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി ഡോ. വി.വേണുഗോപാൽ മാർച്ച് ഉദ്ഘാടനം ചെയ്തു. സഖാവ് എസ്. സീതിലാൽ അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ പി.ആർ സതീശൻ, ആർ. പാർത്ഥസാരഥി വർമ്മ, കെ.ആർ. ശശി, കെ.ജെ.ഷീല, ആർ.അപർണ്ണ, വർഗ്ഗീസ് ജേക്കബ് എന്നിവർ മാർച്ചിനെ അഭിസംബോധന ചെയ്തു.




**ആലപ്പുഴ സെൻട്രൽ ടെലഗ്രാഫ് ഓഫീസ് മാർച്ച്. എസ്.സീതിലാൽ, വർഗ്ഗീസ് ജേക്കബ്, എം.മുരളി, കെ.ആർ.ശശി, ഓമനക്കുട്ടൻ, കെ.ജെ.ഷീല തുടങ്ങിയവർ മുൻനിരയിൽ**

മാവേലിക്കര, തുറവൂർ, ചേർത്തല, അമ്പലപ്പുഴ, രാമങ്കരി തുടങ്ങിയ സ്ഥലങ്ങളിലും കേന്ദ്ര സർക്കാർ ഓഫീസുകളിലേയ്ക്ക് മാർച്ച് നടന്നു.

## കോട്ടയം

എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന കോട്ടയം ബിഎസ്എൻഎൽ ഓഫീസ് മാർച്ച് ജില്ലാ സെക്രട്ടറി ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മറ്റിയംഗം ഇ.വി.പ്രകാശ് അദ്ധ്യക്ഷത വഹിച്ച ധർണ്ണയിൽ എഐയുറ്റിയുസി ജില്ലാ പ്രസിഡന്റ് കെ.പി.വിജയൻ, എഐഡിവൈഒ സംസ്ഥാന സെക്രട്ടറി എൻ.കെ.ബിജു, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി ആശാരാജ്, എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി എം.കെ.ഷഹസാദ് എന്നിവർ പ്രസംഗിച്ചു.

## പാമ്പാടി

പാമ്പാടി ബിഎസ്എൻഎൽ ഓഫീസ് മാർച്ച് എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. സഖാവ് എം.വി.ചെറിയാൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സഖാക്കൾ എ.ജി.അജയകുമാർ, എൻ.എ.ബാബു, എം. ആർ. രാജു. ലാലു വർഗ്ഗീസ്, എം.സി.കുട്ടപ്പൻ തുടങ്ങിയവർ നേതൃത്വം നൽകി.

## ചങ്ങനാശ്ശേരി

ചങ്ങനാശ്ശേരിയിൽ പ്രതിഷേധ ധർണ്ണയും പ്രകടനവും നടന്നു. സഖാക്കൾ മിനി കെ. ഫിലിപ്പ്, റ്റി.ജെ.ജോണിക്കുട്ടി, എൻ.കെ.ബിജു, കെ.സദാനന്ദൻ, കെ.എസ്.ശശികല,




**തൊടുപുഴ ബിഎസ്എൻഎൽ ഓഫീസ് മാർച്ച് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ഇടുക്കി ജില്ലാ സെക്രട്ടറി സഖാവ് എൻ.വിനോദ്കുമാർ ഉദ്ഘാടനം ചെയ്യുന്നു.**




**കോട്ടയം ബിഎസ്എൻഎൽ ഓഫീസിലേക്കു നടന്ന മാർച്ച് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.**




**കാഞ്ഞിരപ്പള്ളി ബിഎസ്എൻഎൽ ഓഫീസിലേക്കു നടന്ന മാർച്ച് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജില്ലാക്കമ്മിറ്റിയംഗം സഖാവ് വി.പി.കൊച്ചുമോൻ പ്രസംഗിക്കുന്നു.**

# മോദി സർക്കാരിന്റെ റെയിൽവേ പകൽക്കൊള്ളക്കെതിരെ പ്രതിഷേധ ധർണ്ണ



ആലപ്പുഴ റെയിൽവേസ്റ്റേഷനുമുന്നിൽ നടന്ന ധർണ്ണ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു.

ലാഭകരമയി പ്രവർത്തിച്ചുവരുന്ന ഇന്ത്യൻ റെയിൽവേ, നിരവധിയായ ചാർജ്ജ് വർദ്ധനവുകളിലൂടെ യാത്രക്കാരെ പിഴിഞ്ഞൂറ്റുന്നത് സമ്പൂർണ്ണമായ സ്വകാര്യവൽക്കരണം ലക്ഷ്യം വെച്ചാണെന്നും ഇതിനെതിരെ ബഹുജനങ്ങളൊന്നടങ്കം സംഘടിതരായി രംഗത്തിറങ്ങണമെന്നും എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് വി.വേണുഗോപാൽ ആഹ്വാനം ചെയ്തു.

വർദ്ധിപ്പിച്ച ചാർജ്ജുകൾ കുറയ്ക്കുക, പ്രീമിയം ടിക്കററ് നിർത്തലാക്കുക, ടിക്കറ്റിന്റെ കാലാവധി 24 മണിക്കൂറിൽ നിന്നും മൂന്നുമണിക്കൂറായി കുറച്ച നടപടി റദ്ദു ചെയ്യുക. പുതിയ യാത്രാ വണ്ടികൾ ആരംഭിക്കുക, റയിൽവേ ലൈനുകളുടെ ഇരട്ടിപ്പിക്കൽ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുക, സ്ത്രീകളും കുട്ടികളുമടക്കമുള്ള യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുക എന്നീ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റി ആലപ്പുഴ റെയിൽവേ സ്റ്റേഷന് മുന്നിൽ നടത്തിയ കൂട്ടധർണ്ണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പാസഞ്ചർ ടിക്കറ്റ് നിരക്ക് കുറഞ്ഞത് 5 രൂപയെന്നത് ഇരട്ടിയാക്കിയതും പ്ലാറ്റ്ഫോം ടിക്കറ്റ് നിരക്ക് ഇരട്ടിയാക്കിയതും റിസർവേഷൻ-ക്യാൻസലേഷൻ-തത്ക്കാൽ നിരക്കുകൾ എല്ലാം ഭീമമായി വർദ്ധിപ്പിച്ചതും 12 വയസ്സു വരെയുള്ള കുട്ടികൾക്ക് റിസർവ്വേഷന് ഉണ്ടായിരുന്ന ഇളവ് ഇല്ലാതാക്കിയതും അടക്കമുള്ള എല്ലാ ജനദ്രോഹ നടപടികളും പിൻവലിക്കണമെന്നും സഖാവ് വി. വേണുഗോപാൽ ആവശ്യപ്പെട്ടു.

സംസ്ഥാന കമ്മിറ്റിയംഗം എസ്. സീതിലാൽ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റിയംഗം വർഗ്ഗീസ് എം. ജേക്കബ്, എഐഡിവൈഒ ജില്ലാ സെക്രട്ടി കെ.ആർ.ശശി, എഐയുടിയുസി ജില്ലാ സെക്രട്ടറി പി.ആർ. സതീശൻ, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി കെ.ജെ.ഷീല എന്നിവരും പ്രസംഗിച്ചു. ജില്ലാ കമ്മിറ്റിയംഗങ്ങളായ കെ.പി. മോഹനൻ, എൻ.കെ. ശശികുമാർ, എം.എ.ബിന്ദു, എൻ.ആർ. അജയകുമാർ, പി.കെ. ശശി, കെ.ആർ. ഓമനക്കുട്ടൻ എന്നിവർ നേതൃത്വം നൽകി. ■

കെ.എൻ.രാജൻ, കെ.എസ്.ചെല്ലമ്മ എന്നിവർ നേതൃത്വം നൽകി.

### കാഞ്ഞിരപ്പള്ളി

കാഞ്ഞിരപ്പള്ളി ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കാഞ്ഞിരപ്പള്ളി ബിഎസ്എൻഎൽ ഓഫീസ് മാർച്ച് നടന്നു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. എ.ജി.അജയകുമാർ, രജിത ജയറാം, വി.പി.കൊച്ചുമോൻ തുടങ്ങിയവർ പ്രസംഗിച്ചു. ബെന്നി ദേവസ്യ, രാജു വട്ടപ്പാറ, കെ.കെ.ഗിരിജ, കെ.ജെ.ജോയി എന്നിവർ നേതൃത്വം നൽകി.

### തൊടുപുഴ

തൊടുപുഴ ബിഎസ്എൽഎൽ ഓഫീസിലേയ്ക്ക് നടന്ന മാർച്ച് ജില്ലാ ഓർഗനൈസിംഗ് കമ്മിറ്റി സെക്രട്ടറി സഖാവ് എൻ. വിനോദ്കുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മിറ്റിയംഗം സിബി സി.മാത്യു അദ്ധ്യക്ഷത വഹിച്ചു. പി.റ്റി. വർഗ്ഗീസ്, എം.എൻ.അനിൽ, നിഷ ജിമ്മി എന്നിവർ പ്രസംഗിച്ചു.

### അങ്കമാലി

അങ്കമാലി ടൗണിൽ നടന്ന പ്രതിഷേധ യോഗം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി എറണാകുളം ജില്ലാ കമ്മിറ്റിയംഗം സഖാവ് പി.പി.അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. ലോക്കൽ സെക്രട്ടറി സഖാവ് കെ.സി.ജയൻ അദ്ധ്യക്ഷത വഹിച്ചു. ലോക്കൽ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ ബി.പി.ബിന്ദു, എൻ.ആർ. ബിനു, വി.കെ.മോഹനൻ, എം.വി.വിജയകുമാർ, പി.വി.രജീഷ്, എം.കെ.കാഞ്ചനവല്ലി, പുഷ്പജൻ, സിജു, ജ്യോതിലക്ഷ്മി തുടങ്ങിയവർ പ്രകടനത്തിന് നേതൃത്വം നൽകി.



അങ്കമാലിയിൽ നടന്ന പ്രതിഷേധ മാർച്ച് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) എറണാകുളം ജില്ലാ കമ്മിറ്റിയംഗം സഖാവ് പി.പി.അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യുന്നു.

### പിറവം

പിറവത്ത് നടന്ന പോസ്റ്റ് ഓഫീസ് മാർച്ച് പാർട്ടി ജില്ലാ കമ്മിറ്റിയംഗം സഖാവ് കെ.ഒ.സുധീർ ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മിറ്റിയംഗം സഖാവ് എം.കെ.ഉഷ അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ ടി.സി. രമണൻ, കെ.വി. സാനുനാഥ്, കെ.എൻ. രാജി, രശ്മി രവി തുടങ്ങിയവർ പ്രസംഗിച്ചു.

### ചാലക്കുടി

ചാലക്കുടി ടൗണിൽ നടന്ന പ്രതിഷേധ യോഗത്തിൽ സ. എ.എം സുരേഷ്, അദ്ധ്യക്ഷത വഹിച്ചു. എസ്.യു.സി.ഐ.(കമ്മ്യുണിസ്റ്റ്) ജില്ലാ സെക്രട്ടറി ഡോ. പി.എസ്. ബാബു ഉദ്ഘാടനം ചെയ്തു. എഐഡിവൈഒജില്ലാ കൺവീനർ സ. എ.വി.ബെന്നി, എഐഎംഎസ് എസ് ജില്ലാ സെക്രട്ടറി സ. സുജ ആന്റണി എന്നിവർ പ്രസംഗിച്ചു. സഖാക്കൾ പി.കെ. ഷിബു, പി.കെ.ധർമ്മജൻ എന്നിവർ പ്രകടനത്തിന് നേതൃത്വം നൽകി.

### ചാവക്കാട്

ചാവക്കാട് ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ടൗണിൽ പ്രതിഷേധ പ്രകടനവും യോഗവും നടന്നു. പാർട്ടി ജില്ലാ സെക്രട്ടറി ഡോ. പി.എസ്. ബാബു ഉദ്ഘാടനം ചെയ്തു. എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി സ. സുജ ആന്റണി പ്രസംഗിച്ചു. ലോക്കൽ കമ്മിറ്റിയംഗം സ. സി.ആർ. ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ലോക്കൽ സെക്രട്ടറി ശ്രീകുമാർ, ലോക്കൽ കമ്മിറ്റിയംഗങ്ങളായ ഒ.കെ.വൽസലൻ, സി.വി. പ്രേംരാജ് എന്നിവർ നേതൃത്വം നൽകി.

### കൊടുങ്ങല്ലൂർ

ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ടൗണിൽ പ്രതിഷേധയോഗവും പ്രകടനവും നടന്നു. എസ്‌യുസിഐ.(കമ്മ്യൂണിസ്റ്റ്)ജില്ലാ കമ്മിറ്റിയംഗം സ.സി.കെ ശിവദാസൻ ഉദ്ഘാടനം ചെയ്തു. പ്രതിഷേധയോഗത്തിൽ ലോക്കൽ കമ്മിറ്റിയംഗം സി.എസ്. കൃഷ്ണകുമാർ അദ്ധ്യക്ഷത വഹിച്ചു. ഐഎംഎസ്എസ് ജില്ലാ സെക്രട്ടറി സ. സുജ ആന്റണി, ലോക്കൽ കമ്മിറ്റിയംഗങ്ങളായ കെ.വി. വിനോദ്കുമാർ, കെ.വി. രാജീവൻ എന്നിവർ പ്രസംഗിച്ചു. സഖാക്കൾ സജീവൻപണിക്കശ്ശേരി, നന്ദഗോപൻ, ആഷിക്, ശ്രീജ എന്നിവർ പ്രകടനത്തിന് നേതൃത്വം നൽകി.



പിറവത്ത് നടന്ന പോസ്റ്റ് ഓഫീസ് മാർച്ച് ജില്ലാ കമ്മിറ്റിയംഗം സഖാവ് കെ.ഒ.സുധീർ ഉദ്ഘാടനം ചെയ്യുന്നു.

### ചിറ്റൂർ

പാലക്കാട് ചിറ്റൂർ ഹെഡ് പോസ്റ്റ് ഓഫീസിലേയ്ക്ക് നടന്ന മാർച്ച് എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് കെ. അബ്ദുൾ അസീസ് ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മിറ്റിയംഗം കെ.എം. ബീവി അദ്ധ്യക്ഷത വഹിച്ചു. കെ.രാമനാഥൻ, എ.റജീന, സി.രാജൻ, ആർ. ഉണ്ണികൃഷ്ണൻ തുടങ്ങിയവർ മാർച്ചിന് നേതൃത്വം നൽകി.

### കോഴിക്കോട്

കോഴിക്കോട് ജില്ലയിൽ പ്രതിഷേധവാരാചരണത്തോടനുബന്ധിച്ച് വാഹന പ്രചരണജാഥ സംഘടിപ്പിച്ചു. വടകര, ഒഞ്ചിയം, നാദാപുരം, കക്കട്ട്, കുററ്യാടി, പേരാമ്പ്ര, താമരശ്ശേരി, ബാലുശ്ശേരി, ഉള്ള്യേരി, അത്തോളി, പറമ്പത്ത് തുടങ്ങി വിവിധ സ്ഥലങ്ങളിൽ വിശദീകരണ യോഗങ്ങൾ നടന്നു. കക്കോടി, കാട്ടില പീടിക എന്നീ സ്ഥലങ്ങളിൽ പന്തം കൊളുത്തി പ്രകടനവും സംഘടിപ്പിച്ചു. പ്രതിഷേധവാരം സമാപിച്ചുകൊണ്ട് നഗരത്തിൽ ജനുവരി 16 ന് BSNL ഓഫീസിലേക്ക് മാർച്ചും ധർണയും നടന്നു. ജില്ലാ സെക്രട്ടറി സ.എ.ശേഖർ ഉദ്ഘാടനം ചെയ്തു. പി.എം.ശ്രീകുമാർ, ടി.ജെ.ഡിക്സൺ, പി.കെ.പ്രഭാഷ്, കെ.പി.സുബൈദ, എം.കെ.രാജൻ, ഇ.ശ്രീശാന്ത്, എന്നിവർ പ്രസംഗിച്ചു. പ്രകടനത്തിന് പി.കെ തോമസ്, ജ്യോതിരാജ്എന്നിവർ നേതൃത്വം നൽകി.

### സുൽത്താൻ ബത്തേരി

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) വയനാട് ജില്ല കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സുൽത്താൻ ബത്തേരി ബിഎസ്എൻഎൽ ഓഫീസ്സിനു മുമ്പിൽ പ്രതിഷേധ ധർണ്ണ നടന്നു. ജില്ലാ ഓർഗനൈസിംഗ് കമ്മിറ്റി സെക്രട്ടറി സ. വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മിറ്റി അംഗം പി.കെ.ഭഗത് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കമ്മിറ്റി അംഗം സി.എൻ.മുകുന്ദൻ, ദേവസ്യ പുറ്റനാൽ, കെ. മധുസൂദനൻ എന്നിവർ പ്രസംഗിച്ചു. ധർണ്ണയ്ക്കു മുമ്പായി ബത്തേരി ടൗണിൽ പ്രകടനവും നടത്തി.

### കണ്ണൂർ

കണ്ണൂർ ജില്ലയിൽ കമ്പിൽ ജംഗ്ഷനിൽ പ്രതിഷേധയോഗം സംഘടിപ്പിച്ചു. എസ്‌യുസിഐ(സി) സംസ്ഥാനകമ്മിറ്റിയംഗം സഖാവ് ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്തു. സഖാവ് അഡ്വ.പി.സി.വിവേക് അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ പോൾ ടി.സാമുവൽ, അഡ്വ.ഇ. സനൂപ് എന്നിവർ പ്രസംഗിച്ചു. ■

## സിപിഐ(എം)ന്റെ കേരള പഠന കോൺഗ്രസ്സ്

# മൂലധനശക്തികളുടെ വികസനത്തിന്റെ മാർഗ്ഗരേഖ

**വ**രാൻ പോകുന്ന നിയമസഭാ തെരഞ്ഞെടുപ്പിന് ശേഷം കേരളത്തിന്റെ ഭരണം തങ്ങൾ തന്നെ ഏറ്റെടുക്കുമെന്നും ഭരണ നേതൃത്വം പിണറായി വിജയനായിരിക്കുമെന്നും ഏതാണ്ടുറപ്പിച്ച മട്ടിലുള്ള നടപടികളിലൂടെ കടന്നുപോകുകയാണ് സിപിഐ(എം). അധികാരം കൈയെത്തും ദൂരത്ത് എന്ന പ്രലോഭനമുയർത്തി അണികളെയും അനുഭാവികളെയും ഉണർത്തി ഉത്തേജിതരാക്കാനും പിണറായി വിജയൻ എന്ന തങ്ങളുടെ നേതാവിന് പൊതുസമ്മതിയുടെ പ്രതിച്ഛായ ഉണ്ടാക്കിയെടുക്കാനും വേണ്ടി ഒരു വശത്ത് നവകേരള മാർച്ചും മറ്റും നടത്തുമ്പോൾ മറുവശത്ത് തെരഞ്ഞെടുപ്പ് വിധി നിർണ്ണയിക്കുന്നതിൽ നിർണ്ണായക പങ്കുള്ള മുതലാളിമാരുടെ പിന്തുണയും വിശ്വാസവും നേടിയെടുക്കാനുള്ള ആസൂത്രിതമായ പരിപാടികളും സംഘടിപ്പിക്കുകയാണ് സിപിഐ(എം). അതിന്റെ ഭാഗമായാണ് 2016 ജനുവരി 9, 10 തീയതികളിൽ തിരുവനന്തപുരത്തുവച്ച് നാലാമതു കേരള പഠന കോൺഗ്രസ്സ് സംഘടിപ്പിച്ചത്. തങ്ങൾ അധികാരത്തിൽ അവരോധിതമായാൽ മൂലധന വികസനത്തിനു വേണ്ടി എന്തൊക്കെ ചെയ്യുമെന്ന് വിശദമാക്കിയും അവ നടപ്പാക്കുമെന്ന് ഉറപ്പുകൊടുത്തും മൂലധനശക്തികളുടെ പിന്തുണ നേടാനാണ് സിപിഐ(എം) പഠനകോൺഗ്രസ്സ് സംഘടിപ്പിച്ചതെന്ന് ഈ പരിപാടിയുടെ ഉള്ളടക്കം പരിശോധിച്ചാൽ വ്യക്തമായും ബോധ്യപ്പെടും. തെറ്റുതിരുത്തലിന്റെ ഭാഗമായി തങ്ങൾ എന്തെങ്കിലും കാരണവശാൽ മുതലാളിമാർക്ക് എതിരായി നീങ്ങിയേക്കുമോ എന്ന തെറ്റിദ്ധാരണ ഉണ്ടായിട്ടുണ്ടെങ്കിൽ അത് നീക്കുക എന്നതും പഠനകോൺഗ്രസ്സിന്റെ ലക്ഷ്യമായിരുന്നു.

**അ**ധികാരം ലഭിച്ചാൽ തങ്ങളുടെ ഭരണത്തിന്റെ അടിസ്ഥാന നയസമീപനം തീരുമാനിക്കാനായി കഴിഞ്ഞ രണ്ടുദശകങ്ങളായി സിപിഐ(എം) പഠന കോൺഗ്രസ്സുകൾ സംഘടിപ്പിക്കാറുണ്ട്. അപ്രകാരമുള്ള നാലാമതു കേരള പഠന കോൺഗ്രസ്സാണ് ജനുവരി 9, 10 തീയതികളിൽ തിരുവനന്തപുരത്തുവച്ച് നടന്നത്. കേരളത്തിന്റെ ഭരണവും സമൂഹവുമായും ബന്ധപ്പെട്ട ഓരോ മേഖലയ്ക്കും വേണ്ടിയുള്ള നയങ്ങളും പദ്ധതികളും മുന്നോട്ടുവച്ച് അതാതു മേഖലകളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ചർച്ച ചെയ്ത് ഒരു സമീപനം രൂപീകരിക്കുകയാണ് ഇവിടെ ചെയ്യുന്നത്. അതുകൊണ്ടുതന്നെ സിപിഐ(എം) വരും വർഷങ്ങളിൽ കേരളത്തിൽ സ്വീകരിക്കാവുന്ന നയസമീപനങ്ങളുടെ ദിശ, പഠന കോൺഗ്രസ്സിൽ അവർ സമർപ്പിക്കുന്ന രേഖകളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. മാധ്യമ വാർത്തകളിലൂടെ സൃഷ്ടിക്കപ്പെടുന്ന പ്രതീതി, സിപിഐ(എം) മാറ്റത്തിന്റെ പാതയിലാണെന്നും ഇടതുപക്ഷരാഷ്ട്രീയം കൂടുതൽ ഉയർത്തിപ്പിടിക്കുമെന്നും പാർട്ടി കോൺഗ്രസ്സും പ്ലീനവും അതാണ് പ്രഖ്യാപിക്കുന്നതെന്നും മറ്റുമാണ്. യഥാർത്ഥത്തിൽ കേരളത്തിലെ സിപിഐ(എം) സിദ്ധാന്തത്തിലും പ്രയോഗത്തിലും ഒരു മാറ്റവും കൊണ്ടുവരാൻ ഉദ്ദേശിക്കുന്നില്ല എന്നു മാത്രമല്ല കൂടുതൽ മറയില്ലാതെ സ്വകാര്യമൂലധനത്തിന്റെ വികസനത്തിനുവേണ്ടി നിലകൊള്ളുന്നുവെന്നാണ് കേരള പഠന കോൺഗ്രസ്സിൽ അവർ അവതരിപ്പിച്ച രേഖകളിൽ നിന്നും അവിടെ നടന്ന പ്രസംഗങ്ങളിൽ നിന്നും മനസ്സിലാക്കാവുന്നത്. മാർക്സിസ്റ്റ് അടിസ്ഥാന വിശകലനത്തിന്റെ നേരിയസ്വാധീനം പോലും പഠനകോൺഗ്രസ്സിലെ ചർച്ചകളിലോ രേഖകളിലോ കാണാനാവില്ല. എന്തിന് ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ പോലും ഒരു സമീപനം അവിടെ ഉണ്ടായില്ല എന്ന് ഖേദപൂർവ്വം പറയട്ടെ.

സിപിഐ(എം) ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി ഉദ്ഘാടനം ചെയ്ത പഠന കോൺഗ്രസ്സിൽ മുഖ്യപ്രഭാഷണം നടത്തിയത് വി.എസ്.അച്യുതാനന്ദനാണ്. എന്നാൽ കോൺഗ്രസ്സിന്റെ യഥാർത്ഥ ഉള്ളടക്കവും നയസമീപനവും വ്യക്തമാക്കുന്ന ആമുഖ പ്രഭാഷണം നിർവ്വഹിച്ചത് അദ്ധ്യക്ഷൻ കൂടിയായ പിണറായി വിജയനാണ്. സിപിഐ(എം) സ്വീകരിക്കാൻ പോകുന്ന നയസമീപനങ്ങൾ കൃത്യമായും രേഖപ്പെടുത്തിയ പിണറായിയുടെ പ്രസംഗത്തിൽ എല്ലാം അടങ്ങിയിരുന്നു. തുടർന്നു കോൺഗ്രസ്സിന്റെ ഭാഗമായി സംയോജിത കൃഷി രീതി, പൊതുവിദ്യാഭ്യാസം, പരമ്പരാഗത വ്യവസായങ്ങൾ, പൊതുമേഖല തുടങ്ങി മലയാളം കമ്പ്യൂട്ടിംഗ്, വികസനത്തിന്റെ മനഃശാസ്ത്രമാനങ്ങൾ എന്നിവയടക്കം 39 വ്യത്യസ്ത വിഷയങ്ങളിൽ സെമിനാറുകൾ നടന്നു. ഓരോ പ്രധാന വിഷയങ്ങളിലും തങ്ങളുടെ നയം വ്യക്തമാക്കുന്ന സമീപന രേഖകളും പഠന കോൺഗ്രസ്സ് ചർച്ചകളിൽ സിപിഐ(എം) മുന്നോട്ടു വച്ചിരുന്നു. ഇതിനു പുറമേ, ഇടതുപക്ഷ ബദൽ, വർഗ്ഗീയതയ്ക്കെതിരേ സാംസ്ക്കാരിക ഐക്യം, തൊഴിൽ ബന്ധങ്ങൾ, മതനിരപേക്ഷതയും വികസനവും, മതനിരപേക്ഷ കേരളം-ചരിത്രപരമായ അന്വേഷണം, Changing Paradigm of Kerala എന്നിങ്ങനെ 6 വിഷയങ്ങളിലായി സിമ്പോസിയങ്ങളും നടന്നു. കേരളത്തിലെ നിരവധി വ്യക്തിത്വങ്ങൾ ചർച്ചകളിൽ പങ്കെടുത്തു. ഒരു രാഷ്ട്രീയപാർട്ടി, ഇപ്രകാരം നാടിനെ സംബന്ധിക്കുന്ന ചർച്ചകളും ബൗദ്ധിക ഇടപെടലും സംഘടിപ്പിക്കുന്നു എന്നത് പുറമേക്ക് നോക്കുമ്പോൾ പുരോഗമനപരമാണ്. എന്നാൽ എന്ത് ദൗത്യം നിർവ്വഹിക്കാനാണ് ഈ പഠന കോൺഗ്രസ്സ് സംഘടിപ്പിച്ചത് എന്നത് കൃത്യമായി വിലയിരുത്തിയാൽ മാത്രമേ ഇതിന്റെ അപകടമെന്തെന്ന് പറയാൻ കഴിയൂ.

സിപിഐ(എം) പൊളിറ്റ് ബ്യൂറോ അംഗമായ പിണറായി വിജയന്റെ അദ്ധ്യക്ഷ പ്രസംഗമാണ് പഠന കോൺഗ്രസ്സിന്റെ കൃത്യമായ രേഖ എന്നു പറഞ്ഞുകഴിഞ്ഞല്ലോ. ആ പ്രസംഗത്തിന്റെ പ്രസക്തഭാഗങ്ങൾ ആദ്യം പരിശോധിക്കാം.

*'കേരളത്തിൽ കഴിഞ്ഞ 15 വർഷത്തിനകം വന്നിട്ടുള്ള വിദേശ മൂലധന നിക്ഷേപം(FDI) 102 കോടി ഡോളറിന്റേതാണ്. രാജ്യത്താകെ ഈ കാലയളവിൽ 26500 കോടി ഡോളർ. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കയറ്റുമതി രംഗത്തും ഐടി രംഗത്തും നമ്മെ പിന്നോട്ടടിക്കുന്നു. സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും, നവ ലിബറൽ നയങ്ങളുടെ വിപത്തിനെ ചെറുത്തും ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ ആധുനീകരിച്ചും അതിവേഗം വളരുന്ന കേരളത്തെയാണ് നാം ലക്ഷ്യം വയ്ക്കേണ്ടത്. ആഗോളീകരണ നയങ്ങളെ ചെറുത്തുതോൽപ്പിക്കാനും ഫെഡറൽ ഘടന അനുസരിച്ച് കേന്ദ്ര സംസ്ഥാന സാമ്പത്തിക ബന്ധങ്ങൾ അഴിച്ചു പണിയാനും പ്രക്ഷോഭം തുടരുന്നതോടൊപ്പം (ഈ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടുതന്നെ മുന്നോട്ടു പോകാനുള്ള ശ്രമമാണ് വേണ്ടത്) നികുതി പിരിവുകാരൻ എന്ന നിലയിലല്ല മാർഗ്ഗ നിർദ്ദേശകൻ എന്ന നിലയിലേയ്ക്ക് സർക്കാർ മാറണം. ഭൂനികുതി പോലുള്ളവ വേണ്ടെന്നു വയ്ക്കണം. പൊതു മേഖലയെ ശക്തിപ്പെടുത്തുകയും ന്യായമായ നഷ്ടപരിഹാരവും പുനഃരധിവാസവും ഉറപ്പാക്കിക്കൊണ്ട് ജനങ്ങളിൽ നിന്നും സമയബന്ധിതമായി ഭൂമി ഏറ്റെടുക്കുകയും വേണം.*

*യുവജനങ്ങളിലെ സംരംഭകത്വ ശേഷിയും ആധുനിക വ്യവസായങ്ങളും പ്രോത്സാഹിപ്പിക്കണം. കേരളത്തിലെ എല്ലാ ചുങ്കപ്പിരിവും അവസാനിപ്പിക്കണം. ബ്ലേഡ് കമ്പനികളെ നിരോധിക്കുകയും സഹകരണ മേഖലയെ ശക്തിപ്പെടുത്തുകയും വേണം. പ്രാഥമിക സഹകരണ ബാങ്കുകൾ ഉൾപ്പെടെ എല്ലാ ബാങ്കുകളും ഒറ്റ ശൃംഖലയായി പ്രവർത്തിക്കുന്ന സ്ഥിതി ഉണ്ടാകുകയും വേണം. ഐടിഐ, ഐടിസി, പോളി ടെക്നിക്ക് സാങ്കേതിക വിദ്യാഭ്യാസ രീതി മാറ്റിക്കൊണ്ട്, തൊഴിൽ വൈദഗ്ദ്ധ്യം ഏറ്റവും ചുരുങ്ങിയ സമയം കൊണ്ടുതന്നെ നേടിയെടുക്കാൻ കഴിയുന്ന രീതിക്കു രൂപം കൊടുക്കണം. തൊഴിൽ കമ്പോളത്തിൽ മത്സരിച്ച് ജയിക്കാൻ നമ്മുടെ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി ആഗോള വിജ്ഞാന വിസ്ഫോടനവും കൂടി ഉൾക്കൊള്ളുന്ന വിധത്തിൽ നമ്മുടെ വിദ്യാഭ്യാസ ഘടനയെ അടിമുടി ഉടച്ചുവാർക്കേണ്ടിയിരിക്കുന്നു. കേരളത്തെ കുറഞ്ഞ നികുതി പിരിവുള്ള സംസ്ഥാനമായി മാറ്റിയെടുക്കണം. പബ്ലിക്ക്-പീപ്പിൾ-പാർട്ടിസിപ്പേഷൻ രീതിയിലേയ്ക്ക് എല്ലാ മേഖലയും മാറണം. ഉത്തരവാദിത്ത ടൂറിസത്തിന് പ്രാമുഖ്യം നൽകി ഇന്ത്യയിലെ ഏറ്റവും ആകർഷകമായ ടൂറിസ്റ്റ് കേന്ദ്രമായി കേരളത്തെ മാറ്റേണ്ടതുണ്ട്. ഗൗരവത്തോടെ ഇടപെടുന്ന വ്യവസായകർക്കും സംരംഭകർക്കും പ്രയോജനപ്പെടുന്ന രീതിയിൽ പരമാവധി വേഗത്തിൽ അനുമതി നൽകുന്ന സമയബന്ധിത സുതാര്യ ഏകജാലക സംവിധാനത്തിന് രൂപം നൽകണം. കരുത്തുറ്റ ഉദ്യോഗസ്ഥ സംവിധാനം സൃഷ്ടിക്കുകയാണ് ഭരണത്തെ നയിക്കുന്നവരുടെ അടിയന്തിര ചുമതല' (കേരള പഠന കോൺഗ്രസ്സിലെ പിണറായി വിജയന്റെ അധ്യക്ഷ പ്രസംഗത്തിൽ നിന്ന്)*

ഈ വാക്കുകളും മൻമോഹൻ സിംഗിന്റെയും നരേന്ദ്രമോദിയുടെയും അരുൺ ജയ്റ്റ്ലിയുടെയും വാക്കുകളും തമ്മിലെന്താണ് വ്യത്യാസം? ഈ പ്രസംഗം കേൾക്കുമ്പോൾ, കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രിയുടെയോ ഫിക്കിയുടെയോ യോഗത്തിൽ മൊണ്ടേക് സിംഗ് അലുവാലിയ പ്രസംഗിക്കുന്നതുപോലെ അനുഭവപ്പെടുന്നില്ലേ. പ്രത്യക്ഷ വിദേശ നിക്ഷേപത്തിന്റെ കുറവിനെച്ചൊല്ലി വിലപിച്ചുകൊണ്ടാണല്ലോ അദ്ദേഹം പ്രസംഗം ആരംഭിക്കുന്നതു തന്നെ. കഴിഞ്ഞ രണ്ടര പതിറ്റാണ്ടായി ഇൻഡ്യയുടെ ഭരണതലപ്പത്തുള്ള ഏതൊരാളും വിദേശ മൂലധന നിക്ഷേപമാണ് നമ്മുടെ രാജ്യത്തിന്റെ മുഴുവൻ വ്യാധിയുടെയും ഔഷധമെന്ന് നമ്മളെ ഉൽബോധിപ്പിക്കുകയും രാജ്യം മലർക്കെ അതിനായി തുറന്നിടുകയുമാണ്. വിദേശ നിക്ഷേപത്തെ ആകർഷിക്കാനായി രാജ്യത്തിന്റെ നിയമങ്ങൾ, പേറ്റന്റ് നിയമം മുതൽ തൊഴിൽ നിയമങ്ങൾ വരെ പൊളിച്ചെഴുതി. എന്നിട്ടും പ്രതീക്ഷിച്ചപോലെ മൂലധനപ്രവാഹമുണ്ടാകാത്തതിൽ മനംനൊന്ത് നടക്കുകയാണ് മോദിയും കൂട്ടരും. അവരുടെ അതേ പാതയിൽത്തന്നെയാണ് ശ്രീമാൻ പിണറായിയും. വിദേശ മൂലധന നിക്ഷേപ പ്രവാഹം ഉണ്ടാക്കാൻ പരിശ്രമിക്കണമെന്ന് ആവശ്യപ്പെടുന്ന അദ്ദേഹം തന്നെ സാമൂഹ്യസുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തണമെന്നും പറയുന്നുണ്ട്. എഫ്.ഡി.ഐയുടെ പ്രധാന നിബന്ധന സാമൂഹ്യസുരക്ഷാ സംവിധാനങ്ങൾ പിൻവലിക്കണമെന്നതാണ്. അപ്പോൾ സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട് എങ്ങിനെയാണ് വിദേശ നിക്ഷേപം ആകർഷിക്കുക? ഈ വൈരുദ്ധ്യം അറിവില്ലായ്മയിൽ നിന്നും വരുന്നതല്ല. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ മാത്രമല്ല, പഠന കോൺഗ്രസ്സ് ആകെ കൈക്കൊണ്ടിട്ടുള്ള വഞ്ചനയുടെ സമീപനമാണത്. നിയോ ലിബറൽ നയങ്ങൾക്കെതിരെ എന്ന നാട്യം സ്വീകരിച്ചുകൊണ്ടല്ലാതെ ഇന്ന് മുതലാളിത്തത്തിനു വേണ്ടി വാദിക്കാൻ ആർക്കുമാവില്ല. അത്രമേൽ കണ്ണിൽ തുളച്ചുകയറുന്ന യാഥാർത്ഥ്യമാണ് ഈ വിനാശകരമായ നയത്തിന്റെ ഫലങ്ങൾ. അപ്പോൾ തൊഴിലാളികളെയും സാധാരണ ജനങ്ങളെയും കബളിപ്പിക്കാൻ അവിടവിടെ ആഗോളവൽക്കരണത്തിനെതിരെ അല്ലെങ്കിൽ നവലിബറൽ നയങ്ങൾക്കെതിരെ പറഞ്ഞുകൊണ്ടേ ഇന്ന് മുതലാളിത്ത അജണ്ട നടപ്പാക്കാനാകൂ. അതുതന്നെയാണ് പിണറായിയും അനുചരന്മാരും ഇന്ന് ചെയ്യുന്നത് (ബന്ദിനെതിരെ വിധി പറഞ്ഞ സുപ്രീം കോടതി രാജ്യത്ത് സാമ്പത്തിക അസമത്വം പെരുകുന്നതിൽ ആശങ്കപ്പെട്ടത് സ്മരിക്കുക!).

പിണറായി വിജയൻ ചൂണ്ടിക്കാട്ടുന്ന ഒറ്റമൂലിയായ വിദേശ നിക്ഷേപം നമ്മുടെ രാജ്യത്തെ ജനങ്ങൾക്ക് എന്ത് പുരോഗതിയാണ് നൽകിയത് എന്ന് സിപിഐ(എം)ന് അറിയില്ല എന്ന കരുതേണ്ടതില്ല. അദ്ദേഹം ചൂണ്ടിക്കാട്ടുന്ന 26000 കോടി ഡോളറിന്റെ വിദേശ നിക്ഷേപം രാജ്യത്ത് സൃഷ്ടിച്ച പ്രത്യാഘാതങ്ങളിൽ ഏറ്റവും രൂക്ഷമായത് നാം ഇന്ന് അഭിമുഖീകരിക്കുന്ന സാമ്പത്തിക മാന്ദ്യവും ഉൽപ്പാദന മരവിപ്പുമാണ്. വിദേശ മൂലധനത്തിന്റെ ബാഷ്പീകരണ സ്വഭാവം ഇറ്റലിയിലും ഗ്രീസിലും സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധി മുതലാളിത്ത സാമ്പത്തിക വിദഗ്ധരെപ്പോലും അങ്കലാപ്പിൽ ആഴ്ത്തുമ്പോഴാണ് സഖാവ് പിണറായി വിദേശ മൂലധനം തേടി ഇറങ്ങിയിരിക്കുന്നത്.

മാനവസമൂഹത്തിന്റെ വികാസനിയമത്തെ സംബന്ധിച്ചുള്ള മാർക്സിസ്റ്റ് കാഴ്ചപ്പാടിന്റെ പ്രാഥമികധാരണയുള്ള ഏതൊരാൾക്കും അറിയാം, മരണാസന്നമായ ഈ മുതലാളിത്തത്തിൽ പ്രതിസന്ധി അപരിഹാര്യമാണ്. സൂത്രപ്പണികൾകൊണ്ടോ മുട്ടുശാന്തികൊണ്ടോ ഈ പ്രതിസന്ധിക്ക് ശാശ്വത പരിഹാരം കാണാനാവില്ല. പ്രതിസന്ധി പരി

മാധ്യമ വാർത്തകളിലൂടെ സൃഷ്ടിക്കപ്പെടുന്ന പ്രതീതി, സിപിഐ(എം) മാറ്റത്തിന്റെ പാതയിലാണെന്നും ഇടതുപക്ഷരാഷ്ട്രീയം കൂടുതൽ ഉയർത്തിപ്പിടിക്കുമെന്നും പാർട്ടി കോൺഗ്രസ്സും പ്ലീനവും അതാണ് പ്രഖ്യാപിക്കുന്നതെന്നും മറ്റുമാണ്. യഥാർത്ഥത്തിൽ കേരളത്തിലെ സിപിഐ(എം) സിദ്ധാന്തത്തിലും പ്രയോഗത്തിലും ഒരു മാറ്റവും കൊണ്ടുവരാൻ ഉദ്ദേശിക്കുന്നില്ല എന്നു മാത്രമല്ല കൂടുതൽ മറയില്ലാതെ സ്വകാര്യ മൂലധനത്തിന്റെ വികസനത്തിനു വേണ്ടി നിലകൊള്ളുന്നുവെന്നാണ് കേരള പഠന കോൺഗ്രസ്സിൽ അവർ അവതരിപ്പിച്ച രേഖകളിൽ നിന്നും അവിടെ നടന്ന പ്രസംഗങ്ങളിൽ നിന്നും മനസ്സിലാക്കാവുന്നത്. മാർക്സിസ്റ്റ് അടിസ്ഥാനവിശകലനത്തിന്റെ നേരിയസ്വാധീനം പോലും പഠനകോൺഗ്രസ്സിലെ ചർച്ചകളിലോ രേഖകളിലോ കാണാനാവില്ല. എന്തിന് ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ പോലും ഒരു സമീപനം അവിടെ ഉണ്ടായില്ല എന്ന് ഖേദപൂർവ്വം പറയട്ടെ.

# സിപിഐ(എം)ന്റെ കേരള പഠന കോൺഗ്രസ്സ്

## ഒരേസമയം നവലിബറൽ നയങ്ങൾക്കെതിരെയുള്ള വാചകമടിയും നവലിബറൽ നയങ്ങൾക്കായുള്ള വക്കാലത്തും

ഹരിക്കാൻ കൈക്കൊള്ളുന്ന ഏതൊരു നടപടിയും പ്രതിസന്ധിയെ മൂർഛിപ്പിക്കും. ജനങ്ങളുടെ ദുരിതങ്ങൾ അന്തമില്ലാതെ തുടരും. മാർക്സിസം നമുക്ക് കാണിച്ചു തന്നിട്ടുള്ള, വീണ്ടും വീണ്ടും സന്ദേഹരഹിതമായി തെളിയിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ശാസ്ത്രീയ സത്യമാണത്. പരിഹാരം ഒന്നേയുള്ളൂ– ഈ മുതലാളിത്ത വ്യവസ്ഥിതിയെ സ്ഥാന ഭ്രഷ്ടമാക്കി, തൽസ്ഥാനത്ത് സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുക എന്നതാണത്. അല്ലാതെ, മുതലാളിത്ത സാമ്പത്തിക ക്രമത്തെ അതേപടി നിലനിർത്തിക്കൊണ്ട്, പ്രതിസന്ധി പരിഹാരിക്കാമെന്ന് ആരെങ്കിലും പറഞ്ഞാൽ, അതൊരിക്കലും മാർക്സിസത്തിന് നിരക്കുന്നതല്ല. ഈ കാലഘട്ടത്തിൽ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ, മാർക്സിസത്തിൽ വിശ്വസിക്കുന്നവരുടെ ധർമ്മം, മുതലാളിത്തവുമായി സമരസപ്പെട്ടുപോകുക എന്നതല്ല. ഈ ചട്ടക്കൂടിനകത്തുനിന്നുതന്നെ മുന്നോട്ടുപോകാനുള്ള ശ്രമമാണ് വേണ്ടതെന്നാണ് സഖാവ് പിണറായി പറയുന്നത്. ഒരിഞ്ചെങ്കിലും മുന്നോട്ടുപോകാൻ സാധ്യമല്ല എന്ന ചരിത്രപ്രധാനമായ പാഠം വിസ്മരിക്കാനും ഈ വ്യവസ്ഥിതിയിൽ വ്യാമോഹം വളർത്താനുമാണ് സിപിഐ(എം) ശ്രമിക്കുന്നത്.

'നികുതി പിരിവുകാരൻ എന്ന നിലയിലല്ല മാർഗ്ഗ നിർദ്ദേശകൻ എന്ന നിലയിലേയ്ക്ക് സർക്കാൻ മാറണം' ഇത് പിണറായിയുടെ വാക്കുകളാണ്. എത്ര കൃത്യമായ ആഗോളീകരണ കുറിപ്പടിയാണ് അദ്ദേഹം ഏറ്റുപാടുന്നത് എന്ന് നോക്കുക. കഴിഞ്ഞ രണ്ട് ദശാബ്ദമായി ഡബ്ല്യുറ്റിഒ യും ലോകബാങ്കും ലോകമെമ്പാടും വിളിച്ചുചേർക്കുന്ന സാമ്പത്തിക പരിഷ്കാര സമ്മേളനങ്ങളുടെ പ്രധാന അജണ്ട സർക്കാരിനെ എങ്ങിനെ മൂലധനത്തിന്റെ ഫെസിലിറ്റേറ്റർ (സഹായി) ആക്കി പരിവർത്തനപ്പെടുത്താം എന്നതാണ്. ഇക്കഴിഞ്ഞ ജനുവരി 16ന് ദില്ലിയിൽ കേന്ദ്ര ധനകാര്യ മന്ത്രി അരുൺ ജയ്റ്റ്ലി പ്രഖ്യാപിച്ചത് സർക്കാരുകൾ നിക്ഷേപകരുടെയും മൂലധനത്തിന്റെയും ഫെസിലിറ്റേറ്റർ ആയി എത്രയും വേഗം മാറണം എന്നാണ്. എന്തൊരു അത്ഭുതകരമായ സാദൃശ്യം! ഫെസിലിറ്റേറ്റർ എന്നതിന് എന്തൊക്കെ വ്യാഖ്യാനങ്ങൾ നൽകിയാലും അതിന്റെ നടത്തിപ്പ് നമ്മെ ബോധ്യപ്പെടുത്തിയിട്ടുള്ളത് മൂലധനതാൽപ്പര്യങ്ങളുമായി താദാത്മ്യം പ്രാപിച്ചുകഴിഞ്ഞ സർക്കാരുകൾ വ്യവസായികളുടെയും നിക്ഷേപകരുടെയും ദാസ്യത്തിൽ പ്രവർത്തിക്കുക എന്നു മാത്രമാണ്. സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനായി നികുതി പിരിവുകാർ എന്നതിൽ നിന്നും മാർഗ്ഗ നിർദ്ദേശകൻ എന്ന നിലയിലേയ്ക്ക് സർക്കാർ മാറണം എന്ന് പിണറായി വിജയൻ പറയുന്നതിന്റെയും അർത്ഥം അതുതന്നെ. കമ്പോളമുതലാളിത്ത വ്യവസ്ഥിതിയിൽ, ഏതൊരു മേഖലയിലും സർക്കാർ ഒരു 'ഫെസിലിറ്റേറ്റർ' അഥവാ സഹായി അല്ലെങ്കിൽ മാർഗ്ഗനിർദ്ദേശകൻ മാത്രമേ ആകാൻ പാടുള്ളൂ എന്ന് ആഗോളവൽക്കരണ നയങ്ങൾ നിഷ്കർഷിക്കുന്നത് മൂലധനത്തിന്റെ സർവ്വസ്വതന്ത്രമായ വിഹാരത്തിന് അന്തരീക്ഷം ഉണ്ടാക്കാൻ വേണ്ടിയാണ്. സർക്കാർ ഒരു നിയന്ത്രകൻ പോലുമാകാൻ പാടില്ല. ഇതുതന്നെ പിണറായി വിജയൻ ആവർത്തിക്കുമ്പോൾ, സിപിഐ(എം) നൽകുന്ന സന്ദേശം എന്താണ്? ആരുടെ വികസനമാണ് സിപിഐ(എം) ലക്ഷ്യമിടുന്നത്. പിണറായി വിജയൻ പറയുന്നത് അദ്ദേഹത്തിന്റെ വ്യക്തിപരമായ അഭിപ്രായമായി കാണാനാകില്ല. സിപിഐ(എം) ന്റെ പോളിറ്റ് ബ്യൂറോ അംഗം കൂടിയായ പിണറായി പറയുന്നത് സിപിഐ(എം)ന്റെ അഭിപ്രായം തന്നെയാണ്.

കേരളത്തിൽ സംരഭങ്ങൾ വരാത്തതും വ്യവസായിക വളർച്ച ഉണ്ടാകാത്തതും ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ ആധുനീകരിക്കാത്തതുകൊണ്ടാണെന്നാണ് പഠന കോൺഗ്രസ്സ് കണ്ടെത്തിയിരിക്കുന്നത്. അതിനാൽ ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ ആധുനീകരിച്ച് അതിവേഗം വളരുന്ന കേരളത്തെ സൃഷ്ടിക്കുക സാധ്യമാണെന്നാണ് സിപിഐ(എം)ന്റെ അഭിപ്രായം. മുതലാളിത്തത്തിനുള്ളിൽ അല്പം മനസ്സുവച്ചാൽ സംരംഭങ്ങൾ വളർത്താൻ കഴിയുമത്രേ. ലോകമെമ്പാടും അനുഭവപ്പെടുന്ന അതിരൂക്ഷമായ വ്യവസായിക മാന്ദ്യവും സാമ്പത്തിക പ്രതിസന്ധിയും കറൻസികളുടെ വിലത്തകർച്ചയും എല്ലാം വളരെ എളുപ്പം പരിഹരിക്കാവുന്നതേയുള്ളൂ എന്നാണ് സിപിഐ(എം) സമർത്ഥിക്കുന്നത്. അധികാരത്തിൽ തങ്ങൾ ആയിരിക്കണമെന്നു മാത്രം. യുവജനങ്ങളിലെ സംരംഭകത്വ ശേഷി വളർത്തിയും ഗൗരവത്തോടെ ഇടപെടുന്ന വ്യവസായികൾക്ക് പരമാവധി വേഗത്തിൽ അനുമതി നൽകുന്ന ഏകജാലക സംവിധാനം നടപ്പാക്കിയും മുതലാളിത്തത്തിന്റ പ്രതിസന്ധി പരിഹരിക്കാമത്രേ. മുതലാളിത്തത്തിന്റെ അതിരൂക്ഷമായ പ്രതിസന്ധി ഇത്ര ലളിതമായ സമവാക്യങ്ങളിലൂടെ പരിഹരിക്കാമെന്ന് വിശദീകരിക്കുന്ന ഇക്കൂട്ടർ തൊഴിലാളിവർഗ്ഗ രാഷ്ട്രീയത്തിന് ഏൽപ്പിക്കുന്ന ആഘാതം അളവറ്റതാണ്. ഒരു നവസംരംഭവും ഈ മുതലാളിത്തത്തിനുള്ളിൽ ഇനി അഭിവൃദ്ധിപ്പെടാൻ സാധ്യമല്ലാത്തവിധം ഇത് മരണാസന്നമായി എന്ന് തൊഴിലാളിവർഗ്ഗത്തെ പഠിപ്പിച്ച്, അവരെ വിപ്ലവത്തിലേക്ക് നയിക്കുക എന്നതാണ് ചരിത്രദൗത്യം. അതിനുപകരം സംരംഭകത്വത്തെക്കുറിച്ച് വാചാലമായിക്കൊണ്ട് ഈ ചൂഷണവ്യവസ്ഥിതിയിൽ വ്യാമോഹം വളർത്തി തൊഴിലാളിവർഗ്ഗത്തെ രാഷ്ട്രീയമായി വന്ധ്യംകരിക്കുകയാണ് സിപിഐ(എം) ചെയ്യുന്നത്.

ഈ വ്യവസ്ഥിതിയെ സമൂലം പിഴുതെറിഞ്ഞ് ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതിയെ നിർമ്മിച്ചെടുക്കുന്നതിലൂടെയേ മാനവസമൂഹത്തിനിനി മുന്നേറാനാകൂ എന്ന് മാർക്സിസം പഠിപ്പിക്കുന്നു. അതുകൊണ്ടുതന്നെ ഒരു മാർക്സിസ്റ്റിന് മുതലാളിത്തവുമായി സമരസപ്പെടാനോ മുതലാളിത്തത്തിന്റെ നിലനിൽപ്പിനെ സഹായിക്കാനോ, മുതലാളിത്ത പ്രതിസന്ധിയുടെ സത്യം മറച്ചുവച്ച് ജനങ്ങളിൽ വ്യാമോഹം വളർത്താനോ സാധിക്കില്ല. ഇവിടെ മുതലാളിത്തവുമായി സന്ധിചെയ്ത് കേവലം പരിഷ്ക്കരണവാദപരമായ നടപടികൾ സ്വീകരിക്കുന്നുവെന്നു മാത്രമല്ല ഒരു പടികൂടി കടന്ന് സംരംഭകത്വ മൂലധന നിക്ഷേപ പ്രോത്സാഹനത്തിനായി ആഹ്വാനം നൽകുന്ന പിണറായിയും സിപിഐ(എം) ഉം തികഞ്ഞ വലതുപക്ഷ മുതലാളിത്ത രാഷ്ട്രീയമാണ് പറയുന്നത്. എങ്ങനെയാണിവർക്ക് സ്വയം മാർക്സിസ്റ്റായി വിശേഷിപ്പിക്കാനാകുക. ആഗോളവൽക്കരണ മുതലാളിത്ത നയങ്ങൾ നടപ്പാക്കിക്കൊണ്ടാണ് നവലിബറൽ നയങ്ങൾക്കെതിരെ പ്രക്ഷോഭം നടത്തുമെന്ന് പറയുന്നത്.

മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് എന്ന് സ്വയം വിശേഷിപ്പിക്കുന്ന ഒരു പാർട്ടിയും നേതാവുമാണ് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി മൂലധനം ആകർഷിച്ച് സംരംഭങ്ങൾ വളർത്തി വളർച്ചയുണ്ടാക്കുമെന്ന് പറയുന്നത്. ഈ 'വളർച്ച'യുടെ പൊള്ളത്തരം ഇന്ന് സാധാരണക്കാരൻ അവന്റെ ജീവിതം കൊണ്ട് തിരിച്ചറിയുന്നുണ്ട്. ഒരു വശത്ത് വളർച്ചാ നിരക്ക് ഉയരുന്നതിന്റെ വീരവാദങ്ങളും ശതകോടീശ്വരന്മാരുടെ എണ്ണം വർദ്ധിക്കുന്നതിന്റെ കാഹളവും മുഴങ്ങുമ്പോൾ, മറുവശത്ത് കോടിക്കണക്കായ സാധാരണക്കാരുടെ ജീവിതം വഴിമുട്ടുകയാണ്. നാലു ലക്ഷം കർഷകർ ജീവനൊടുക്കിക്കഴിഞ്ഞു. വിദ്യാർത്ഥികളും സംഘടിതവും അസംഘടിതവുമായ വിവിധ തൊഴിൽ മേഖലകളിലെ തൊഴിലാളികളും ആത്മഹത്യ ചെയ്തോ, അല്ലെങ്കിൽ അസുഖം വന്ന് ചികിത്സിക്കാൻ വഴിയില്ലാതെയോ ഒടുങ്ങുന്നു. വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടുന്ന സാധാരണക്കാരന്റെ മുന്നിൽ ഈ വളർച്ചയുടെ കണക്കുകൾ നിരത്തുമ്പോൾ അതിന് എന്ത് വിലയാണുള്ളത്. ഈ വളർച്ച വർദ്ധിപ്പിക്കുന്നതിനെപ്പറ്റിയാണ് മൻമോഹനായാലും മോദിയായാലും ഇപ്പോൾ പിണറായി വിജയനായാലും പറയുന്നത്. ഈ നേതാക്കൾ കക്ഷിഭേദമന്യേ ഇവിടെ സംരക്ഷിക്കുന്നത് ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളുടെ താൽപ്പര്യമല്ല, മുതലാളിമാരുടെ താൽപ്പര്യം മാത്രമാണെന്ന് നമുക്ക് നിസ്സംശയം പറയാൻ കഴിയും.

നവലിബറൽ നയങ്ങളെ കുറിച്ചുള്ള വിമർശനം അഥവാ ഇടതുപക്ഷ ബദൽ എന്ന രീതിയിൽ പഠന കോൺഗ്രസ്സിൽ അവതരിപ്പിച്ച ഒരു രേഖയുണ്ട്. സിപിഐ(എം)ന്റെ ആശയ നിലവാരത്തിൽ സഹതാപം ജനിപ്പിക്കുന്നതാണ് ഈ രേഖ. കേരളത്തിൽ യുഡിഎഫ് ഭരിച്ചപ്പോൾ നടപ്പാക്കിയത് നവലിബറൽ നയങ്ങളും തങ്ങളുടെ ഭരണകാലത്ത് അതിനെതിരായി പുരോഗമന നയങ്ങളും എന്നാണ് രേഖ വിശദമാക്കുന്നത്. ലോകമൊട്ടാകെയുള്ള ജനങ്ങളുടെ ജീവിതങ്ങളിൽ വിവിധ രീതികളിൽ ആഘാതം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന നവലിബറൽ നയങ്ങളെക്കുറിച്ച് എത്ര വികലവും വിചിത്രവും ശുഷ്ക്കവുമായ വീക്ഷണമാണ് ഇവർക്കുള്ളത്! ലോകബാങ്ക് പദ്ധതികളായ ഡിപിഇപിയും എൻആർഎച്ച്എമ്മും കേരളത്തിൽ നടപ്പിലാക്കിയത് ഇടതു സർക്കാരുകളാണ്. നവലിബറൽ വികസന സാമ്പത്തികശാസ്ത്ര പദ്ധതിയായ പങ്കാളിത്ത വികസനമാണ് കേരളത്തിൽ ജനകീയാസൂത്രണമായി നടപ്പാക്കപ്പെട്ടത്. വൻകിട മുതലാളിമാർക്ക് പരവതാനി വിരിക്കുന്നതിലും അവർക്കായി സ്പെഷ്യൽ എക്കണോമിക് സോണുകൾ രൂപപ്പെടുത്തുന്നതിലും യുഡിഎഫിനേക്കാൾ മുമ്പിൽ വാസ്തവത്തിൽ എൽഡിഎഫ് തന്നെയായിരുന്നില്ലേ. നവലിബറൽ നയങ്ങൾ ഒക്കെയും നടപ്പാക്കിയിട്ട് ഇപ്പോൾ അതിനെതിരെ നിലകൊള്ളുന്നു എന്ന് പറയുന്നത് സാധാരണക്കാരൻ വിശ്വസിക്കണമെങ്കിൽ കുറഞ്ഞത് തങ്ങൾ ചെയ്തത് തെറ്റായിരുന്നു എന്ന കുറ്റ സമ്മതമെങ്കിലും വേണ്ടേ? തങ്ങൾ നടപ്പിലാക്കിയ നവലിബറൽ നയങ്ങൾ തങ്ങളുടെ കാലത്ത് പുരോഗമനപരവും അടുത്തയാളിന്റെ കാലത്ത് മാത്രം ജനവിരുദ്ധവും ആകുന്നതെങ്ങനെ? അണികളെയും ജനത്തെയും തെറ്റിദ്ധരിപ്പിക്കുന്ന തെരഞ്ഞെടുപ്പ് മുൻനിർത്തിയുള്ള വാചകകസർത്തല്ലാതെ മറ്റെന്താണിത്!

തീർന്നില്ല, ആഗോള തൊഴിൽകമ്പോളത്തിൽ മത്സരിച്ചുജയിക്കുവാൻ നമ്മുടെ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി ആഗോളവിജ്ഞാനവിസ്ഫോടനം ഉൾക്കൊള്ളുന്ന വിധത്തിൽ നമ്മുടെ വിദ്യാഭ്യാസ ഘടനയെ അടിമുടി ഉടച്ചുവാർക്കണം എന്ന് പിണറായി വിജയൻ അഭിപ്രായപ്പെടുന്നു. ആഗോളവൽക്കരണ കാലഘട്ടത്തിലെ വിദ്യാഭ്യാസ ലക്ഷ്യത്തിന്റെ പച്ചയായ ആവർത്തനം മാത്രമാണിത്. നൈപുണി വിദ്യാഭ്യാസമായ ഡിപിഇപി നിർബന്ധപൂർവ്വം അടിച്ചേൽപ്പിച്ചവർ ഇത് പറയുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം, വിജ്ഞാനവും സ്വഭാവവും പകർന്നു നൽകി പുതിയൊരു മനുഷ്യനെ സൃഷ്ടിക്കുക എന്നതല്ല മറിച്ച്, തൊഴിൽക്കമ്പോളത്തിനാവശ്യമുള്ള ശേഷികൾ മാത്രം ആർജ്ജിച്ച കുറച്ച് അടിമകളെ സൃഷ്ടിക്കുക എന്നതുമാത്രമാണെന്ന് കരുതുന്ന നവലിബറൽ ചിന്തയല്ലേ ഇത്? ഈ വിജ്ഞാന വിസ്ഫോടനം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്താണ്? ജനുവരി 29 ന് കോവളത്തുവച്ചു നടന്ന ആഗോളവിദ്യാഭ്യാസ സംഗമം എന്ന നമ്മുടെ പൊതുവിദ്യാഭ്യാസത്തേയും ഉന്നതവിദ്യാഭ്യാസത്തേയും സമ്പൂർണ്ണമായി കച്ചവടവൽക്കരിക്കാനുള്ള കോർപ്പറേറ്റ് നീക്കവും ഇതേ കാര്യം തന്നേയല്ലേ പറയുന്നത്? വാക്കുകൾ വേറെയാണെന്നു മാത്രം. തൊഴിൽകമ്പോളത്തിനുള്ള ഉൽപ്പന്നങ്ങളായി വിദ്യാർത്ഥികളെ മാറ്റുന്നതാണ് വിദ്യാഭ്യാസമെന്ന് പറയുന്ന സിപിഐ(എം) ഇടതുപക്ഷ രാഷ്ട്രീയമാണോ മുതലാളിത്ത പാദസേവയാണോ അനുവർത്തിക്കുന്നത്?

പൊതുവിദ്യാഭ്യാസത്തെ സംബന്ധിക്കുന്ന മറ്റൊരു സമീപനരേഖയും പഠന കോൺഗ്രസ്സിലുണ്ടായിരുന്നു. ഏറ്റവും ഗൗരവമായ പ്രശ്നം നിലവാരത്തിന്റേതാണെന്ന്

(ശേഷം 12–ാം പേജിൽ)

ശ്രീമാൻ പിണറായിയുടെ ഈ വാക്കുകളും മൻമോഹൻസിംഗിന്റെയും നരേന്ദ്രമോദിയുടെയും അരുൺ ജയ്റ്റ്ലിയുടെയും വാക്കുകളും തമ്മിലെന്താണ് വ്യത്യാസം? ഈ പ്രസംഗം കേൾക്കുമ്പോൾ, കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രിയുടെയോ ഫിക്കിയുടെയോ യോഗത്തിൽ മൊണ്ടേക് സിംഗ് അലുവാലിയ പ്രസംഗിക്കുന്നതുപോലെ അനുഭവപ്പെടുന്നില്ലേ. പ്രത്യക്ഷ വിദേശ നിക്ഷേപത്തിന്റെ കുറവിനെച്ചൊല്ലി വിലപിച്ചുകൊണ്ടാണല്ലോ അദ്ദേഹം പ്രസംഗം ആരംഭിക്കുന്നതു തന്നെ. കഴിഞ്ഞ രണ്ടര പതിറ്റാണ്ടായി ഇൻഡ്യയുടെ ഭരണതലപ്പത്തുള്ള ഏതൊരാളും വിദേശ മൂലധന നിക്ഷേപമാണ് നമ്മുടെ രാജ്യത്തിന്റെ മുഴുവൻ വ്യാധിയുടെയും ഔഷധമെന്ന് നമ്മളെ ഉൽബോധിപ്പിക്കുകയും രാജ്യം മലർക്കെ അതിനായി തുറന്നിടുകയുമാണ്. വിദേശ നിക്ഷേപത്തെ ആകർഷിക്കാനായി രാജ്യത്തിന്റെ നിയമങ്ങൾ, പേറ്റന്റ് നിയമം മുതൽ തൊഴിൽ നിയമങ്ങൾ വരെ പൊളിച്ചെഴുതി. എന്നിട്ടും പ്രതീക്ഷിച്ചപോലെ മൂലധനപ്രവാഹമുണ്ടാകാത്തതിൽ മനംനൊന്ത് നടക്കുകയാണ് മോദിയും കൂട്ടരും. അവരുടെ അതേ പാതയിൽത്തന്നെയാണ് ശ്രീമാൻ പിണറായിയും. വിദേശ മൂലധന നിക്ഷേപ പ്രവാഹം ഉണ്ടാക്കാൻ പരിശ്രമിക്കണമെന്ന് ആവശ്യപ്പെടുന്ന അദ്ദേഹംതന്നെ സാമൂഹ്യസുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തണമെന്നും പറയുന്നുണ്ട്. എഫ്ഡിഐയുടെ പ്രധാന നിബന്ധന സാമൂഹ്യസുരക്ഷാ സംവിധാനങ്ങൾ പിൻവലിക്കണമെന്നതാണ്. അപ്പോൾ സാമൂഹ്യസുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട് എങ്ങിനെയാണ് വിദേശ നിക്ഷേപം ആകർഷിക്കുക? ഈ വൈരുദ്ധ്യം അറിവില്ലായ്മയിൽ നിന്നും വരുന്നതല്ല. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ മാത്രമല്ല, പഠന കോൺഗ്രസ്സ് ആകെ കൈക്കൊണ്ടിട്ടുള്ള വഞ്ചനയുടെ സമീപനമാണത്. നിയോ ലിബറൽ നയങ്ങൾക്കെതിരെ എന്ന നാട്യം സ്വീകരിച്ചുകൊണ്ടല്ലാതെ ഇന്ന് മുതലാളിത്തത്തിനുവേണ്ടി വാദിക്കാൻ ആർക്കുമാവില്ല. അത്രമേൽ കണ്ണിൽ തുളച്ചുകയറുന്ന യാഥാർത്ഥ്യമാണ് ഈ വിനാശകരമായ നയത്തിന്റെ ഫലങ്ങൾ. അപ്പോൾ തൊഴിലാളികളെയും സാധാരണ ജനങ്ങളെയും കബളിപ്പിക്കാൻ അവിടവിടെ ആഗോളവൽക്കരണത്തിനെതിരെ അല്ലെങ്കിൽ നവലിബറൽ നയങ്ങൾക്കെതിരെ പറഞ്ഞുകൊണ്ടേ ഇന്ന് മുതലാളിത്ത അജണ്ട നടപ്പാക്കാനാകൂ. അതുതന്നെയാണ് പിണറായിയും അനുചരന്മാരും ഇന്ന് ചെയ്യുന്നത്

## സിപിഐ(എം)ന്റെ കേരള പഠന കോൺഗ്രസ്സ്

# പഠന കോൺഗ്രസ്സിന്റേത് വഞ്ചനയുടെ നയം

( 11–ാം പേജിൽ നിന്ന്..)

സമ്മതിക്കുന്ന ഈ രേഖ പക്ഷേ നിലവാരമില്ലാതാക്കിയതിന്റെ യഥാർത്ഥ കാരണം ബോധപൂർവ്വം മറച്ചുവയ്ക്കുന്നു. പൊതുവിദ്യാഭ്യാസത്തിന്റെ തകർച്ചയ്ക്ക് തുടക്കം കുറിച്ചത് ഡിപിഇപി എന്ന ലോകബാങ്ക് പദ്ധതി നടപ്പാക്കിയതോടുകൂടിയാണ്. ഒരു കാലത്ത് ഇതിനെ അനുകൂലിച്ചവർപോലും രണ്ടു ദശകങ്ങൾക്കിപ്പുറം ഇത് അംഗീകരിക്കുന്നുണ്ട്. തങ്ങളുടെ തെറ്റ് തിരിച്ചറിയാൻ ഇനിയും സിപിഐ(എം) തയ്യാറാകുന്നില്ല. കേരളത്തിൽ തങ്ങൾ നടപ്പാക്കിയത് ശാസ്ത്രീയമായ ഒരു പാഠ്യപദ്ധതി തന്നെയെന്ന് അവരിപ്പോഴും വാദിക്കുന്നു. ജ്ഞാന നിർമ്മിതിവാദം എന്ന തലതിരിഞ്ഞ സിദ്ധാന്തം കെങ്കേമം തന്നെയെന്ന് ഈ രേഖ പറയുന്നു. ഇതിലൂന്നിയ പാഠ്യപദ്ധതിയുടെ സൈദ്ധാന്തിക തലത്തിലല്ല; നിർവ്വഹണത്തിലാണ് പ്രശ്നങ്ങൾ ഉയർന്നുവന്നതത്രേ! വാസ്തവമെന്താണ്, കുട്ടികൾക്ക് അറിവ് നിഷേധിക്കുന്ന, അദ്ധ്യയനം നിഷേധിക്കുന്ന, അക്ഷരം നിഷേധിക്കുന്ന ഈ ലോകബാങ്ക് പാഠ്യപദ്ധതിയുടെ പിന്നിലുള്ള സിദ്ധാന്തം തന്നെയാണ് തെറ്റ്. അത് രണ്ടുദശകം കൊണ്ട് തകർത്തത് കേരളത്തിലെ പൊതുവിദ്യാഭ്യാസ അടിത്തറയെ മാത്രമല്ല, ഇവിടുത്തെ സമൂഹം നവോത്ഥാന കാലഘട്ടം തൊട്ടേ കഠിനപ്രയത്നങ്ങളിലൂടെ ആർജ്ജിച്ചെടുത്ത ബൗദ്ധിക ശേഷിയെക്കൂടിയാണ്. അറിവിനും അക്ഷരജ്ഞാനത്തിനും, അതിലൂടെ കൈവരുന്ന ചിന്താശേഷിക്കും പ്രാധാന്യം കൽപ്പിക്കാത്ത ഈ പാഠ്യപദ്ധതിയുടെ തുടർച്ചയാണ് പിന്നീട് എസ്എസ്എ, ആർഎംഎസ്എ തുടങ്ങി ഉന്നത വിദ്യാഭ്യാസത്തിന്റെ അന്തകനാകുന്ന സ്വയംഭരണ കോളേജുകളിലും റുസ പദ്ധതിയും വരെ എത്തിനിൽക്കുന്നത്. ഇതിലൂടെ പുറത്തുവരുന്ന യുവതയെ സംബന്ധിച്ചിടത്തോളം പിന്നീട് മുന്നിലുള്ള ഒരേയൊരു വഴി, തൊഴിൽ കമ്പോളത്തിന് ആവശ്യമുള്ള എന്തെങ്കിലും തൊഴിൽ നൈപുണ്യം ആർജ്ജിച്ചെടുത്ത് മുതലാളിത്തത്തിന്റെ കൂലി അടിമകളായി മാറുകയെന്നതാണ്. മനുഷ്യത്വവും ചിന്താശേഷിയും ഒഴിവാക്കപ്പെട്ട യന്ത്രമനുഷ്യരായ കൂലി അടിമകൾ! ഇതു തന്നെയാണ് ഇത്തരം പദ്ധതികളുടെയും ജ്ഞാന നിർമ്മിതിവാദക്കാരുടെയും യഥാർത്ഥലക്ഷ്യവും. ഡിപിഇപി സൃഷ്ടിച്ച വിനാശത്തിന്റെ ഈ ഘട്ടത്തിൽപ്പോലും വീണ്ടും ഇതിന്റെ വക്താക്കളായി സിപിഐ (എം) രംഗത്തുവരുന്നത് മുതലാളിത്ത ആഗോളവൽക്കരണ നയങ്ങളോടുള്ള ഇവരുടെ പ്രതിബദ്ധതയേയാണ് വ്യക്തമാക്കുന്നത്.

ഇതുപോലെതന്നെ, പഠനകോൺഗ്രസ്സിൽ ധനകാര്യ മേഖലയുമായി ബന്ധപ്പെട്ട് അവതരിപ്പിക്കപ്പെട്ട സമീപനരേഖയും വിശകലനം ചെയ്യേണ്ടതുണ്ട്. ഉയർന്ന റവന്യൂ ചെലവും വരുമാനത്തിലെ കുറവും കുറഞ്ഞ കേന്ദ്ര സഹായവുമൊക്കെയാണ് കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ ദുർബലമാക്കുന്നതെന്ന് രേഖ നിരീക്ഷിക്കുന്നു. കേരളം മാറി മാറി ഭരിച്ച യുഡിഎഫ്-എൽഡിഎഫ് സർക്കാരുകളുടെ വായ്പാധിഷ്ഠിത സാമ്പത്തിക മാനേജുമെന്റും ഖജനാവ് കുത്തിച്ചോർത്തിയ അഴിമതിയും കമ്മീഷനുകളും കോടികൾ നഷ്ടപ്പെടുത്തിയ പിടിപ്പുകേടും ഇവയൊക്കെയാണ് പ്രതിസന്ധി സൃഷ്ടിച്ചത് എന്നതാണ് വസ്തുത. ഇക്കാര്യം രേഖയിൽ മറച്ചുവയ്ക്കുന്നു. വരുമാനം വർദ്ധിപ്പിച്ച് കമ്മി ചുരുക്കുന്ന വികസനോന്മുഖമായ ധനനയമാണ് സംസ്ഥാനത്തിനുവേണ്ടതെന്ന് വിലയിരുത്തുന്നു സിപിഐ(എം). വരുമാനം വർദ്ധിപ്പിക്കാൻ മുൻകാലങ്ങളിൽ കൈക്കൊണ്ട നടപടികളാണ് ലക്ഷ്യമിടുന്നതെങ്കിൽ ജനങ്ങളുടെ ജീവിതഭാരം വർദ്ധിക്കുമെന്നത് ഉറപ്പാക്കാം. ഒപ്പം അവർ GST യെ പൂർണ്ണമായും അനുകൂലിക്കുന്നു. അതും മോദി സർക്കാർ കൊണ്ടുവന്ന രീതിയിൽ തന്നെ. മാർക്സിയൻ സമീപനത്തിന്റെ കണിക പോലുമില്ലെങ്കിലും ജണ്ടർ ബജറ്റിംഗ് പോലെയുള്ള ഉത്താരധുനിക ധനശാസ്ത്ര പദങ്ങൾ ഉണ്ടുതാനും. മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റും കാര്യക്ഷമമായ നികുതിപിരിവും ഇല്ലാത്തതാണത്രേ പ്രശ്നം. വാസ്തവത്തിൽ പ്രതിസന്ധി എന്നത് കേരളത്തിൽ മാത്രം ഒതുങ്ങുന്നതല്ലെന്നും അത് മുതലാളിത്ത വ്യവസ്ഥിതിയുടെ കൂടപ്പിറപ്പാണെന്നുമുള്ള ശാസ്ത്രീയ നിരീക്ഷണം ഈ രേഖയിലില്ല. മറിച്ച് പ്രതിസന്ധിക്ക് തികച്ചും പ്രാദേശികമായ മാനം മാത്രം നൽകി ലഘൂകരിക്കുന്നു. വായ്പയ്ക്കാണ് ധനസമാഹരണത്തിൽ ഊന്നൽ. ആരിൽ നിന്ന്? എന്തിന്? കേരളത്തെ ലോകബാങ്ക്-എഡിബി കടക്കെണിയിൽ കുരുക്കിയിട്ടതിൽ ഇടതുഭരണങ്ങൾക്ക് വലിയ പങ്കുണ്ട്. വീണ്ടും അതേ ദിശയിലാണ് കാര്യങ്ങൾ. മാർക്സിസ്റ്റ് വീക്ഷണം ഇല്ലെന്നതോ പോകട്ടേ അതിന് നേർവിരുദ്ധമായ സമീപനമാണ് ഇടതുപക്ഷ ബദൽ എന്ന മേലങ്കിയിൽ അവതരിപ്പിക്കപ്പെടുന്നത്.

ഇന്ത്യയിലെ ഏറ്റവും ആകർഷകമായ ടൂറിസ്റ്റ് കേന്ദ്രമാക്കി കേരളത്തെ മാറ്റേണ്ടതുണ്ടെന്നാണ് പിണറായി വിജയന്റെ അഭിപ്രായം. അതിനായി ഉത്തരവാദിത്ത ടൂറിസം എന്നാണ് പദമാണ് അദ്ദേഹം ഉപയോഗിക്കുന്നത്. ഇതേ പദം തന്നെ ഉപയോഗപ്പെടുത്തിവന്ന ടൂറിസം വികസനം നാടിന് കനത്ത ആഘാതങ്ങൾ ഏൽപ്പിച്ചിട്ടുണ്ട്. ജനതയെയും സംസ്ക്കാരത്തെയും അനുഭവിച്ചറിയാനെത്തുന്ന സാധാരണക്കാരായ സഞ്ചാരികളെയല്ല ഇവിടെ കാംക്ഷിക്കുന്നത്. സമ്പന്നന്റെ ഉല്ലാസങ്ങൾക്ക് അവസരമൊരുക്കുന്ന ആഗോള ടൂറിസം വ്യവസായത്തിന്റെ മൂലധന നിക്ഷേപത്തിന് വളക്കൂറുള്ള മണ്ണാക്കി കേരളത്തെ മാറ്റുമെന്ന് തന്നെയാണ് ഇതിന് അർത്ഥം. അത്തരത്തിലുള്ള ലാഭക്കൊതിയോടുള്ള ടൂറിസം ഒരു നാടിനും ഭൂഷണമല്ല. കേരളത്തിന്റെ സാമൂഹിക പരിസ്ഥിതി മേഖലകളിൽ അത് ആഘാതമേൽപ്പിക്കും.

ഭരണത്തെ നയിക്കുന്നവരുടെ അടിയന്തരചുമതലായായി പിണറായി വിജയൻ കാണുന്നത് സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ ഉതകുന്ന കരുത്തുറ്റ ഉദ്യോഗസ്ഥ സംവിധാനം സ്ഥാപിക്കുക എന്നതാണ്. ഇതുതന്നെയാണ് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെയും നയം. വ്യവസായികൾക്കും മുതലാളിമാർക്കും വേണ്ട ഒത്താശ ചെയ്യാൻ കരുത്തുള്ള, അവരോട് ദാസ്യത്തിലായ ഉദ്യോഗസ്ഥ വൃന്ദം ഉണ്ടാകുമ്പോൾ ജനങ്ങളുടെ അഭിപ്രായങ്ങൾക്ക് വിലയുണ്ടാകില്ല. ജനാധിപത്യം നോക്കുകുത്തിയാകും. അത് ഭരണകൂട ഫാസിസത്തിന്റെയും നാന്ദിയാണ്. അത് രൂപപ്പെടുത്താനാണ് നരേന്ദ്രമോദി ശ്രമിക്കുന്നത്. മറിച്ച് ശക്തമായ ജനാഭിമുഖ്യവും ഭരണപരമായ നിഷ്പക്ഷതയും സുതാര്യതയും നിർമ്മലവുമായ ഉദ്യോഗസംവിധാനത്തെയാണ് രൂപപ്പെടുത്തേണ്ടത്. വ്യവസായ സംരംഭകർക്ക് നിമിഷമാത്രയിൽ അനുമതി നൽകുക എന്ന ഒരൊറ്റ ആവശ്യകതയെ മുൻനിർത്തി പ്രവർത്തിക്കാൻ വേണ്ടിയുള്ളതല്ല ഉദ്യോഗസ്ഥവൃന്ദം.

കേരള പഠന കോൺഗ്രസ്സ് ജനങ്ങൾക്കു മുമ്പിൽ ഭാവിപ്രവർത്തനത്തിന്റേതായ എന്തു മാർഗ്ഗമാണ് കാട്ടുന്നത്. ജന ജീവിതത്തിന്റെ ഏതു മണ്ഡലത്തെയും മൂലധനനിക്ഷേപ മേഖലകളാക്കാൻ സർവ്വസന്നാഹങ്ങളോടെയും ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്ന ആഗോളവൽക്കരണനയങ്ങൾക്കിടയിൽ സാധാരണ ജനങ്ങൾക്ക് എന്ത് ജീവിതം; എന്ത് വികസനം? ജനങ്ങളുടെ അതിജീവനമെന്നാൽ പോരാട്ടം മാത്രമായി മാറിയിരിക്കുന്ന ഈ സന്നിഗ്ധഘട്ടത്തിൽ ഒരു ഇടതുപക്ഷ ബദൽ മുന്നോട്ടു വയ്ക്കാൻ പഠന കോൺഗ്രസ്സിനു കഴിഞ്ഞതേയില്ല. സർവ്വസംഹാരിയായ ആഗോളവൽക്കരണ നയങ്ങൾക്കെതിരെയുള്ള ചെറുത്തുനിൽപ്പിനുള്ള വേദി ഒരുക്കുക എന്നത് അവരുടെ ലക്ഷ്യമായിരുന്നില്ല. മറിച്ച് ഇടതുപക്ഷ മേലങ്കിയുടെ മറവിൽ ഇതേ നവലിബറൽ ആഗോളവൽക്കരണ നയങ്ങളെ പൊതിഞ്ഞ് അവതരിപ്പിക്കുക മാത്രമാണ് ഉണ്ടായത്. ഈ നയങ്ങളെ എതിർക്കുന്നതിന് പകരം അവയോട് സമരസപ്പെടുന്നതല്ലേ നമ്മൾ കാണുന്നത്. പദാവലികൾ വ്യത്യസ്തമാണെങ്കിലും എങ്ങനെ കൂടുതൽ സ്വകാര്യ മൂലധന നിക്ഷേപം ആകർഷിക്കാം, നിക്ഷേപകർക്ക് സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാം എന്നതിൽ തന്നെയല്ലേ ഇവിടെയും ഊന്നൽ. ഇതിൽ എവിടെയാണ് ഇടതുപക്ഷ രാഷ്ട്രീയം. പിണറായി വിജയന്റെ പ്രസംഗത്തിലും ഓരോ വിഷയത്തിലുമുള്ള സമീപന രേഖകളിലും വരികൾക്കിടയിൽ ഒരു യാഥാർത്ഥ്യം വ്യക്തമായി നിൽക്കുന്നത് കഴിഞ്ഞ 2 ദശാബ്ദക്കാലത്തിനിടയ്ക്ക് തങ്ങൾ അധികാരത്തിലിരുന്നപ്പോൾ നടപ്പാക്കിയ ആഗോളീകരണ-ഉദാരീകരണ നയങ്ങൾ തുടരാനുള്ള വ്യഗ്രത മാത്രമാണ്.

'ആഗോളീകരണ നയങ്ങളെ ചെറുത്തു തോൽപ്പിക്കാനുള്ള പ്രക്ഷോഭം തുടർന്നുകൊണ്ടും' 'നവ ലിബറൽ നയങ്ങളുടെ വിപത്തിനെ ചെറുത്തും' എന്നിങ്ങനെയുള്ള ആഹ്വാനങ്ങൾ തന്റെ പ്രസംഗത്തിൽ ഇടയ്ക്കിടെ പിണറായി വിജയൻ ഉയർത്തുന്നുണ്ട്. വിദേശ മൂലധന നിക്ഷേപ പ്രവാഹം ശക്തിപ്പെടുത്തിയും സർക്കാരിനെ മൂലധനത്തിന്റെ ഫെസിലിറ്റേറ്റർ ആക്കി പരിവർത്തനപ്പെടുത്തിയും അതിവേഗം മൂലധന വികസനത്തിനായി ഭൗതിക പശ്ചാത്തലമൊരുക്കിയും അതിനായി ഭൂമി ഏറ്റെടുത്തും തൊഴിൽ കമ്പോളത്തിൽ മൽസരിക്കാനുള്ള ശേഷി വിദ്യാഭ്യാസത്തിലൂടെ നൽകിയും അവരിൽ സംരഭകത്വശേഷി സൃഷ്ടിച്ചും അങ്ങിനെ അടിമുടി ആഗോളവൽക്കരണത്തിന്റെ എല്ലാ നടപടികളും ശക്തമായ ഒരുദ്യോഗസ്ഥ സംവിധാനത്തിലൂടെ നടപ്പാക്കിയതിനുശേഷം ആഗോളീകരണനയങ്ങളെ ചെറുത്തുതോൽപ്പിക്കുമത്രേ!! നിയോലിബറൽ നയങ്ങൾക്കെതിരായ ജനവികാരം തെരഞ്ഞെടുപ്പ് നേട്ടങ്ങൾക്കായി ഉപയോഗപ്പെടുത്താനായി അനുഷ്ഠാന സ്വഭാവത്തിലുള്ള പ്രക്ഷോഭനാട്യങ്ങൾ തുടർന്നും ഉണ്ടാകും എന്നേ ഇതിനർത്ഥമുള്ളൂ. ആത്യന്തികമായി ആഗോളീകരണനയങ്ങൾ പരാജയപ്പെടുത്തപ്പെടുന്ന ഒരു സാഹചര്യം സൃഷ്ടിക്കാൻ അവർ ആഗ്രഹിക്കുന്നില്ല എന്ന് പഠന കോൺഗ്രസ്സിലെ രേഖകളും പ്രസംഗങ്ങളും അടിവരയിടുന്നു.

അധികാരം നേടിയാൽ തങ്ങളുടെ വിധേയത്വം ആരോടാകും എന്ന് പഠന കോൺഗ്രസ്സ് വ്യക്തമാക്കിക്കഴിഞ്ഞു. ഇടതു രാഷ്ട്രീയത്തിന്റെ മഹത്തായ കൊടിക്കൂറയെ മുതലാളിമർക്കും തൊഴിലാളികൾക്കുമിടയിലുള്ള അഞ്ചാംപത്തി രാഷ്ട്രീയത്തിനായി ഉപയോഗിക്കുന്ന അധമമായ രാഷ്ട്രീയമാണ് വികസന കോൺഗ്രസ്സിൽ മുഴങ്ങുന്നത്. ഇത് ഇവിടെ ശക്തി പ്രാപിക്കേണ്ട യഥാർത്ഥ ഇടതുപക്ഷ രാഷ്ട്രീയത്തിന് കനത്ത പ്രഹരമാണ് ഏൽപ്പിക്കുന്നത്. ■

# തൊഴിൽ മന്ത്രിയുടെ വസതിയിലേക്ക് കശുവണ്ടി തൊഴിലാളി സെന്റർ മാർച്ച് നടത്തി

**നി**യമവിരുദ്ധമായി പൂട്ടിയിട്ടിരിക്കുന്ന കശുവണ്ടി ഫാക്ടറികൾ ഉടൻ തുറക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കശുവണ്ടി തൊളിലാളി സെന്റർ (എഐയുറ്റിയുസി.) യുടെ നേതൃത്വത്തിൽ കശുവണ്ടിത്തൊഴിലാളികൾ തൊഴിൽ വകുപ്പു മന്ത്രിയുടെ കൊല്ലത്തെ വസതിയിലേക്ക് മാർച്ച് നടത്തി.

കശുവണ്ടി തൊഴിലാളി സെന്റർ സംസ്ഥാന പ്രസിഡന്റ് വി.കെ. സദാനന്ദൻ മാർച്ച് ഉദ്ഘാടനം ചെയ്തു. കശുവണ്ടി വ്യവസായരംഗം പ്രതിസന്ധിയിലാണെന്ന് പ്രചരിപ്പിച്ചുകൊണ്ട് വ്യവസായികൾ നടത്തുന്ന തൊഴിൽ നിയമ ലംഘനങ്ങൾക്കും നിയമനനിഷേധനത്തിനും തൊഴിൽ വകുപ്പും സർക്കാരും കൂട്ടു നിൽക്കുകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. 2013–14 ൽ മാത്രം 5000 കോടി രൂപയുടെ കശുവണ്ടി ഉല്പന്നങ്ങൾ കയറ്റി അയച്ചുകൊണ്ട് മുൻവർഷത്തേക്കാൾ 23% അധികവരുമാനമുണ്ടാക്കിയ തൊഴിൽ ഉടമകൾ ലേ-ഓഫ് പ്രഖ്യാപിക്കുകപോലും ചെയ്യാതെയാണ് കമ്പനികൾ അടച്ചിട്ടിരിക്കുന്നത്. മൂന്നു ലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികളേയും അവരുടെ കുടുംബങ്ങളേയും പട്ടിണിയിലേക്ക് തള്ളിവിടുന്ന കശുവണ്ടി മുതലാളിമാരുടേയും, കോർപ്പറേഷൻ, കാപ്പെക്സ് മാനേജ്മെന്റിന്റെയും നടപടി ഉടൻ തിരുത്താത്തപക്ഷം കക്ഷി രാഷ്ട്രീയ-ട്രേഡ്യൂണിയൻ ഭേദമന്യേയുള്ള കശുവണ്ടി തൊഴിലാളി പ്രക്ഷോഭത്തെ നേരിടേണ്ടിവരുമെന്നും അദ്ദേഹം മുന്നറിയിപ്പു നൽകി.

യൂണിയൻ ജനറൽ സെക്രട്ടറി എസ്. രാധാകൃഷ്ണൻ അദ്ധ്യക്ഷതവഹിച്ചു. വൈസ് പ്രസിഡന്റുമാരായ ഷൈല കെ. ജോൺ, ഡി. സുന്ദരേശൻ, ജോയിന്റ് സെക്രട്ടറിമാരായ ബി. വിനോദ്, പി.ആർ. സതീശൻ, കെ.ജി. അനിൽകുമാർ എന്നിവർ പ്രസംഗിച്ചു. നേതാക്കളായ വി. ആന്റണി, ബി. രാമചന്ദ്രൻ, ആർ. ഹരിദാസൻ, അശോകൻ, വി. ലീല, വസന്ത, രാധ, സദാനന്ദൻപിള്ള, ശ്രീകുമാർ, രാജു തുടങ്ങിയവർ മാർച്ചിന് നേതൃത്വം നൽകി.

ചിന്നക്കട റസ്റ്റുഹൗസിന് മുന്നിൽ നിന്നും ആരംഭിച്ച മാർച്ച് മന്ത്രി ഷിബു ബേബി ജോണിന്റെ വസിതിയ്ക്ക് മുന്നിൽ പൊലീസ് തടഞ്ഞു. ■



കൊല്ലത്തു നടന്ന കശുവണ്ടി തൊഴിലാളിമാർച്ച് എഐയുടിയുസി സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.

# എറണാകുളത്ത് നവോത്ഥാനശക്തി പ്രദർശനം

എറണാകുളം ഹൈക്കോടതി ജംഗ്ഷനിൽ ജനുവരി 21 മുതൽ 24 വരെ നവോത്ഥാനശക്തി ചരിത്രപ്രദർശനം നടന്നു. .ഭ്രാന്താലയമെന്ന് സ്വാമി വിവേകാനന്ദൻ വിളിച്ച കേരളത്തെ, ആധുനികകേരളമാക്കി മാറ്റിയതിൽ മഹാനായ അയ്യൻകാളി വഹിച്ച പങ്ക് ഉജ്ജ്വലമാണെന്ന് ചരിത്ര പ്രദർശനം ഉദ്ഘാടനം ചെയ്തുകൊണ്ട് ജസ്റ്റിസ് കെ.സുകുമാരൻ പറഞ്ഞു. രാഷ്ട്രീയ അടിസ്ഥാനത്തിലുള്ള സമത്വം മാത്രമല്ല, സാമ്പത്തികവും സാമൂഹികവുമായ സമത്വമാണ് ഭരണഘടന ലക്ഷ്യമിട്ടത്. എന്നാൽ സ്വാതന്ത്ര്യം നേടി രാജ്യം ഇത്രയേറെ നേട്ടങ്ങൾ കൈവരിച്ചിട്ടും ഭരണഘടന ലക്ഷ്യം വച്ച ഈ സമത്വം നമുക്ക് കൈവരിക്കാനായില്ല. ഇവിടെ ഇന്നും ദളിത് വിദ്യാർത്ഥികൾക്ക് ആത്മഹത്യ ചെയ്യേണ്ടി വരുന്നു. ഇത് മനുഷ്യത്വമുള്ളവരെ അങ്ങേയറ്റം ആശങ്കപ്പെടുത്തുന്നു. അദ്ദേഹം തുടർന്നു പറഞ്ഞു.

നവോത്ഥാനശക്തി ജനറൽ കൺവീനർ എൻ.ആർ.മോഹൻകുമാർ അദ്ധ്യക്ഷത വഹിച്ചു. ജിസിഡിഎ ചെയർമാൻ എൻ.വേണുഗോപാൽ, ജനകീയപ്രതിരോധ സമിതി ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ, പി.എം. ദിനേശൻ, കെ.ഒ.സുധീർ എന്നിവർ സംബന്ധിച്ചു. തുടർന്നു നടന്ന 'കേരള നവോത്ഥാനവും അയ്യൻകാളിയും' എന്ന വിഷയത്തിലുള്ള സെമിനാർ അഡ്വ.എ.ജയശങ്കർ ഉദ്ഘാടനം ചെയ്തു. അയ്യൻകാളി നയിച്ച കാർഷിക പണിമുടക്ക് ശതാബ്ദി ആചരണ സമിതി സംസ്ഥാന സമിതിയംഗം എൻ.കെ. ബിജു വിഷയാവതരണം നടത്തി. കെ.രജികുമാർ, അഡ്വ.പി.കെ.ശാന്തമ്മ, കുരുവിള മാത്യൂസ്, ഏലൂർ ഗോപിനാഥ്, ടി.രവീന്ദ്രൻ, കെ.ടി.മാധവൻ, കെ.പി.പവിത്രൻ, എ.ടി.മണിക്കുട്ടൻ, ടി.എ.വേലപ്പൻ, കെ,കെ,ശോഭ തുടങ്ങിയവർ പ്രസംഗിച്ചു.

നവോത്ഥാനശക്തി ചരിത്ര പ്രദർശനനഗരിയിൽ 2–ാം ദിവസം നടന്ന ചിത്രകാരന്മാരുടെ കൂട്ടായ്മ പ്രമുഖ ചിത്രകാരൻ ടി.കലാധരൻ ഉദ്ഘാടനം ചെയ്തു. സാമൂഹ്യപുരോഗതിക്കും മാറ്റത്തിനും മറ്റേതൊരു കലയെയും പോലെ ചിത്രകലയും സ്തുത്യർഹമായ പങ്ക് വഹിച്ചിട്ടുണ്ട്. അയ്യൻകാളി നയിച്ച കാർഷിക പണിമുടക്കിന് സമൂഹത്തിന്റെ ആകമാന പുരോഗതി എന്ന വിശാലമായൊരു മാനമുണ്ടായിരുന്നു. ഇന്നത്തെ രാഷ്ട്രീയസമരങ്ങൾക്ക് അത് നഷ്ടപ്പെട്ടിരിക്കുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ചിത്രരചനാകൂട്ടായ്മയിൽ ആർ.പാർത്ഥസാരഥി വർമ്മ, അശാന്തൻ, സുനിൽ വല്ലാർപാടം, ആർട്ടിസ്റ്റ് വാസൻ, സത്കലാ വിജയൻ, എം.ആർ.പ്രവീൺ, അഡ്വ. എരൂർ ബിജു, രശ്മി രവി, ബിനു സി.മാധവ് തുടങ്ങിയ പ്രമുഖ ചിത്രകാരന്മാർ അണിനിരന്നു.

വൈകുന്നേരം നടന്ന 'ശ്രീനാരായണഗുരുവും കേരളീയ സമൂഹവും' സെമിനാറിൽ അയ്യങ്കാളി നയിച്ച കാർഷിക പണിമുടക്ക് സമരത്തിന്റെ ശതാബ്ദി ആചരണ സമിതിയുടെ ജനറൽ കൺവീനർ ജി.എസ്.പത്മകുമാർ വിഷയാവതരണം നടത്തി. നവോത്ഥാന നായകരെ ദൈവങ്ങളാക്കുന്നതാണ് ഇന്നത്തെ സമൂഹം നേരിടുന്ന ഏറ്റവും വലിയ ദുര്യോഗമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അതുവഴി അവരുയർത്തിയ ആദർശങ്ങളും ആശയങ്ങളും പ്രായോഗിക ജീവിതത്തിൽ പിന്തുടരേണ്ടതില്ലെന്ന കാഴ്ചപ്പാട് പ്രചരിപ്പിക്കപ്പെടുകയാണ്. ചരിത്രത്തിൽ നിന്ന് ശരിയായ പാഠങ്ങൾ ഉൾക്കൊള്ളാനും സാമൂഹ്യവികാസപ്രക്രിയയിൽ പങ്കുചേരാനുമുള്ള സാധ്യതയില്ലാതാക്കാനുള്ള ബോധപൂർവ്വമായ ശ്രമത്തെ നാം ചെറുക്കേണ്ടതുണ്ട്. അദ്ദേഹം തുടർന്നു പറഞ്ഞു. ഡോ.വിൻസന്റ് മാളിയേക്കൽ അദ്ധ്യക്ഷത വഹിച്ചു. അഡ്വ.കെ.എസ്.മധുസൂദനൻ, എ.ഭാസ്കരൻ, കെ,കെ.ഗോപിനായർ, ജബ്ബാർ മേത്തർ എൻ.ആർ.മോഹൻകുമാർ, ടി.രവീന്ദ്രൻ, പി.കെ.ബാഹുലേയൻ, കെ.കെ.സുകുമാരൻ, കെ.പി.സാൽവിൻ തുടങ്ങിയവർ പ്രസംഗിച്ചു.

വൈകിട്ട് 7.30 ന് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ നടന്നു. അതിനോടനുബന്ധിച്ചു നടന്ന യോഗത്തിൽ പി.പി. അഗസ്റ്റിൻ അദ്ധ്യക്ഷത വഹിച്ചു. പി.പി. സജീവ് കുമാർ സ്വാഗതവും പി.സി. തങ്കച്ചൻ നന്ദിയും പറഞ്ഞു.

നവോത്ഥാനശക്തി ചരിത്രപ്രദർശനത്തോടനുബന്ധിച്ച് മൂന്നാം ദിവസമായ ശനിയാഴ്ച പ്രദർശനനഗരിയിൽ 'കൊച്ചിയിലെ നവോത്ഥാനത്തിന്റെ നാഴികകല്ലുകൾ' എന്ന വിഷയത്തിൽ സെമിനാർ നടന്നു. സഹോദരൻ അയ്യപ്പൻ, പണ്ഡിറ്റ് കറുപ്പൻ, ചാവറ കുര്യാക്കോസ് അച്ചൻ, കെ.പി.വള്ളോൻ, കൃഷ്ണാദി ആശാൻ തുടങ്ങിയവരെ സെമിനാർ അനുസ്മരിച്ചു . കേരള നവോത്ഥാന പ്രസ്ഥാനത്തിലെ നിരവധി നായകന്മാരെ സമ്മാനിച്ച കൊച്ചി രാജ്യത്ത്, അവരുടെ നേതൃത്വത്തിൽ നടന്ന സമത്വത്തിനും ജനാധിപത്യത്തിനും വേണ്ടിയുള്ള ഉജ്ജ്വലവും ഐതിഹാസികവുമായ പോരാട്ടങ്ങൾ കൂടുതൽ പഠനത്തിന് വിധേയമാക്കാൻ പുതുതലമുറ തയ്യാറാവണമെന്ന് സെമിനാറിൽ പങ്കെടുത്തവർ ഒന്നടങ്കം അഭിപ്രായപ്പെട്ടു. നവോത്ഥാനശക്തി ജില്ലാ നേതാക്കളിലൊരാളും ബ്രേക്ത്രൂ സയൻസ് സൊസൈറ്റി ജില്ലാ ചാപ്റ്ററംഗവുമായ കെ.എസ്.ഹരികുമാർ വിഷയാവതരണം നടത്തി. കെ.ഒ.സുധീർ അദ്ധ്യക്ഷത വഹിച്ച സെമിനാറിൽ സത്യദീപം പത്രാധിപർ ഫാ. പോൾ തേലക്കാട്ട്, ഷാജി ജോർജ്ജ്, ഡോ.ഗോപിനാഥ് പനങ്ങാട്, സി.കെ.ബാബു, മുളവുകാട് തങ്കപ്പൻ, ജോണി ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു

വിവിധ സ്കൂളുകളിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് നടന്ന ക്വിസ് മത്സരത്തിന്റെ ഫൈനൽ സമ്മേളന നഗരിയിൽ നടന്നു. തുടർന്ന് നടന്ന, കവിയരങ്ങ് പ്രശസ്ത കവി മണർകാട് ശശികുമാർ ഉദ്ഘാടനം ചെയ്തു. അഡ്വ.പഞ്ഞിമല ബാലകൃഷ്ണൻ അദ്ധ്യക്ഷനായിരുന്നു. സത്കല വിജയൻ, പ്രഫുല്ലൻ തൃപ്പൂണിത്തുറ, ചന്തിരൂർ ദിവാകരൻ, ജയമാധവ് മാധവശ്ശേരി, ശശീന്ദ്രൻ കിങ്ങിണിമറ്റം, കെ.രാധാകൃഷ്ണൻ ചങ്ങമ്പുഴ, കെ.എ. ഉണ്ണിത്താൻ, പുരുഷോത്തമൻ പാണ്ടികശാല, ചെല്ലൻ ചേർത്തല, സുക്രീയൻ, രാജൻ അക്കരപ്പാടം, അനസ് ഈരാറ്റുപേട്ട, വി.എ.കൃഷ്ണകുമാർ, അഡ്വ. സുകുമാർ അരീക്കഴ, രമണി ചെങ്ങറ, വൈകുണ്ഠദാസ്, ചെറിനാട് ബാബു തുടങ്ങി നിരവധി കവികൾ കവിതകൾ അവതരിപ്പിച്ചു. അഡ്വ.എം.കെ.ശശീന്ദ്രൻ കവിത അവലോകനം നടത്തി.




**എറണാകുളത്ത് നടന്ന നവോത്ഥാനശക്തി ചരിത്രപ്രദർശനം ജസ്റ്റിസ് കെ.സുകുമാരൻ ഉദ്ഘാടനം ചെയ്യുന്നു.**

വൈകുന്നേരം നടന്ന നവോത്ഥാന കലാസംഗമം നവോത്ഥാന കലകളുടെ സംഗമമായി മാറി. പ്രമുഖ സിനിമ സംവിധായകൻ രഞ്ജിത് ശങ്കർ സംഗമം ഉദ്ഘാടനം ചെയ്തു.

നവോത്ഥാനശക്തി ചരിത്രപ്രദർശനത്തോടനുബന്ധിച്ച് ഞായറാഴ്ച രാവിലെ പ്രദർശന നഗരിയിൽ 'മതേതര ജനാധിപത്യ സംഗമം' നടന്നു. പ്രമുഖ എഴുത്തുകാരി ഡോ. മ്യൂസ് മേരി ജോർജ്ജ് സംഗമം ഉദ്ഘാടനം ചെയ്തു. രോഹിത് വെമുലയുടെ ആത്മഹത്യയും സ്വാതന്ത്രമായ നിലനിൽപ്പിനുനേരെയുള്ള കടന്നാക്രമണത്തിനെതിരെയുള്ള പ്രതിഷേധമായിരുന്നുവെന്നും അതുകൊണ്ട് ചരിത്രത്തെക്കുറിച്ചുള്ള ശരിയായ അവബോധം സൃഷ്ടിച്ചുകൊണ്ട് ജനാധിപത്യത്തിന്റെ ഉള്ളടക്കത്തെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്തം നാം ഏറ്റെടുക്കേണ്ടതുണ്ടെന്നും മ്യൂസ് മേരി ജോർജ്ജ് അഭിപ്രായപ്പെട്ടു.

സംഗമത്തിൽ അയ്യൻകാളിയുടെ കാർഷിക പണിമുടക്ക് ശതാബ്ദി ആചരണ ക്കമ്മിറ്റി ജില്ലാ പ്രസിഡന്റുകൂടിയായ പ്രൊഫ.കെ.അരവിന്ദാക്ഷൻ മുഖ്യപ്രഭാഷണം നടത്തി. മതനിരപേക്ഷ സമൂഹമായ നമ്മുടെ നാടിന്റെ നേരെയുള്ള സമകാലിക വെല്ലുവിളികളെ നേരിടാൻ ഇന്നലകളുടെ പാഠങ്ങളെ ശരിയായി ഉൾക്കൊള്ളുകയാണ് വേണ്ടതെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

ജനകീയപ്രതിരോധ സമിതി ജില്ലാ കൺവീനർ ഫ്രാൻസിസ് കളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. ടി.എസ്.നാരായണൻമാസ്റ്റർ, ഹാഷിംചേന്നാമ്പിള്ളി, പ്രമുഖ സിനിമ സംവിധായകൻ ആലപ്പി അഷറഫ്, വി.പി. വിൽസൺ, ടി.എസ്.സുരേന്ദ്രൻ, കെ.സി.ജയൻ, ജോൺസൺ പി.ജോൺ, ജേക്കബ്ബ് തോമസ് തുടങ്ങിയവർ സംഗമത്തിൽ പങ്കെടുത്ത് പ്രസംഗിച്ചു. നവോത്ഥാനശക്തി ജില്ലാ കൺവീനർ പി.എം.ദിനേശൻ സ്വാഗതവും എം.കെ.ഉഷ നന്ദിയും പറഞ്ഞു.

വൈകുന്നേരം 5 മണിക്ക് സമാപന സമ്മേളനവും 'നവോത്ഥാനാനന്തര കേരളം' എന്ന വിഷയത്തിൽ നടന്ന സെമിനാറും ഡോ. കെ.ജി. പൗലോസ് ഉദ്ഘാടനം ചെയ്തു. ജനാധിപത്യത്തിന്റെ സുഷ്മതലങ്ങളെക്കൂടി ഉൾക്കൊള്ളുന്ന വിശാല അർത്ഥത്തിലുള്ള ജനാധിപത്യകാഴ്ചപ്പാട് സമൂഹം സ്വീകരിക്കേണ്ടതുണ്ട്. ജനാധിപത്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വശമാണ് അഭിപ്രായങ്ങൾ തുറന്നുപറയാനുള്ള സ്വാതന്ത്ര്യം. ദൗർഭാഗ്യമെന്നുപറയാം കൽബുർഗിയും ഗോവിന്ദ്പൻസാരയുമുൾപ്പെടെയുള്ളവർക്ക് ഈ രാജ്യത്ത് അതിനുള്ള അവസരം നിഷേധിക്കപ്പെടുക മാത്രമല്ല, തുറന്ന അഭിപ്രായപ്രകടനത്തിന്റെ പേരിൽ ജീവൻ നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു. ഇത് രാജ്യത്ത് നിലനിൽക്കുന്ന ഗുരുതരമായ സാഹചര്യത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ്.അദ്ദേഹം പറഞ്ഞു.

ടി.കെ.സുധീർകുമാർ അധ്യക്ഷനായ യോഗത്തിൽ രാജൻ ആന്റണി, പ്രൊഫ. സൂസൺ ജോൺ, എം.കെ. സെനത്ത്കുമാർ, സി.ബി.അശോകൻ, കെ.ഒ.ഷാൻ എന്നിവർ പ്രസംഗിച്ചു.

വൈറ്റില ജോൺസനും സംഘവും അവതരിപ്പിച്ച നാടൻ പാട്ടുകളോടെ പരിപാടികൾ സമാപിച്ചു ■

# കാലടി സംസ്കൃത സർവ്വകലാശാലയിൽ പ്രതിഷേധപ്പകൽ



**ഡിആർഎസ്ഒ സംസ്ഥാന കമ്മിറ്റിയംഗം എം.കെ.ഷഹസാദ് പ്രസംഗിക്കുന്നു**

രോഹിത് വെമുലയുടെ മരണത്തിനുത്തരവാദികളായ വൈസ്ചാൻസലർ, കേന്ദ്രമന്ത്രിമാർ എന്നിവർ രാജിവയ്ക്കുവാനാവശ്യപ്പെട്ട് ഹൈദരാബാദ് യൂണിവേഴ്സിറ്റിയിൽ നടക്കുന്ന വിദ്യാർത്ഥി സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് സംസ്കൃത സർവ്വകലാശാലയിലെ റിസർച്ച് സ്കോളേഴ്സ് അസോസിയേഷൻ (ആർഎസ്എ) പ്രതിഷേധപ്പകൽ സംഘടിപ്പിച്ചു. ഹൈദരാബാദ് യൂണിവേഴ്സിറ്റി വൈസ്ചാൻസലർ അപ്പാറാവു, കേന്ദ്രമന്ത്രിമാരായ സ്മൃതി ഇറാനി, ബന്ദാരു ദത്തത്രേയ എന്നിവർ രാജിവയ്ക്കുക, രോഹിത് വെമുലയുടെ മരണത്തെ സ്വതന്ത്രമായ അന്വേഷണം നടത്തുക, സർവ്വകലാശാലകളെ വർഗ്ഗീയവൽക്കരിക്കുന്ന വൈസ്ചാൻസലേഴ്സ് ലിസ്റ്റിനുള്ള നീക്കം പിൻവലിക്കുക, മതേതര–ജനാധിപത്യ ക്യാമ്പസ് ഉറപ്പാക്കുക എന്നീ ഡിമാന്റുകൾ മുന്നോട്ടുവച്ചുകൊണ്ടാണ് പ്രതിരോധപ്പകൽ നടന്നത്. സിപിഐ(എം) കേന്ദ്രകമ്മിറ്റിയംഗം എം.സി.ജോസഫൈൻ, എൻഎസ്‌യു ദേശീയപ്രസിഡന്റ് റോജി എം.ജോൺ, സി.ആർ.നീലകണ്ഠൻ, എൻ.എം.പിയേഴ്സൺ, കെ.കെ.ഷാഹിന, എൻ.പി.ജോൺസൺ, അഡ്വ. എ.സതീഷ്കുമാർ(കെപിസിസി നിർവ്വാഹക സമിതിയംഗം), കെ.എസ്.ഹരികുമാർ(ജനകീയപ്രതിരോധ സമിതി), ജംഷിദ് അലി(എസ്എഫ്ഐ), ശുദേഷ് സുധാകർ (സംസ്ഥാന സെക്രട്ടറി, എഐഎസ്എഫ്), കെ.പി.സാൽവിൻ (സംസ്ഥാന സെക്രട്ടേറിയറ്റംഗം, എഐഡിഎസ്ഒ), രഞ്ജിത് കെ.എസ് (എകെആർഎസ്എ), എം.കെ.ഷഹസാദ്(ഡിആർഎസ്ഒ), ലിന്റു പി. ആന്റു, അബ്ദുൾ റഹ്മാൻ, മേധ സുരേന്ദ്രനാഥ് (പോണ്ടിച്ചേരി യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് കൗൺസിൽ അംഗം), കെ.ഒ.സുധീർ (ജില്ലാ സെക്രട്ടറി, എഐഡിവൈഒ), ദിനു (ഫറൂഖ് കോളേജ്), ശീതൾ, റഫീഖ് ഇബ്രഹീം, ഡോ.സുനിൽ പി.ഇളയിടം, പ്രൊഫ. എൻ.പ്രശാന്തകുമാർ, ഡോ.കെ.എം.ഷീബ, ഡോ. വൽസലൻ വാതുശ്ശേരി, ഡോ.അജയ്ശേഖർ, ഡോ.സജിത, സി.വി.ശശി (സിപിഐ) തുടങ്ങി നാൽപ്പതോളം പ്രമുഖർ പ്രസംഗിച്ചു.

ആർഎസ്എ ചെയർമാൻ അനസ് എടോളി, കൺവീനർ അലീന എസ്, ധന്യ ഇല്ലത്ത്, സൗമിത്ത് സഹദേവൻ, ശാലിനി, അനീഷ്കുമാർ വി.കെ, വിഷ്ണു രാജ് ബി, എന്നിവരടങ്ങിയ പ്രസീഡിയം പരിപാടി നിയന്ത്രിച്ചു. സോബിൻ മഴവീട്, ടിനോ, ഡോ. വത്സലൻ വാതുശ്ശേരി എന്നിവർ കവിതകൾ ആലപിച്ചു. ബിഎഫ്എ വിദ്യാർത്ഥികൾ ഐക്യദാർഢ്യ സംഘചിത്രരചന നടത്തി.

പരിപാടിക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ജോയിന്റ് ആക്ഷൻ കമ്മിറ്റിയുടെ ആഹ്വാനപ്രകാരവും എസ്എഫ്ഐ–കെഎസ്‌യു സംഘടനകൾ സംയുക്തമായും പഠിപ്പുമുടക്കി പ്രകടനം നടത്തി. ■

# നേതാജി ജന്മദിന വാർഷികാചരണം

നേതാജി സുഭാഷ് ചന്ദ്രബോസിന്റെ 119-ാം ജന്മവാർഷികം സമുചിതം ആചരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി വിവിധങ്ങളായ ആചരണ പരിപാടികൾ സംഘടിപ്പിച്ചു. എഐഡിവൈഒ, എഐഡിഎസ്ഒ, എഐഎംഎസ്എസ് എന്നീ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിലാണ് ആചരണ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടത്. നിരവധി പ്രമുഖ വ്യക്തിത്വങ്ങൾ വിവിധ സ്ഥലങ്ങളിൽ നടന്ന പരിപാടികളിൽ സംബന്ധിച്ചു.

തിരുവനന്തപുരത്ത് നേതാജി ജന്മവാർഷികാരണത്തിന്റെ ഭാഗമായി പിഎംജിയിലെ നേതാജി സ്ക്വയറിൽ എഐഡിഎസ്ഒ പൊതുസമ്മേളനം സംഘടിപ്പിച്ചു. സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തെ തള്ളിപ്പറഞ്ഞ സംഘപരിവാർ ശക്തികൾ, സ്വാതന്ത്ര്യസമരത്തിന് മതേതരമായി നേതൃത്വം നൽകിയ നേതാജി സുഭാഷ് ചന്ദ്രബോസിനെ കാവിവൽക്കരിക്കാൻ നടത്തുന്ന നീക്കങ്ങൾ ദേശവിരുദ്ധമാണെന്ന് അദ്ദേഹം പറഞ്ഞു. എഐഡിഎസ്ഒ ജില്ലാ കമ്മിറ്റിയംഗം എസ്.ശ്രീകുമാർ അദ്ധ്യക്ഷത വഹിച്ചു. എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റിയംഗം വിദ്യ ആർ ശേഖർ പ്രസംഗിച്ചു. എ.ഐഡിഎസ്ഒ ജില്ലാ സെക്രട്ടറി എ.ഷൈജു, എസ്.ഗൗതമൻ, ബി.എസ്. എമിൽ എന്നിവർ പ്രസംഗിച്ചു.

കൊല്ലംചിന്നക്കടയിൽ എഐഡിവൈഒ, എഐഡിഎസ്ഒ, എഐഎംഎസ് സംയുക്തമായി സംഘടിപ്പിച്ച ആചരണ സമ്മേളനം പ്രമുഖ മാധ്യമ പ്രവർത്തകൻ ബിആർപി ഭാസ്ക്കർ ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത ജനലക്ഷങ്ങളെ ജാതിക്കും മതത്തിനും അതീതമായി സംഘടിപ്പിച്ച് ബ്രിട്ടീഷുകാർക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം നടത്തിയതുമൂലം ഇന്ത്യയിൽ നിന്ന് പുറത്ത് പോകേണ്ടി വന്നയാളാണ് നേതാജി സുഭാഷ് ചന്ദ്രബോസ് എന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യയ്ക്ക് പുറത്ത് ഐ.എൻ.എ. നടത്തിയ പോരാട്ടത്തിന്റെ അലയൊലികൾ, ഐഎൻഎ പോരാളികളുടെ ഇന്ത്യയിലെ വിചാരണ, ബോംബേയിലെ നാവിക കലാപം എന്നിവ ഇന്ത്യാക്കാരെ തുടർന്നും അടിച്ചമർത്തി ഭരിക്കാൻ കഴിയില്ലഎന്ന് ബ്രിട്ടീഷ്കാരെ ബോധ്യപ്പെടുത്തിയ സംഭവങ്ങളാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സ്വതന്ത്ര ഭാരതത്തിൽ ജാതി-മത സാമുദായിക ശക്തികൾക്ക് മേൽകൈ വന്നിരിക്കുന്ന ഇന്നത്തെ പശ്ചാത്തലത്തിൽ നേതാജിയുടെയും ഭഗത്സിംഗിന്റെയും പോരാട്ടത്തെക്കുറിച്ച് ഇന്നത്തെ തലമുറ വിശദമായി പഠിക്കണം എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

ബാനർ സാംസ്കാരിക സമിതി സംസ്ഥാന കൺവീനർ ജി.എസ്. പത്മകുമാർ വിഷയാവതരണം നടത്തി. എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി ഷൈല കെ. ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കൈനകരി തങ്കരാജ്, ബിനു ബേബി, എൻ. ടെന്നിസൺ, പി.പി. പ്രശാന്ത്കുമാർ, ടിങ്കിൾ പ്രഭാകരൻ, ബി. രാമചന്ദ്രൻ, കെ. മഹേഷ്, ജെ. മാനവ്, ആർ. ജയകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

മാവേലിക്കര കെഎസ്ആർടിസി ജംഗ്ഷനിൽ ആൾ ഇന്ത്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ റാലിയും പൊതു സമ്മേളനവും നടന്നു. എഐഡിവൈഒ ജില്ലാ കമ്മിറ്റി സെക്രട്ടറി സഖാവ് കെ.ആർ.ശശി അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി എൻ.കെ.ബിജു മുഖ്യപ്രഭാഷണം നടത്തി.

ഇന്ത്യൻ സ്വാതന്ത്ര്യം അഹിംസയിലൂടെ നേടിയെടുത്തതാണെന്ന വ്യാജ ചരിത്രമാണ് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത് എന്ന് അദ്ദേഹം പ്രസ്താവിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് ശരിയായ മതേതര ജനാധിപത്യ സ്വഭാവം നൽകിയത് നേതാജിയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കെ.ബിമൽജി, കെ. ആർ.ഓമനക്കുട്ടൻ എന്നിവർ പ്രസംഗിച്ചു. സഖാക്കൾ ആർ.പ്രവീൺ, ആർ.അനീഷ്, റ്റി. ഷിജിൻ എന്നിവർ റാലിക്ക് നേതൃത്വം നൽകി.

ആലപ്പുഴജില്ലയിലെ മുട്ടം നേതാജി സ്റ്റഡിസെന്ററിൽ നടന്ന മതേതര-ജനാധിപത്യ-മാനവിക സംഗമം പ്രമുഖ എഴുത്തുകാരൻ പ്രൊഫ.പ്രയാർ പ്രഭാകരൻ ഉദ്ഘാടനം ചെയ്തു. "വസ്തുനിഷ്ഠവും ശാസ്ത്രീയവുമായ അറിവിന്റെ അടിസ്ഥാനത്തിൽ സാമ്രാജ്യത്വത്തിനെതിരെ സൈന്യത്തെ രൂപീകരിച്ചു പ്രവർത്തിച്ച മഹാനായിരുന്നു ബോസ്. സ്ത്രീകളുടെയും പുരുഷന്മാരുടെയും റജിമെന്റുകൾ രൂപീകരിച്ചുകൊണ്ട് സമർത്ഥമായി സൈനീകമായ ചെറുത്തുനിൽപ്പ് അദ്ദേഹം സംഘടിപ്പിച്ചു. ജാതിയ്ക്കും മതത്തിനും അതീതമായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ"-അദ്ദേഹം പറഞ്ഞു.

അഡ്വ:മാത്യു വേളങ്ങാടൻ, ജി.എസ്.പത്മകുമാർ, ഡോ.കെ.കൃഷ്ണദാസ്, മൈമൂൺ അസീസ്, സുഹൈൽ റഹ്മാൻ വൈലിത്തറ, റജി ശാമുവൽ, ജി.കൃഷ്ണകുമാർ, ആർ.പാർത്ഥസാരഥി വർമ്മ തുടങ്ങിയവർ പ്രസംഗിച്ചു. എസ്.സിനിലാലിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ കെ.ശിവൻകുട്ടി സ്വാഗതവും എം.മുരളി കൃതജ്ഞതയും ആശംസിച്ചു.

നേതാജി ജയന്തിയോടനുബന്ധിച്ച് ചങ്ങനാശേരിയിൽ എഐഡിവൈഒ, എഐഡിഎസ്ഒ, എഐഎംഎസ്എസ് സംയുക്തമായി പ്രകടനവും യോഗവും സംഘടിപ്പിച്ചു. എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി സഖാവ് ബിനുബേബി ഉദ്ഘാടനം ചെയ്തു. എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി സഖാവ് എം.കെ.ഷഹസാദിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി സഖാവ് ആശാരാജ്, എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റിയംഗം മേധ സുരേന്ദ്രനാഥ്, എഐഡിഎസ്ഒ ജില്ലാ കമ്മിറ്റിയംഗം അരവിന്ദ് വേണുഗോപാൽ തുടങ്ങിയവർ പ്രസംഗിച്ചു.

തിരുവാർപ്പ് മേഖലയിൽ നടന്ന ജന്മവാർഷികാചരണയോഗം എഐഡിവൈഒ ജില്ലാ സെക്രട്ടറി സ.ഇ.വി. പ്രകാശ് ഉദ്ഘാടനം ചെയ്തു. എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി ആശാരാജ് അദ്ധ്യക്ഷത വഹിച്ചു.




ഹരിപ്പാട് മുട്ടം നേതാജി സ്റ്റഡീസെന്ററിൽ നടന്ന ജനാധിപത്യ-മതേതര-മാനവിക സംഗമം പ്രൊഫ. പ്രയാർ പ്രഭാകരൻ ഉദ്ഘാടനം ചെയ്യുന്നു.

എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി എം.കെ. ഷഹസാദ് പ്രസംഗിച്ചു. മേഖലാ കമ്മിറ്റിയംഗം ജോയൽ സുനിൽ സ്വാഗതം പറഞ്ഞു.

എഐഡിവൈഒ തൃശൂർ ജില്ലാക്കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ, തൃശൂർ കോർപ്പറേഷൻ ഓഫീസിന് സമീപം മതേതര-ജനാധിപത്യ പ്രതിജ്ഞാ സമ്മേളനം നടന്നു. എഐഡിവൈഒ ജില്ലാ കൺവീനർ എ.വി. ബെന്നി അദ്ധ്യക്ഷതവഹിച്ചു. എസ്യുസിഐ (കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി ഡോ.പി. എസ്.ബാബു ഉദ്ഘാടനം ചെയ്തു. സ്വാതന്ത്ര്യത്തിന് വേണ്ടി ജീവിതവും ജീവനും അർപ്പിച്ച വിപ്ലവകാരികളുടെ ആശയങ്ങളെയും നേതാജിയെപ്പോലുള്ള മഹാരഥൻമാർ മുന്നോട്ടുവെച്ച മതേതര- ജനാധിപത്യ കാഴ്ചപ്പാടുകളേയും തിരസ്ക്കരിക്കുന്ന സമീപനമാണ് സ്വതന്ത്ര ഭാരത ഭരണാധികാരികൾ നാളിതുവരെ അനുവർത്തിച്ചത്. രാഷ്ട്രീയ സ്വാതന്ത്ര്യം ലഭിച്ചശേഷം, സാമൂഹ്യ-സാമ്പത്തിക സ്വാതന്ത്ര്യം എന്ന ലക്ഷ്യം തന്നെ പ്രായോഗികമായി വിസ്മരിക്കപ്പെട്ടു. അതുമൂലമാണ് വർഗ്ഗീയതയും അസഹിഷ്ണുതയും നാടുമുഴുവൻ വ്യാപിച്ചുകൊണ്ടിരിക്കുന്നത്. അതിനാൽ സാമൂഹ്യ തിന്മകൾക്കെതിരെ യുവാക്കളും യുവജന സംഘടനകളും മുന്നോട്ടുവരണമെന്ന് ഡോ. പി.എസ്.ബാബു അഭിപ്രായപ്പെട്ടു. സമ്മേളനത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കവി ഏങ്ങണ്ടിയൂർ കാർത്തികേയൻ നേതാജിയുടെ ചിത്രം വരച്ചുകൊണ്ട് കവിതയവതരിപ്പിച്ചു. ആർട്ടിസ്റ്റ് ഗിരീശൻ, കെ.വി. ഗണേഷ്, ചെറിയാൻ ജോർജ്ജ്, അഡ്വ. ഇ.എൻ. ശാന്തിരാജ്, അഡ്വ.സുജ ആന്റണി, സി.കെ.ശിവദാസൻ എന്നിവർ സംസാരിച്ചു. എ.എം.സുരേഷ് സ്വാഗതവും, ഷിബു പി.കെ.നന്ദിയും പറഞ്ഞു.




നേതാജി ജയന്തിയോടനുബന്ധിച്ച് ചങ്ങനാശ്ശേരിയിൽ നടന്ന പ്രകടനം

എസ്യുസിഐ (സി) തലശ്ശേരി ലോക്കൽ ഓർഗനൈസിംഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നേതാജി അനുസ്മരണ പൊതുയോഗം നടന്നു. ജനുവരി 27ന് തലശ്ശേരി പഴയ ബസ് സ്റ്റാന്റിൽ വച്ച് നടന്ന പൊതുയോഗത്തിൽ എസ്യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജയ്സൺ ജോസഫ് മുഖ്യപ്രഭാഷണം നടത്തി. തലശ്ശേരി ലോക്കൽ സെക്രട്ടറി സ: പോൾ.ടി. സാമുവൽ അദ്ധ്യക്ഷത വഹിച്ചു. എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റിയംഗം സ: അകിൽ മുരളി, സ: യു.കെ.അഭിലാഷ് എന്നിവർ പ്രസംഗിച്ചു.

ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗ്ഗനൈസേഷന്റെ ആഭിമുഖ്യത്തിൽ കണ്ണൂർ പഴയ ബസ് സ്റ്റാന്റ് പരിസരത്ത് ജനുവരി 23ന് മതേതര ജനാധിപത്യ സമ്മേളനം സംഘടിപ്പിച്ചു. എഐഡിവൈഒ സംസ്ഥാന വൈസ് പ്രസിഡന്റ് സ: ആർ.പാർത്ഥസാരഥി വർമ്മ മുഖ്യപ്രഭാഷണം നടത്തി.

"സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിൽ യഥാർത്ഥ മതേതര ജനാധിപത്യ മൂല്യങ്ങൾ തളിരിട്ടത് നേതാജി നേതൃത്വം നൽകിയ അനനുരഞ്ജന സമര ധാരയിലാണ്. ഇന്ന് ജാതിയുടെ പേരിൽ, മതത്തിന്റെ പേരിൽ, പശുവിന്റെ പേരിൽ എവിടെയും മനുഷ്യൻ ആക്രമിക്കപ്പെടുകയും കൊലചെയ്യപ്പെടുകയും ചെയ്യുന്നു. അസഹിഷ്ണുതയും അന്ധവിശ്വാസ പ്രചരണവും ഭരണകൂടത്തിന്റെ ഭാഗത്തു നിന്നും ഉയരുന്നു. ഈയൊരു സാഹചര്യത്തിൽ നേതാജിയുടെ പേരിൽ പ്രചരിക്കുന്ന വിവിധ സെൻസേഷണൽ വാർത്തകൾക്ക് പിറകെപോകുന്നതിനു പകരം അദ്ദേഹം ഉയർത്തിയ മതേതര ജനാധിപത്യ കാഴ്ചപ്പാടുകൾ മനസിലാക്കുവാനും ജനകോടികളുടെ സമരൈക്യത്തെ തകർക്കുവാനുള്ള ഭരണ വർഗ്ഗ ഗൂഡാലോചനയെ ചെറുത്ത് തോൽപ്പിക്കാനുമാണ് യുവജനങ്ങൾ മുന്നോട്ടു വരേണ്ടത്" എന്നും അദ്ദേഹം പറഞ്ഞു.

പരിപാടിയിൽ എഐഡിവൈഒ ജില്ലാ സെക്രട്ടറി സ: അനൂപ് ഏരിമറ്റം അദ്ധ്യക്ഷത വഹിച്ചു. എസ്യുസിഐ(സി) ജില്ലാ സംഘാടക സമിതിയംഗം സ:അഡ്വ.പി.സി. വിവേക്, എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റിയംഗം സ: അകിൽ മുരളി എന്നിവർ പ്രസംഗിച്ചു. ഡിവൈഒ ജില്ലാ കമ്മിറ്റിയംഗങ്ങളായ സ: അഡ്വ. ഇ.സനൂപ് സ്വാഗതവും സ: അഡ്വ. എൻ.പ്രജ്ന നന്ദിയും പറഞ്ഞു. ■




മതേതര-ജനാധിപത്യ പ്രതിജ്ഞാ സമ്മേളനം എസ്യുസിഐ (കമ്മ്യൂണിസ്റ്റ്) തൃശൂർ ജില്ലാ സെക്രട്ടറി ഡോ.പി.എസ്.ബാബു ഉദ്ഘാടനം ചെയ്യുന്നു.

# ഇടതുപക്ഷ ഐക്യമുന്നണി

## ജനങ്ങളെ പാപ്പരാക്കിക്കൊണ്ട് കുത്തകകളെ വാനോളം വളര്‍ത്തുന്ന മോദി സര്‍ക്കാരിനെതിരെയും ജനദ്രോഹവും അഴിമതിയും മുഖമുദ്രയാക്കിയ യുഡിഎഫ് ഭരണത്തിനെതിരെയും ജനകീയപ്രക്ഷോഭം ശക്തിപ്പെടുത്തുക

*(2016 ജനുവരി 28 ന് ആലുവയിലുള്ള എംസിപിഐ(യു) ഓഫീസില്‍വച്ച് ചേര്‍ന്ന എല്‍യുഎഫ് സംസ്ഥാന കമ്മിറ്റിയോഗം അംഗീകരിച്ച നയപ്രസ്താവനയാണ് താഴെ കൊടുക്കുന്നത്)*

**2014** മാര്‍ച്ച് 12 ന് ആലപ്പുഴയില്‍ വച്ച് റവലൂഷണറി മാര്‍ക്സിസ്റ്റ് പാര്‍ട്ടി(ആര്‍എംപി), സോഷ്യലിസ്റ്റ് യൂണിറ്റി സെന്റര്‍ ഓഫ് ഇന്‍ഡ്യ (കമ്യൂണിസ്റ്റ്) (എസ്‌യുസിഐ(സി), മാര്‍ക്സിസ്റ്റ് കമ്യൂണിസ്റ്റ് പാര്‍ട്ടി ഓഫ് ഇന്‍ഡ്യ(യുണൈറ്റഡ്) (എംസിപിഐ(യു) എന്നീ പാര്‍ട്ടികള്‍ ചേര്‍ന്ന് ഇടതുപക്ഷ ഐക്യമുന്നണി(എല്‍യുഎഫ്)ക്ക് രൂപം നല്‍കി. യഥാര്‍ത്ഥ ഇടതുപക്ഷ ബദല്‍ രാഷ്ട്രീയത്തിന് കരുത്തുപകരുന്നതിനും ശരിയായ ജനകീയ സമര രാഷ്ട്രീയം വികസിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് എല്‍യുഎഫിന് രൂപം നല്‍കിയത്. കുത്തക മൂലധനശക്തികള്‍ക്കുവേണ്ടി കഴിഞ്ഞ കാല്‍ നൂറ്റാണ്ടായി കേന്ദ്ര-സംസ്ഥാന സര്‍ക്കാരുകള്‍ നടപ്പാക്കിക്കൊണ്ടിരിക്കുന്ന നിയോ ലിബറല്‍ സാമ്പത്തിക നയങ്ങള്‍ക്കെതിരെ തൊഴിലാളികളും കര്‍ഷകരുമുള്‍പ്പെടെയുള്ള സാധാരണമനുഷ്യരുടെ ഉശിരന്‍ പോരാട്ടങ്ങള്‍ വളര്‍ത്തിയെടുക്കുന്നതിനാണ് ഇടതുപക്ഷ ഐക്യമുന്നണി ഊന്നല്‍ നല്‍കുന്നത്.

കഴിഞ്ഞ രണ്ടര പതിറ്റാണ്ട് കാലത്തെ മുതലാളിത്ത സാമ്പത്തിക പരിഷ്കാരങ്ങള്‍ ഭയാനകമായ സാമ്പത്തിക അസമത്വവും ദാരിദ്ര്യവും തൊഴില്‍രാഹിത്യവുമാണ് സൃഷ്ടിച്ചിട്ടുള്ളത്. ഇതിന്‍ ഫലമായി കോടിക്കണക്കിന് ജനങ്ങളുടെ ജീവിതം മുച്ചൂടും മുടിഞ്ഞുകഴിഞ്ഞു. ലോകത്തെങ്ങും ആഗോളവല്‍ക്കരണ സാമ്പത്തിക നയങ്ങള്‍ക്കെതിരെ അതിശക്തമായ ജനകീയ പോരാട്ടങ്ങള്‍ വളര്‍ന്നുവരുന്ന കാലഘട്ടമാണിത്. ലാറ്റിനമേരിക്ക, യൂറോപ്പ്, ഏഷ്യ എന്നിവിടങ്ങളില്‍ അതിശക്തമായ ഭരണവിരുദ്ധ ജനകീയ മുന്നേറ്റങ്ങളാണ് ഉയര്‍ന്നുകൊണ്ടിരിക്കുന്നത്. എന്നാല്‍ ഈ നയങ്ങളുടെ ആഘാതം വന്‍തോതില്‍ നേരിടുന്ന ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളില്‍ ഇത്തരം ജനകീയ മുന്നേറ്റങ്ങള്‍ രൂപംകൊള്ളുന്നില്ല. ജനകീയ സമരരാഷ്ട്രീയം കൈവെടിയുകയും ഭരണവര്‍ഗ്ഗ താല്‍പ്പര്യങ്ങളുമായി സന്ധിചെയ്യുകയും ചെയ്ത വ്യവസ്ഥാപിത ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ നിലപാടാണ് ഇത്തരമൊരു സാഹചര്യം സൃഷ്ടിക്കപ്പെട്ടതിന് പ്രധാന കാരണം. ആഗോളവല്‍ക്കരണ നയങ്ങള്‍ക്കെതിരായ ജനവികാരത്തെ മുതലെടുത്ത് സങ്കുചിതമായ പാര്‍ലമെന്ററി നേട്ടങ്ങള്‍ സൃഷ്ടിക്കുക എന്ന പരിമിതമായ ലക്ഷ്യം മാത്രമേ ഇക്കൂട്ടരുടെ സമരങ്ങള്‍ക്കുള്ളൂ. ജനങ്ങളുടെ മുന്നണിപ്പോരാളികളായി നിലയുറപ്പിക്കാന്‍ പരമ്പരാഗത ഇടതുപക്ഷത്തിന് കഴിയുന്നില്ല എന്ന പശ്ചാത്തലത്തിലാണ്, വിട്ടുവീഴ്ചയില്ലാത്ത ആഗോളവല്‍ക്കരണവിരുദ്ധ പോരാട്ടങ്ങള്‍ വികസിപ്പിക്കുന്നതിനും ബദല്‍ ഇടതുപക്ഷ നിലപാടുകള്‍ ശക്തിപ്പെടുത്തുന്നതിനുമായി ഇടതുപക്ഷ ഐക്യമുന്നണിക്ക് രൂപം നല്‍കിയത്.

2014 മാര്‍ച്ച് 12 നുശേഷം ചെറുതും വലുതുമായ നിരവധി സമരങ്ങള്‍ക്ക് നേതൃത്വം നല്‍കുന്നതിന് ഇടതുപക്ഷ ഐക്യമുന്നണിക്ക് കഴിഞ്ഞിട്ടുണ്ട്. അന്യായമായ ബസ് ചാര്‍ജ്ജ് വര്‍ദ്ധനവിനെതിരായ സമരം, റെയില്‍വേ ചാര്‍ജ്ജ് വര്‍ദ്ധനക്കെതിരായ സമരം, റബര്‍ വിലയിടിവിനെതിരെ സംഘടിപ്പിച്ച കോട്ടയം റബര്‍ ബോര്‍ഡ് ഓഫീസ് മാര്‍ച്ച്, യുഡിഎഫ് സര്‍ക്കാര്‍ നടപ്പാക്കിയ അതിഭീമമായ നികുതി -ചാര്‍ജ്ജ് വര്‍ദ്ധനവുകള്‍ക്കെതിരെ നടത്തിയ ആവേശകരമായ സെക്രട്ടേറിയറ്റ് മാര്‍ച്ചും ധര്‍ണ്ണയും, വിലക്കയറ്റത്തിനും അഴിമതിക്കും ജനവിരുദ്ധ സാമ്പത്തിക നയങ്ങള്‍ക്കുമെതിരെ കളക്ട്രേറ്റുകളിലേക്ക് നടത്തിയ മാര്‍ച്ച് തുടങ്ങി കേരളത്തില്‍ ജനകീയ സമര രാഷ്ട്രീയത്തെ വളര്‍ത്തുന്നതിനായി ശക്തമായ ഇടപെടലുകള്‍ ഇടതുപക്ഷ ഐക്യമുന്നണിയുടെ ഭാഗത്തുനിന്ന് നടത്തിയിട്ടുണ്ട്. 2014-ലെ പാര്‍ലമെന്റ് തെരഞ്ഞെടുപ്പില്‍ കേരളത്തിലെ 17 മണ്ഡലങ്ങളില്‍ ഇടതുപക്ഷ ഐക്യമുന്നണി സ്ഥാനാര്‍ത്ഥികളെ നിര്‍ത്തിക്കൊണ്ട് ഇടതു-വലതു ബിജെപി ചേരികളുടെ മുതലാളിത്താനുകൂല രാഷ്ട്രീയം തുറന്നുകാട്ടുകയും യഥാര്‍ത്ഥ ഇടതുരാഷ്ട്രീയത്തിന്റെ പാത അവതരിപ്പിക്കുകയും ചെയ്തു.

ആലപ്പുഴ പ്രഖ്യാപനത്തിലൂടെ ഇടതുപക്ഷ ഐക്യമുന്നണി ലക്ഷ്യമിട്ട ജനകീയ സമര രാഷ്ട്രീയ പ്രവര്‍ത്തനം വലിയ അളവില്‍ ശക്തിപ്പെടുത്തുകയും വിപുലമാക്കുകയും ചെയ്യേണ്ടുന്ന രാഷ്ട്രീയസാഹചര്യമാണ് ദേശീയ തലത്തിലും സംസ്ഥാനത്തും ഇപ്പോള്‍ രൂപപ്പെട്ടിട്ടുള്ളത്. സ്വദേശ-വിദേശ കുത്തകകളുടെ മാനസപുത്രനായ നരേന്ദ്ര മോദി അധികാരമേറ്റതോടെ കടിഞ്ഞാണില്ലാത്ത സാമ്പത്തിക പരിഷ്കരണ നടപടികള്‍ക്കാണ് തുടക്കം കുറിക്കപ്പെട്ടത്. ലോക മാര്‍ക്കറ്റിലെ വിലയുടെ വ്യതിയാനമനുസരിച്ച് പെട്രോള്‍ - ഡീസല്‍ വില ക്രമീകരിക്കുമെന്ന് പ്രഖ്യാപിച്ച വില നിര്‍ണ്ണയ സംവിധാനം, ആഗോള മാര്‍ക്കറ്റില്‍ ക്രൂഡ് ഓയില്‍ വില കുത്തനെ ഇടിഞ്ഞിട്ടും ഇന്‍ഡ്യയില്‍ ഒരു രൂപ പോലും കുറയ്ക്കാന്‍ തയ്യാറായിട്ടില്ല. വിലയിടിവ് വഴി ഉണ്ടാകുന്ന ആശ്വാസം ജനങ്ങള്‍ക്ക് നല്‍കാതിരിക്കുന്നതിനായി കേന്ദ്ര സര്‍ക്കാര്‍ 7 തവണ എക്സൈസ് നികുതി വര്‍ദ്ധിപ്പിച്ചു! ലോകവിപണിയിലെ വിലനിലവാരമനുസരിച്ച് പെട്രോളിന് ലിറ്ററിന് 28.61 രൂപയ്ക്ക് വില്‍ക്കാമെന്നിരിക്കവെ രാജ്യത്ത് ഇപ്പോഴും പെട്രോളിന്റെ വില 63 രൂപയാണ്. റിലയന്‍സ് അടക്കമുള്ള ഭീമന്‍ കമ്പനികള്‍ക്ക് ജനങ്ങളുടെ പണം കുത്തിച്ചോര്‍ത്തുന്നതിനുവേണ്ടി മാത്രമാണ് മോദി സര്‍ക്കാര്‍ പെട്രോളിന് വില കുറയ്ക്കാന്‍ തയ്യാറാകാത്തത്. റെയില്‍വേ ചാര്‍ജ്ജിന്റെ രംഗത്ത് സമാനതകളില്ലാത്ത കുത്തിക്കവര്‍ച്ചയാണ് മോദി സര്‍ക്കാര്‍ നടത്തുന്നത്. ഡൈനാമിക് പ്രൈസിംഗ് എന്ന പേരില്‍ സ്പെഷ്യല്‍ ട്രെയിനുകളിലെയും സുവിധ ട്രെയിനുകളിലെയും ടിക്കറ്റ് ചാര്‍ജ്ജില്‍ 40 ശതമാനം മുതല്‍ 700 ശതമാനം വരെയാണ് വര്‍ദ്ധനവ് അടിച്ചേല്‍പ്പിച്ചത്. ഡൈനാമിക് പ്രൈസിംഗ് മറ്റ് സാധാരണ എക്സ്പ്രസ്സ് ട്രെയിനുകളിലും നടപ്പാക്കുമെന്ന പ്രഖ്യാപനവും വന്നിട്ടുണ്ട്. തല്‍ക്കാല്‍ ചാര്‍ജ്ജ്, ക്യാന്‍സലേഷന്‍ ചാര്‍ജ്ജ്, പ്ലാറ്റ്ഫോം ചാര്‍ജ്ജ്, തേര്‍ഡ് ക്ലാസ്സ് ടിക്കറ്റ് ചാര്‍ജ്ജ്, സര്‍വ്വീസ് ചാര്‍ജ്ജ് ഇവയെല്ലാം ഒരു നീതീകരണവുമില്ലാതെ കുത്തനെ വര്‍ദ്ധിപ്പിച്ചു. കൊച്ചു കുട്ടികള്‍ക്കുണ്ടായിരുന്ന യാത്രാ ഇളവ് പിന്‍വലിച്ചു. ഇളവുകളെല്ലാം ക്രമേണ പിന്‍വലിക്കുമെന്ന ഭീഷണിയും നിലനില്‍ക്കുന്നുണ്ട്. സ്വതന്ത്രഭാരതത്തിന്റെ ചരിത്രത്തില്‍ ഒരു സര്‍ക്കാരും ചിന്തിക്കാതിരുന്ന പിടിച്ചുപറിയാണ് റെയില്‍വേ ചാര്‍ജ്ജിന്റെ വര്‍ദ്ധനവിലൂടെ ജനങ്ങളുടെ മേല്‍ മോദി സര്‍ക്കാര്‍ നടത്തുന്നത്. ബജറ്റിലും പുറത്തുമായി റെയില്‍വേയുടെ സ്വകാര്യവല്‍ക്കരണം ലക്ഷ്യമിട്ടുകൊണ്ട് നിരവധി നടപടികള്‍ പ്രഖ്യാപിക്കുകയും അവയെല്ലാം ഒന്നൊഴിയാതെ നടപ്പാക്കുകയുമാണ് മോദി സര്‍ക്കാര്‍.

സേവനനികുതി 3 ശതമാനം വര്‍ദ്ധിപ്പിച്ചതിനുശേഷം സ്വഛഭാരത് സെസ്സ് എന്ന പുതിയ നികുതിയും നടപ്പാക്കി. ഉന്നത വിദ്യാഭ്യാസ സെസ്സ് ഉയര്‍ത്തുകയും ചെയ്തു. കഴിഞ്ഞ 10 വര്‍ഷത്തിനുള്ളില്‍ വിവിധ സെസ്സുകളിലൂടെ പിരിച്ചെടുത്ത തുക മൂന്നു ലക്ഷം കോടി രൂപയാണ്. ഈ തുക വകമാറ്റി ചെലവഴിച്ചതായി സിഎജി റിപ്പോര്‍ട്ട് പുറത്തുവന്നതിനുശേഷവും പുതിയ പേരുകളില്‍ സെസ്സുകളുടെ ബാധ്യതകള്‍ ജനങ്ങളുടെ ശിരസ്സില്‍ അടിച്ചേല്‍പ്പിക്കുകയാണ്. കാര്‍ഷികോല്‍പ്പന്നങ്ങളുടെ വിലത്തകര്‍ച്ച വിവരിക്കാനാവാത്ത പ്രതിസന്ധിയാണ് കര്‍ഷകരുടെ ജീവിതത്തില്‍ സൃഷ്ടിച്ചിട്ടുള്ളത്. അതുകൊണ്ടാണ് മോദി സര്‍ക്കാരിന്റെ ഭരണത്തിന്‍ കീഴിലും കര്‍ഷക ആത്മഹത്യ വേദനാകരമാംവിധം തുടരുന്നത്.

സാമ്പത്തികരംഗത്തെ ക്രൂരമായ ഈ നീക്കങ്ങള്‍ക്കൊപ്പം സാമൂഹ്യജീവിതത്തില്‍ സ്പര്‍ദ്ധയും അവിശ്വാസവും വിഭജനവും വളര്‍ത്തുന്ന നീക്കങ്ങളും ആസൂത്രിതമായി ഹിന്ദുത്വശക്തികള്‍ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസരംഗത്ത് വലിയതോതിലുള്ള വര്‍ഗ്ഗീയവല്‍ക്കരണം, ന്യൂനപക്ഷങ്ങള്‍ക്കും ദളിതര്‍ക്കുമെതിരെ നിരന്തരമായി തുടരുന്ന ആക്രമണങ്ങള്‍ ഇതെല്ലാം ജനാധിപത്യ -മതേതര ജീവിതവ്യവസ്ഥയ്ക്കുമേല്‍ ഗുരുതരമായ പരിക്കുകളേല്‍പ്പിക്കുന്നു. ഹരിയാനയില്‍ ദളിത് കുടുംബത്തെ ചുട്ടെരിച്ചതിനു പിറകെയാണ് രോഹിത് വെമുല എന്ന സര്‍വ്വകലാശാല വിദ്യാര്‍ത്ഥിയെ ജീവഹത്യയിലേക്ക് തള്ളിവിട്ടത്. ഇതിനെല്ലാമെതിരെ അതിശക്തമായ ജനകീയസമരങ്ങള്‍ രൂപപ്പെടുത്താനും കോര്‍പ്പറേറ്റ് ഫാസിസത്തിനെതിരായ ഇന്‍ഡ്യന്‍ സമരോല്‍സുകത കെട്ടഴിച്ചുവിടാനുമാണ് എല്‍യുഎഫ് പരിശ്രമിക്കുന്നത്.

കേരളത്തില്‍ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായി ഇരുമുന്നണികളും ബിജെപിയും ജാഥകള്‍ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ ജാഥകള്‍ ഉയര്‍ത്തുന്ന വിചിത്ര മുദ്രാവാക്യങ്ങളില്‍ അത്ഭുതകരമായ സാദൃശ്യമാണ് നാമിന്നു കാണുന്നത്. ജനജീവിതത്തിന്റെ നീറുന്ന പ്രശ്നങ്ങളൊന്നും ഈ ജാഥയ്ക്ക് വിഷയമേയല്ല. കോണ്‍ഗ്രസ്സ് നയിക്കുന്ന യു.ഡി.എഫ് ഭരണം ജനദ്രോഹനയങ്ങളുടെയും അഴിമതിയുടെയും പ്രതിരൂപമായി മാറിക്കഴിഞ്ഞു. കഴിഞ്ഞ 5 വര്‍ഷത്തെ ഭരണകാലയളവിനുള്ളില്‍ 3 തവണ വൈദ്യുതി ചാര്‍ജ്ജും 2 തവണ ബസ് ചാര്‍ജ്ജും വര്‍ദ്ധിപ്പിച്ചു. സര്‍ക്കാര്‍ സേവനങ്ങളുടെ ഫീസ് 10 മടങ്ങ് വരെ വര്‍ദ്ധിപ്പിച്ചു. ഏറ്റവുമൊടുവില്‍ ഭൂമി രജിസ്ട്രേഷന്റെ ചാര്‍ജ്ജ് 50 ശതമാനമായി ഉയര്‍ത്തുകയുണ്ടായി. നികുതികളും കരങ്ങളും 300 ശതമാനം വരെ വര്‍ദ്ധിപ്പിച്ചു. പൊതുജനാരോഗ്യരംഗം അടിമുടി രോഗാതുരമായി. താലൂക്ക് ആശുപത്രികളുടെ അത്ര പോലും സൗകര്യങ്ങളും ഡോക്ടര്‍മാരുമില്ലാതെ സംസ്ഥാനത്ത് ആരംഭിച്ച മെഡിക്കല്‍ കോളേജുകള്‍, നിലവില്‍ പ്രവര്‍ത്തിച്ചിരുന്ന മെഡിക്കല്‍ കോളേജുകളുടെ പ്രവര്‍ത്തനം പോലും താറുമാറാക്കാനിട വരുത്തി. വിദ്യാഭ്യാസരംഗം വീണ്ടും താഴേക്ക് കൂപ്പുകുത്തി. മതിയായ വിദ്യാഭ്യാസ യോഗ്യതയില്ലാത്തതിനാലും വ്യാജയോഗ്യത അവകാശപ്പെട്ടതിനാലും വി.സിമാര്‍ രാജിവച്ചു പോകേണ്ടി വന്നു. യൂണിവേഴ്സിറ്റി രജിസ്ട്രാര്‍മാര്‍ കൈക്കൂലിക്കേസില്‍ അറസ്റ്റുചെയ്യപ്പെട്ടു. സര്‍വ്വകലാശാലകള്‍ ഇപ്രകാരം വിലകെട്ട് തകര്‍ന്നപ്പോള്‍ കോളേജുകള്‍, സ്വയംഭരണ സ്ഥാപനങ്ങളായും സര്‍വ്വകലാശാലകളായും 'വളര്‍ന്നു'. അക്കാദമിക വര്‍ഷത്തിന്റെ ഒടുവില്‍ പോലും പാഠപുസ്തകം ലഭ്യമാക്കാന്‍ സര്‍ക്കാരിന് കഴിഞ്ഞില്ല. എന്നാല്‍ ഈ മേഖലയില്‍ നിന്ന് അഴിമതിയും കമ്മീഷനും വഴി കോടികള്‍ ഭരണതലപ്പത്തേക്ക് ഒഴുകി. അഴിമതിക്കേസ്സുകളില്‍ ഭരണനേതൃത്വം നാണം കെട്ട നിലയില്‍ കോടതിയില്‍ നിന്നും കോടതികളിലേക്ക് ഓടിക്കൊണ്ടിരിക്കുകയാണ്. ഈ ദുര്‍ഗന്ധം വമിക്കുന്ന ഭരണത്തിനെതിരെ തത്വാധിഷ്ഠിതമായ ഒരു ജനകീയ മുന്നേറ്റം വളര്‍ത്താന്‍ വ്യവസ്ഥാപിത ഇടതുപക്ഷം നയിക്കുന്ന പ്രതിപക്ഷം പരിശ്രമിക്കുന്നതേയില്ല. ജനങ്ങളുടെ നിരന്തര വെറുപ്പിന് പാത്രമായി ഈ സര്‍ക്കാര്‍ പോവുമ്പോള്‍ മെയ്യനങ്ങാതെ തല്‍സ്ഥാനത്ത് ഇരുപ്പുറപ്പിക്കാന്‍ തക്കം കാത്തിരിക്കുകയാണ് ഇക്കൂട്ടര്‍. ഇടതുപക്ഷരാഷ്ട്രീയത്തിന്റെ കടമ വിസ്മരിച്ച് എന്ത് നെറിവ് കെട്ട മാര്‍ഗ്ഗത്തിലൂടെയും അധികാരത്തിന്റെ പിന്നാലെ പായുകയാണിവര്‍.

സാധാരണ ജനങ്ങളും തൊഴിലാളികളും ആഗോളവല്‍ക്കരണ നയങ്ങള്‍ക്കെതിരെ ശക്തമായ പ്രക്ഷോഭം ആഗ്രഹിക്കുന്നുവെന്നതിന്റെ വ്യക്തമായ പ്രതിഫലനമാണ് കഴിഞ്ഞ വര്‍ഷം സെപ്റ്റംബര്‍ 2-ന്റെ ദേശീയ പണിമുടക്കില്‍ ഉണ്ടായത്. ഇത്തരമൊരു സാഹചര്യത്തില്‍ ജനാധിപത്യപ്രക്ഷോഭത്തെ പ്രാണനെപ്പോലെ ഗണിക്കുന്ന ഒരു രാഷ്ട്രീയ ശക്തി ഇവിടെ ഉയര്‍ന്നു വന്നേ മതിയാകൂ. കേവലമൊരു സര്‍ക്കാര്‍ മാറ്റമല്ല, സര്‍ക്കാരുകളെ നേര്‍വഴിക്ക് നയിക്കാന്‍ കരുത്തുള്ള ജനകീയ പ്രബുദ്ധത സൃഷ്ടിക്കുകയാണ് അടിയന്തര കടമ. ഈ കടമ നിര്‍വ്വഹിക്കാന്‍ ഇടതുപക്ഷ ഐക്യമുന്നണി പ്രതിജ്ഞാബദ്ധമായി മുന്നേറുകയാണ്. നിയോലിബറല്‍ നയങ്ങള്‍ അനുദിനം ശക്തിപ്പെടുത്തുന്ന കേന്ദ്ര-സംസ്ഥാന സര്‍ക്കാരുകളുടെ നിലപാടുകള്‍ക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിന് എല്‍.യു.എഫ് നേതൃത്വം നല്‍കും. ■

പ്രസിദ്ധീകരിച്ചിരിക്കുന്നു!
ശ്രീനാരായണ ഗുരുവും കമ്മ്യൂണിസ്റ്റുകാരും
ഒരു
എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പ്രസിദ്ധീകരണം

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 01/02/2016
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

UNITY
MALAYALAM MONTHLY

Vol 42 No.11
Price : Rs 5.00
February 2016

# വിദ്യാഭ്യാസ വായ്പ: റിലയൻസ് ആസ്ഥാനത്തേയ്ക്ക് ഐഎൻപിഎ പ്രതിഷേധമാർച്ച് നടത്തി

**വി**ദ്യാഭ്യാസ വായ്പ പിടിച്ചെടുക്കാൻ റിലയൻസ് നടത്തുന്ന ഹീനശ്രമങ്ങൾക്കെതിരെ വിദ്യാർത്ഥികളും രക്ഷിതാക്കളും ഇൻഡ്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ റിലയൻസ് ആസ്ഥാനത്തേക്ക് ജനുവരി 27 ന് പ്രതിഷേധ മാർച്ച് നടത്തി. ഇടപ്പള്ളിയിലെ റിലയൻസിന്റെ ആസ്ഥാനത്ത് നടന്ന പ്രതിഷേധയോഗം പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു. വമ്പൻ വ്യവസായികൾ വായ്പയെടുത്ത് തിരിച്ചടയ്ക്കാതെ ആഘോഷങ്ങൾ നടത്തുന്ന പ്രവണതയാണ് ഇന്നുള്ളതെന്ന് അദ്ദേഹം പറഞ്ഞു. നഴ്സുമാരും ഇതര വിദ്യാഭ്യാസ ആവശ്യകതയ്ക്കായി വായ്പയെടുത്തവരും കടക്കെണിയിൽപെട്ടുഴലുമ്പോഴാണ് എസ്ബിറ്റി യുടെ ഇത്തരത്തിലുള്ള നടപടികൾ വരുന്നത്. വിദ്യാഭ്യാസ വായ്പ പിടിച്ചെടുക്കാൻ വരുന്ന റിലയൻസിന്റെ ആളുകൾക്കെതിരെ ശക്തമായ ജനരോഷം ഉണരുമെന്നും അദ്ദേഹം പറഞ്ഞു.

എസ്ബിറ്റി യിൽ നിന്നും എടുത്ത വായ്പയ്ക്ക് അന്യായമായി എഴുതിച്ചേർത്ത കള്ളക്കണക്ക് നിരത്തിയാണ് അത് പിടിച്ചെടുക്കാൻ റിലയൻസിന് കൈമാറിയത്. വിദ്യാഭ്യാസ വായ്പയെടുത്ത വിദ്യാർത്ഥികൾക്കോ അവരുടെ രക്ഷിതാക്കൾക്കോ റിലയൻസുമായി യാതൊരു ഇടപാടുമില്ല. അങ്ങനെയിരിക്കെ വായ്പ പിടിച്ചെടുക്കാൻ റിലയൻസിന്റെ ഗൂണ്ടകൾ നടത്തുന്ന ശ്രമത്തെ എന്തുവിലകൊടുത്തും തടയാൻ ഐ.എൻ.പി.എ യോടൊപ്പം പൊതുസമൂഹം നിലകൊള്ളുമെന്ന് മുഖ്യപ്രഭാഷണം നടത്തിക്കൊണ്ട് ഐഎൻപിഎ. സംസ്ഥാന ഉപദേശക മിനി കെ.ഫിലിപ്പ് പറഞ്ഞു.



റിലയൻസ് കോർപ്പറേറ്റോഫീസ് മാർച്ച് പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു. സമീപം ഐഎൻപിഎ സംസ്ഥാന വൈസ് പ്രസിഡന്റുമാരായ എം.വി.ചെറിയാൻ, എൻ.ആർ.മോഹൻകുമാർ, സെക്രട്ടറി എസ്.മിനി, ഉപദേശക മിനി കെ.ഫിലിപ്പ് തുടങ്ങിയവർ

സംസ്ഥാന സെക്രട്ടറി എസ്.മിനി, നന്ദനൻ വലിയപറമ്പിൽ, കെ.ജെ.ജോസഫ്, എസ്.രാഘവൻ, എൻ.വിനോദ്കുമാർ, കെ.ജി.രവീന്ദ്രൻപിള്ള, സി.എം.ജോയ്, പി.ശശിധരൻ, ഡി.ഹരികൃഷ്ണൻ, ഇ.വി.പ്രകാശ്, പി.കെ.ഭഗത്, സി.കെ.ശിവദാസൻ, കെ.ജെ.ഷീല എന്നിവർ പ്രസംഗിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് എം.വി.ചെറിയാന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംസ്ഥാന വൈസ് പ്രസിഡന്റ് എൻ.ആർ മോഹൻകുമാർ സ്വാഗതവും എറണാകുളം ജില്ലാ സെക്രട്ടറി മേരി തോമസ് നന്ദിയും പറഞ്ഞു. ■

# കലോത്സവ വേദിയിൽ കലാവിദ്യാർത്ഥികളുടെ ഉപവാസ സമരം



കലാവിദ്യാർത്ഥി സമരവേദിയിൽ എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറിയും ചിത്രകാരനുമായ സഖാവ് ബിനു ബേബി പ്രസംഗിക്കുന്നു.

**ക**ലാപഠനത്തിനായി കേന്ദ്രസർക്കാർ അനുവദിച്ച 270 കോടി രൂപ ഉപയോഗിച്ച് സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ കലാ അദ്ധ്യാപകരെ ഉടൻ നിയമിക്കണമെന്നും ശാസ്ത്രീയ കലാപഠനം നടപ്പിലാക്കണമെന്നും ആവശ്യപ്പെട്ട് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ മുഖ്യവേദിയിൽ കലാവിദ്യാർത്ഥി സമര സമിതിയുടെ ആഭിമുഖ്യത്തിൽ ഉപവാസസമരം നടത്തി. കലോത്സവം തുടങ്ങിയ 19-ാം തീയതി മുതൽ 23 വരെയാണ് സമരം സംഘടിപ്പിച്ചത്. കലോത്സവത്തിന്റെ ആദ്യ ദിവസം, തൃശ്ശൂർ സ്കൂൾ ഓഫ് ഡ്രാമ, സ്വാതി തിരുനാൾ സംഗീത കോളേജ്, തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജ്, കേരളാ യൂണിവേഴ്സിറ്റി പെർഫോമിംഗ് ആർട്സ് തുടങ്ങിയ കലാസ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച കലാപ്രകടനങ്ങളിലൂടെയാണ് സമരം ആരംഭിച്ചത്. കലോത്സവ ഘോഷയാത്ര കടന്നുവന്ന പ്രധാനവീഥിയിൽ അവതരിപ്പിക്കപ്പെട്ട കലാപ്രകടനങ്ങളും മുദ്രാവാക്യം വിളികളും പൊതുജനങ്ങളുടെ ശ്രദ്ധപിടിച്ചുപറ്റി. സംഘഗാനം, സംഘചിത്രരചന, ഏകാഭിനയം, കഥാപ്രസംഗം തുടങ്ങിയ കലാപ്രകടനങ്ങളിലൂടെ സമരത്തിനാധാരമായ വിഷയങ്ങൾ അവതരിപ്പിച്ചു. തുടർന്ന് നടന്ന യോഗത്തിൽ കലാവിദ്യാർത്ഥി സമരസമിതി സംസ്ഥാന കൺവീനർ എം.പ്രദീപൻ, ചിത്രകാരൻ ബിനു ബേബി, നാഷണൽ ടീച്ചേഴ്സ് യൂണിയൻ സംസ്ഥാന പ്രസിഡന്റ് ബി.ഉണ്ണികൃഷ്ണ്ണൻ, പയസ് കുര്യൻ(കൈരളി വിജ്ഞാന പരീക്ഷാ കമ്മീഷൻ), കേരള സ്കൂൾ ടീച്ചേഴ്സ് യൂണിയൻ സംസ്ഥാന സെക്രട്ടറി സന്തോഷ് അഗസ്റ്റിൻ, ഹെഡ്മാസ്റ്റേഴ്സ് യൂണിയൻ നേതാവ് റോയി മാത്യു, കലാവിദ്യാർത്ഥി സമര സമിതി നേതാക്കളായ വിദ്യ ആർ.ശേഖർ, ഷാജി, എ.ഷൈജു എന്നിവർ പ്രസംഗിച്ചു.

കലോത്സവത്തിന്റെ രണ്ടാം ദിനം മുതൽ പുത്തരിക്കണ്ടത്തെ മുഖ്യവേദിക്ക് സമീപം ഉപവാസ സമരം ആരംഭിച്ചു. പ്രമുഖ സിനിമാ സംവിധായകൻ രാജസേനൻ ഉപവാസ സമരം ഉദ്ഘാടനം ചെയ്തു. നാടക പ്രവർത്തകൻ ശ്യാം റെജി സ്വാഗതവും പെർഫോമിംഗ് ആർട്സ് ഗവേഷകൻ കെ.ജെ.ജെയിംസ് നന്ദിയും പറഞ്ഞു. സ്വാതി തിരുനാൾ സംഗീത കോളേജ് ഒന്നാം വർഷ വോക്കൽ എംപിഎ വിദ്യാർത്ഥി പ്രശാന്ത് മണിയാണ് ആദ്യ രണ്ടു ദിനങ്ങളിൽ ഉപവാസം അനുഷ്ഠിച്ചത്. തുടർന്നുള്ള ദിവസങ്ങളിൽ വിദ്യ ആർ.ശേഖർ, അനില ബോസ് തുടങ്ങിയവരും ഉപവാസം അനുഷ്ഠിച്ചു.

ഉപവാസത്തിന്റെ മൂന്നും നാലും ദിവസങ്ങളിലായി നിരവധി കലാപരിപാടികൾ നടത്തുകയുണ്ടായി. ഉപവാസസമരത്തിന്റെ നാലാം ദിവസം സമരപ്പന്തലിൽ കാഞ്ഞിരംകുളം ഗോത്രതാളത്തിലെ കലാകാരന്മാരുടെ പാട്ടും നൃത്തവും അരങ്ങേറി. മെറ്റ് ബ്ലാക്ക് മ്യൂസിക് ബാന്റിന്റെ ഷാജഹാൻ, അഭിനയ നാടക പഠനകേന്ദ്രത്തിന്റെ ശ്രീനിവാസ്, കേരളായൂണിവേഴ്സിറ്റി ഗവേഷകൻ കൊച്ചാപ്പി, ഫോക് ലോർ ഗവേഷകൻ ദിവാകരൻ കൂട്ടി, സുനി ഗോത്രതാളം, കാളിദാസ കലാകേന്ദ്രം രഞ്ജിത്ത് മുരളി, സുനി സുധി, ഹരികൃഷ്ണൻ എന്നിവർ ഗോത്രതാളത്തിന്റെ പാട്ടിലും നൃത്തത്തിലും പങ്കെടുത്തു. കലാമണ്ഡലം ചുട്ടികലാകാരൻ നിധിൻ ആനന്ദിന്റെ നേതൃത്വത്തിൽ കഥകളി മുഖത്തെഴുത്ത് ഡെമൊൺസ്ട്രേഷൻ കലോത്സവ വേദിക്കുമുന്നിൽ നടത്തുകയുണ്ടായി. സ്വാതി തിരുനാൾ സംഗീതകോളേജ് വിദ്യാർത്ഥിനികൾ സംഗീത പരിപാടികൾ അവതരിപ്പിച്ചു. തുടർന്ന് തിയേറ്റർ പ്ലാറ്റ്ഫോമിന്റെ 'കാ.....കാക്ക' എന്ന തെരുവുനാടകം അരങ്ങേറി. തൊഴിലാളികളും വിദ്യാർത്ഥികളും അണിനിരന്ന നാടകം സമകാലിക പ്രശ്നങ്ങളെ നിശിതമായി വിമർശിക്കുകയുണ്ടായി. സ്കൂൾ ഓഫ് ഡ്രാമ ഗവേഷകൻ ശ്യാംറെജി സംവിധാനം നിർവ്വഹിച്ച നാടകത്തിൽ ഉണ്ണിക്കുട്ടൻ, സായ്, വിഷ്ണുപ്രസാദ്, വിനോദ്, സതീഷ്, ബിജു എന്നിവർ പങ്കെടുത്തു. സിനിമ നടനും സ്കൂൾ ഓഫ് ഡ്രാമ പൂർവ്വ വിദ്യാർത്ഥിയുമായ പ്രേംകുമാർ, ബാലഭാസ്കർ തുടങ്ങിയവർ കലാസമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് നിരാഹാര സമരപ്പന്തലിൽ എത്തി.

ജീവിതത്തിൽ ഉപകരിക്കാത്ത കലാബിരുദങ്ങൾ അഗ്നിക്കിരയാക്കി, പ്രതീകാത്മകമായി ബലിതർപ്പണം ചെയ്തുകൊണ്ടാണ് നാലുദിവസം നീണ്ടുനിന്ന ഉപവാസ സമരം സമാപിച്ചത്. പുരോഗമന കലാ സാഹിത്യ സംഘം സംസ്ഥാന പ്രസിഡന്റ് വി.എൻ.മുരളി, ജില്ലാ സെക്രട്ടറി വിനോദ് വൈശാഖി, മുൻഷി ദീലിപ് തുടങ്ങിവർ സമാപന യോഗത്തിൽ ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് പ്രസംഗിച്ചു. സ്കൂൾ ഓഫ് ഡ്രാമ ഗവേഷകനും കലാസമര സമിതി സംസ്ഥാന കൺവീനറുമായ എം.പ്രദീപൻ അദ്ധ്യക്ഷത വഹിച്ചു. ശരത് സ്വാഗതവും അനുലാൽ നന്ദിയും പറഞ്ഞു. സമരത്തെ കൂടുതൽ ശക്തിപ്പെടുത്താനുള്ള ആഹ്വാനത്തോടെയാണ് ഉപവാസ സമരം അവസാനിച്ചത്. ■

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.